Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 വൃശ്ചികം 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ഡിസംബർ 6 | ലക്കം 16

## ആ വെള്ളിനക്ഷത്രങ്ങൾ

(ജയിംസ്, കെ. സി., മണിമല)

സുഖജീവിതത്തിലേക്കു ചിറകുകെട്ടിപ്പായുന്ന നരചേതന ഒട്ടുവളരെ പ്രകൃതിശക്തികളെ നിയന്ത്രിച്ചു കഴിഞ്ഞു. ആഴിയുടെ അടിത്തട്ടിലും ആകാശമണ്ഡലത്തിന്റെ അമേയവിശാലതയിലും കടന്നുചെല്ലുവാൻ മനുഷ്യബുദ്ധിക്കു സാധിച്ചിട്ടുണ്ടു്. ആലക്തികശക്തിയെ പിടിച്ചടക്കി മനുഷ്യൻ എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കൃത്രിമമായി മഴ പെയ്യിക്കുവാനും മേഘമാലകൾക്കപ്പുറത്തു പട്ടണം നിർമ്മിക്കുവാനും ഉദ്യമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പ്രതിയോഗികളെ തകർത്തു പൊടിക്കുവാൻ അമോഘങ്ങളായ ആയുധപരമ്പരകൾ അനുദിനം നിർമ്മിച്ചുകൂട്ടുന്നുണ്ടു്. മനോഹരങ്ങളായ മണിമണ്ഡപങ്ങൾ, കരൾകവരുന്ന കമനീയോദ്യാനങ്ങൾ, കണ്ണഞ്ചിക്കുന്ന കനകാഭരണങ്ങൾ, വെട്ടിത്തിളങ്ങുന്ന പട്ടുടയാടകൾ എന്നിങ്ങനെയുള്ള പരിഷ്കാരശൃംഖലകൾ എന്തിനുവേണ്ടി നിലകൊള്ളുന്നു? ഉത്തരം വളരെ എളുപ്പത്തിൽ കണ്ടുപിടിക്കാം: സുഖത്തിനുവേണ്ടി.



മരിയഗൊരേത്തിയെ വിശുദ്ധയായി പ്രഖ്യാപിച്ചശേഷം പുണ്യവതിയുടെ മാതാവും സഹോദരന്മാരും മററു ബന്ധുക്കളും മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. മാർപ്പാപ്പാതിരുമേനിയുടെ വലത്തുവശത്തു് ഇരിക്കുന്നതാണു് പുണ്യവതിയുടെ മാതാവു്.

"സുഖം, സുഖം", അതു ജീവിതത്തിന്റെ മധുരഗാനങ്ങളിൽ മായാതെ നിഴലിച്ചുനില്ക്കുന്ന മാത്രകളാണു്. എത്ര യേറെ അതു നീട്ടിപ്പാടാമോ അത്രയുമധികം മനുഷ്യസമുദായം അതിനുവേണ്ടി വെമ്പൽ കൊള്ളുകയാണു്. ജീവിതസുഖത്തിന്റെ പാരമ്യത്തിലെത്തിച്ചേർന്നുവെന്നു നാം വിചാരിക്കുന്നവരാരും അതിൽത്തന്നെ സംതൃപ്തരല്ല.

"അവനീശത വേണമാഢ്യനുർവ്വീ-
ധവനാശിപ്പതു ചക്രവർത്തിയാകാൻ
അവനോ ഭുവനാധിപത്യലുബ്ധൻ
ശിവനെ മർത്ത്യനു തൃഷ്ണ തീരലുണ്ടോ?"

എന്നു മനുഷ്യന്റെ അചംഭാവമില്ലാത്ത സുഖതൃഷ്ണയെപ്പററി മഹാകവി പാടിയിരിക്കുന്നതു് എത്ര അന്വർത്ഥമാണു്.

ജീവിതലക്ഷ്യം സുഖമാണെന്നു പറയുന്നതിൽ ആർക്കും എതിരില്ല. അതു കൈയടക്കുവാൻ ഓരോ വ്യക്തിയും അനവരതം യത്നിക്കേണ്ടതുമാണു്. പക്ഷെ ഈ സുഖത്തിന്റെ മാനദണ്ഡങ്ങളിലാണു് ജനതാമദ്ധ്യത്തിൽ ചില ചേരിതിരിവുണ്ടാകുന്നതു്.

ഐഹിക സുഖസമൃദ്ധിയുടെ അഗ്രിമപദവിയിൽ നിലകൊണ്ട ഒരു ധനികയുവാവു് ഒരിക്കൽ ക്രിസ്തുനാഥനോടു ചോദിച്ചു: "ഗുരോ, നിത്യസുഖം നേടുവാൻ ഞാൻ എന്തു ചെയ്യണം" എന്നു്. "പ്രമാണങ്ങൾ അനുസരിക്കുക; എന്നാൽ നീ പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കുകൊടുത്തിട്ടു നീ ക്ലേശങ്ങളുടെ കുരിശുമേന്തി എന്നെ അനുഗമിക്കുക." ആ മറുപടി അയാളുടെ അന്തരംഗത്തിൽ ഒരു ഇടിവാൾ കടത്തിയിരിക്കണം. തന്റെ വസ്തുവകകളും വിവിധ വിഭവസമ്പത്തും എല്ലാം പരിത്യജിച്ചു് ഒരു "തെരുവുതെണ്ടി"യായി ഇറങ്ങണംപോലും. പണപ്പെരുപ്പത്തിന്റെ ഉന്നതശൃംഗത്തിൽനിന്നു പട്ടിണിയുടെ പാഴ്ക്കുഴിയിലേക്കധഃപതിക്കണം. സമൃദ്ധിയുടെ 'പൊന്നലക്കാവി'ൽനിന്നു ശൂന്യതയുടെ ശാദ്വലപ്രദേശത്തേക്കു അയാൾ ഭാരമേറിയജീവിതം ചുമടുമായി നീങ്ങണം. എന്തിനു? "പരിപൂർണ്ണത പ്രാപിക്കുവാൻ." ...സുവിശേഷത്തിൽ പിന്നെ ഒരിടത്തും ഈ യുവാവിനെപ്പററി ഒന്നും പ്രസ്താവിച്ചിട്ടില്ല.

ഈ സുഖാരാധകന്റെ അനുഗാമികൾ ഇന്നു ലോകത്തിൽ വിരളമല്ല; എന്നല്ല അക്കൂട്ടരാണു് അധികപങ്കും. ജീവിതത്തിന്റെ "താളത്തിനൊപ്പിച്ചു തുള്ളുന്ന" ഒരു സ്വർഗ്ഗരാജ്യമുണ്ടെങ്കിൽ അങ്ങോട്ടു പോയേക്കാം. അല്ലാതെ അതിനുവേണ്ടി ഐഹികസുഖങ്ങൾ ബലികഴിക്കണമെന്നു പറയുന്നതു അവർ സമ്മതിക്കുവാൻ തയ്യാറില്ല. "നിരുത്തു നിന്റെ സമയം തീർന്നു" എന്നു പറഞ്ഞുകൊണ്ടു ജീവിതത്തിന്റെ മുഖം മൂടുവാൻ കറുത്തയവനികയുമായി വന്നുനില്ക്കുന്ന മരണത്തോടുതന്നെ അവർ പറയും;

"മരണമേ! തവശൂന്യതമസ്സിനെ
ശരണമാക്കുവതെങ്ങിനെയാണഹോ
കിരണമാലിയൊഴുക്കിയ തങ്കനീർ
തിരളുമീയുലകത്തെവെടിഞ്ഞു ഞാൻ!"

ശരിയാണു്; ലോകം എത്ര ആകർഷകമാണു്; ആനന്ദഭരിതമാണു്. എന്നാലും ഹൃദയതന്തുക്കൾ കോർത്തുമുറുക്കിയിട്ടുള്ള എത്ര സ്നേഹബന്ധങ്ങൾ നിർദ്ദയനായ മരണം തകർക്കുന്നില്ല. കരച്ചിലിൽ കരളുരുകാത്ത ആ ഭീകരകാഠിന്യത്തിന്റെ മുമ്പിൽ തകർന്നുവീഴുന്ന സൗന്ദര്യപുഞ്ജങ്ങളെ ലോകം എത്ര കണ്ടതല്ല? പക്ഷെ ഇതൊക്കെ ചിന്തിച്ചു ജീവിതസുഖങ്ങളെ ബലികഴിക്കുവാൻ സന്നദ്ധതയുണ്ടോ എന്നു ചോദിച്ചാൽ നിഷേധാർത്ഥത്തിലായിരിക്കും ഉത്തരങ്ങളധികവും.

ഈയിടെ ഒരു ഹൈന്ദവസുഹൃത്തു് ഈ ലേഖകനോടു പറയുകയുണ്ടായി: "കത്തോലിക്കരുടെ സാമൂഹ്യവ്യവസ്ഥിതിയെപ്പററി എനിക്കു ബഹുമാനമുണ്ടു്. പക്ഷെ നൈസർഗ്ഗികമായ വികാരങ്ങളെ ബലാല്ക്കാരമായി നിയന്ത്രിച്ചുകൊണ്ടു് പെൺകുട്ടികളെ കന്യാലയത്തിന്റെ ഇരുളടഞ്ഞ ഭിത്തികൾക്കുള്ളിൽ ബന്ധിച്ചിരിക്കുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല." എനിക്കു അദ്ദേഹത്തോടു് ഈ വിഷയത്തെപ്പററി ദീർഘമായി സംസാരിക്കുവാൻ അപ്പോൾ അവസരമുണ്ടായിരുന്നില്ല. അടുത്തദിവസം മരിയാഗൊരേററിയുടെ ജീവചരിത്രത്തിന്റെ ഒരു കോപ്പി ഞാൻ അദ്ദേഹത്തിനു കൊടുത്തയച്ചു. പിന്നെ ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "അവൾ തീർച്ചയായും ഒരസാധാരണ ബാലികയാണു്"

കന്യാവ്രതത്തേയും വിരക്തജീവിതത്തേയും പററി പലരും സൂക്ഷിക്കുന്ന ഒരു ധാരണപ്പിശകാണിതു്. മററാരുടെയോ ബലമായ നിയന്ത്രണശക്തിക്കടിപ്പെട്ടാണു് കന്യാസ്ത്രീകൾ അവരുടെ ജീവിതചര്യ തെരഞ്ഞെടുക്കുന്നതെന്നു്. ഇതിനു കാരണം കത്തോലിക്കരുടെ കന്യാലയങ്ങളെപ്പററിയുള്ള അജ്ഞതയല്ലാതെ മറെറാന്നുമല്ല.

ഒരിക്കൽ അമേരിക്കയിലുള്ള ഒരു കന്യകയെ അവളുടെ ഒരു വിദ്യാലയസുഹൃത്തു് മഠത്തിൽ ചെന്നു സന്ദർശിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം അയാൾ ചോദിച്ചു "സഹോദരീ, മഠത്തിൽചേർന്നതു മൗഢ്യമാണെന്നു നിങ്ങൾ ഇപ്പോൾ വിചാരിക്കുന്നില്ലേ?"

"ഇല്ല, ഇതു് ഏററവും ബുദ്ധിപൂർവ്വകമായ ഒരു പ്രവൃത്തിയായതുകൊണ്ടുതന്നെയാണു ഞാൻ ഈ ജീവിതചര്യ സ്വീകരിച്ചതു്." അവൾ നിസ്സങ്കോചം, ഉത്തരം നല്കി.

"ആകട്ടെ," പട്ടണത്തിലെ ശില്പകലാസൗന്ദര്യം തികഞ്ഞ ഒരു മണിമന്ദിരം ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ തുടർന്നു: "ആ ഭവനവും അവിടെ സകലവിധ സുഖസൗകര്യങ്ങളും സഹോദരിക്കുണ്ടെന്നു വിചാരിക്കുക. ആ മനോഹരോദ്യാനത്തിൽ കൂട്ടുകാരുമായി സല്ലപിച്ചുകൊണ്ടു ഒരോമനപ്പൈങ്കിളിയെപ്പോലെ സായാഹ്നമാരുതനേററുല്ലസിക്കാം. കൃത്യശ്രദ്ധരായ പരിചാരകവൃന്ദവും, ഭവതിയെ അകമഴിഞ്ഞാരാധിക്കുവാൻ ഒരു പ്രേമസമ്പന്നനുമുണ്ടെങ്കിൽ തീർച്ചയായും ആ ഭവനത്തെ പരിത്യജിക്കുമായിരുന്നോ?"

"നില്ക്കൂ, സഹോദരാ. നിങ്ങൾ ചൂണ്ടിക്കാണിച്ചതു് എന്റെ വീടാണു്. അവിടത്തെ ജീവിതസൗകര്യങ്ങൾ നിങ്ങൾ എത്ര ഹൃദയസ്പൃക്കായി വർണ്ണിച്ചാലും എന്റെ അനുഭവത്തോടടുത്തുവരികയില്ല." അവൾ സ്നേഹിതന്റെ വാദഗതി പാടേ തിരിച്ചടിച്ചു.

ഹൃദയത്തിന്റെ പ്രശ്നങ്ങളാണു ജീവിതത്തിന്റെ വില നിർണ്ണയിക്കുന്നതെ

ന്നു വ്യാമോഹിക്കുന്നവർ ഇതും ഇതിനപ്പുറവും ചോദിച്ചുപോകും. പക്ഷെ അമൂല്യമായ ആത്മാവിനോടു തുലനംചെയ്യുമ്പോൾ ഹൃദയത്തിന്റെ പ്രശ്നങ്ങൾ എത്ര നിസ്സാരങ്ങളല്ല; അതുകൊണ്ടല്ലെ ദിവ്യനാഥൻ ചോദിക്കുന്നതു് "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തു ഫലം?" എന്നു്. ആയിരമായിരം ലോകായതികന്മാരെ മുക്തിമാർഗ്ഗത്തിലേക്കു തിരിച്ചുവിടുന്ന ആ ദിവ്യസൂക്തങ്ങൾ ഏററുപാടുന്നവർ ആ അമരരക്ഷയ്ക്കുവേണ്ടി എന്തുതന്നെ പരിത്യജിക്കുകയില്ല?

നമ്മുടെ കന്യാലയങ്ങളിലെ ആവൃതികളിൽ അടങ്ങിയൊതുങ്ങികഴിഞ്ഞുകൂടുന്ന സോദരിമാർ ആർഭാടബഹുലമായ ബാഹ്യലോകത്തിൽനിന്നാണു് അങ്ങോട്ടു നീങ്ങിയിട്ടുള്ളതു്. പരിഷ്കാരത്തിന്റെ തേട്ടങ്ങളും, സുഖലോലുപത്വത്തിന്റെ നേട്ടങ്ങളും അവർക്കു ചുററും കൊടികുത്തിപ്പാഞ്ഞുകൊണ്ടിരിക്കുന്നു. അസ്ഥിയും രക്തവും മാംസവും മജ്ജയുമുള്ള ഓരോ ശരീരം അവർക്കുമുണ്ടു്. മനുഷ്യസഹജമായ മാനസികവ്യാപാരങ്ങളിലും വികാരപരമ്പരകളിലും അവർ വ്യത്യസ്തരല്ല. പ്രലോഭനഹേതുകമായ ലോകജീവിതത്തിലെ നാഴികക്കല്ലുകൾ ഒട്ടേറെ അവർ പിന്നിട്ടവരാണു്. പിന്നെ എന്തിനായിട്ടവർ ഈ "ഇരുളടഞ്ഞ" ഏകാന്തതയിലേക്കു വലിഞ്ഞൊതുങ്ങി? മൃണാളകോമളങ്ങളായ ശരീരവല്ലികളെ എന്തിനു നെടുംകുപ്പായത്തിനുള്ളിൽ ഒളിച്ചുകളയുന്നു? ലോകസുഖഭോഗാദികൾക്കു് എന്തിനിത്ര നിഷ്കൃഷ്ടമായ അതിർത്തിരേഖകൾ വരയ്ക്കുന്നു?

ഈ പ്രശ്നങ്ങൾക്കു് ഒററവാചകത്തിൽ ഉത്തരം നല്കാം. അടങ്ങാത്ത ആത്മദാഹം! അതേ, ശാരീരികതൃഷ്ണകൾക്കും, ഹൃദയത്തിന്റെ പ്രശ്നങ്ങൾക്കും അപ്പുറമാണു് ആത്മാവിന്റെ ദാഹം. അതു ശമിപ്പിക്കുവാൻ "ആത്മനാഥ"നല്ലാതെ മററാർക്കും സാദ്ധ്യമല്ലതന്നെ.

ഉണ്ണാനും ഉടുക്കാനും ഉറങ്ങാനും സൗകര്യങ്ങളുള്ളപക്ഷം ശരീരത്തിനു തൃപ്തിയായെന്നു വിചാരിക്കാം. പക്ഷെ അതുകൊണ്ടു മനുഷ്യന്റെ വ്യക്തിത്വം ഒട്ടുംതന്നെ സംതൃപ്തമാകുന്നില്ല. ഹിതൈഷിയായ ഒരു ജീവിതസഖിയെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ ഹൃദയത്തിന്റെ പ്രശ്നവും പരിഹൃതമായെന്നു കവികൾ പ്രഘോഷിക്കുന്നു. പക്ഷെ ഇവിടെയും മനുഷ്യന്റെ വ്യക്തിത്വം തൃപ്തിയടയുന്നില്ല. ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ ഘടകങ്ങളുടെ സമാഹരണമാണു വ്യക്തിത്വം. അതുകൊണ്ടു് ആദ്ധ്യാത്മികമായ ഒരഭിനിവേശം മനുഷ്യന്റെ അന്തരംഗത്തെ പുളകമണിയിക്കുന്നുണ്ടു്. അതിന്റെ പൂർത്തീകരണത്തിനായി അവൻ ശാരീരികവും മാനസികവുമായ താല്പര്യങ്ങളെ ചവിട്ടിത്തള്ളി അപ്പുറത്തേക്കു കടക്കുന്നതിൽ അത്ഭുതപ്പെടാനെന്തുള്ളു.

ഹൃദയത്തിന്റെ ഭാഗ്യസിദ്ധികൾക്കു് അടക്കുവാൻ സാധിക്കാത്ത ആത്മദാഹമാണു കമനീമണികളെ കന്യാലയങ്ങളിലേക്കാകർഷിക്കുന്നതു്. ആരുടെയും നിർബന്ധപൂർവ്വമായ പ്രേരണയോ, നിരങ്കുശമായ നിയന്ത്രണമോ ഒന്നും അവരെ ഈ ജീവിതസരണിയിലേക്കു തള്ളിവിടുന്നില്ല. അന്തഃകരണത്തിന്റെ പ്രചോദനം മാത്രമേ ജീവിതസ്ഥിതി തെരഞ്ഞെടുക്കുന്നതിനു അവർക്കാധാരമായിട്ടുള്ളു.

ഒരു കോൺവന്റിന്റെ ഭിത്തികൾക്കുള്ളിൽ അടയ്ക്കപ്പെടാതെതന്നെ എത്ര എത്ര കന്യാമണികൾ ലോകചരിത്രത്തിനു മാററുകൂട്ടുന്നില്ല? ഹൃദയത്തിന്റെ പ്രശ്നങ്ങളാണു വികാരതരളയായ ഒരു ബാലികയുടെ അനുപേക്ഷണീയതാല്പര്യങ്ങളെന്നു പെരുമ്പറയടിക്കുന്ന യുവലോകത്തെ വെല്ലുവിളിച്ചുകൊണ്ടു്, തങ്ങളുടെ ചുടുനിണകണങ്ങളാൽ ചരിത്രത്തിനു മുദ്രവയ്ക്കുകയും, ചാരിത്രത്തിനു ദീപ്തിയേററുകയും ചെയ്ത മഹിളാമണികളുടെ പാദമുദ്രകൾ നൂററാണ്ടുകൾക്കപ്പുറമുള്ള കാലത്തിന്റെ വിശാലവീഥികളിൽ പതിഞ്ഞുകിടപ്പുണ്ടു്. വിശുദ്ധരായ ഫിലോമിനാ, ആഗ്നസു്, അനസ്താസിയാ, അകപിലീനാ, ബർബെരാ, അഗാത്ത, ബ്രിജീത്താ, ജൂലിയാ, ക്രിസ്റ്റീനാ, ബിബിയാനാ, എന്നിങ്ങനെ നീണ്ടുനീണ്ടുപോകുന്ന ആ പട്ടിക മരിയാഗൊരേററിയുടെ മധുരനാമത്തിലേക്കുവന്നെത്തുന്നു. ജഡമോഹത്തിന്റെ വികൃതവിലാസങ്ങൾ അരങ്ങേററം നടത്തുന്ന ഈ ഇരുപതാംനൂററാണ്ടിന്റെ ആരംഭത്തിൽ തന്റെ ചെഞ്ചോരകൊണ്ടു ചാരിത്രത്തിനു വർണ്ണദ്യുതി ചാർത്തിയ ആ വീരബാലികയുടെ ആത്മദാഹത്തെ ആരുതന്നെ മാനിക്കയില്ല?

അംബരമണ്ഡലത്തിൽ കണ്ണു ചിമ്മാതെ ലാലസിക്കുന്ന ആ വെള്ളിനക്ഷത്രങ്ങൾ കാമാന്ധതയുടെ ഇരുൾക്കോട്ടകളിൽ വിരണ്ടുഴറുന്ന യുവജനങ്ങൾക്കു പ്രകാശക്കതിരുകൾ ചൊരിയുകയാണു്. പരിഷ്കാരപ്പെടപ്പുകളിലൂടെ ഭ്രാന്തുപിടിച്ചോടുന്ന സഹോദരിമാർ ആ ദിവ്യവെളിച്ചം കണ്ടിരുന്നെങ്കിൽ! ... ...

---

## ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# അന്നാസ്

(ഫാദർ എസ്. തേർമഠം എം.ഒ. എൽ.)

മനുഷ്യവർഗ്ഗത്തിന്മേൽ പററിപ്പിടിച്ചിരുന്ന പാപത്തിന്റെ കറ കഴുകിക്കളയുവാൻ ക്രിസ്തു അവിടുത്തെ അവസാനത്തുള്ളിരക്തം വരെ വാററിയൊഴിക്കേണ്ടിവന്നു. ചരിത്രത്തിന്റെ പഴയ ഏടുകൾ മറിച്ചുനോക്കിയാൽ കാണാം പല ദാരുണസംഭവങ്ങൾക്കും ലോകം ദൃക്സാക്ഷിയായിട്ടുണ്ടെന്നു്. എന്നാൽ ക്രിസ്തുവിന്റെ മരണത്തോളം ദുരന്തമായ ഒരു സംഭവം ലോകം ദർശിച്ചിട്ടുണ്ടായിരിക്കയില്ല. അതിന്റെ സൂത്രധാരൻ ആരംഭത്തിൽതന്നെ രംഗത്തുനിന്നു എന്നെന്നേക്കുമായി തിരോഭവിച്ചുവെങ്കിലും, അതിനെ കൂടുതൽ വേദനാജനകമാക്കുന്നതിനു പലരും പലവിധത്തിൽ അവരുടെ കഴിവുകൾ യഥാശക്തി ഉപയോഗിച്ചിട്ടുണ്ടു്. ഇതിൽനിന്നു് മരിക്കുവാൻ അവിടുന്നു സന്നദ്ധനല്ലാതിരുന്നുവെന്നോ, ശത്രുക്കളുടെ കുതന്ത്രങ്ങൾകൊണ്ടു മാത്രമാണു് അവിടുന്നു കഴുമരത്തിന്മേൽ കയറേണ്ടിവന്നതെന്നോ തെളിയുന്നില്ല. അപകടപൂർണ്ണമായ ഏതു സന്ദർഭങ്ങളേയും അവിടുത്തേക്കു് ഇഷ്ടമുണ്ടായിരുന്നുവെങ്കിൽ, അനായാസേന തരണംചെയ്യുവാൻ സാധിക്കുമായിരുന്നു. ആളിക്കത്തുന്ന കോപാഗ്നിയിൽ വലിച്ചിട്ടു് ദഹിപ്പിച്ചുകളയുവാൻ ശത്രുക്കൾ ശ്രമിച്ച സന്ദർഭങ്ങളിലെല്ലാം അവിടുന്നവരെ നിശ്ശേഷം തോല്പിച്ചുകളഞ്ഞിട്ടുണ്ടു്. ആ അവസരങ്ങളിലെല്ലാം ഇളിഭ്യരായി നോക്കിനില്ക്കുകയല്ലാതെ മറെറാന്നിനും അവർക്കു സാധിച്ചില്ല. ഗാഗുൽത്താമലയുടെ മുകളിൽ—ആ ഉയർന്ന ബലിപീഠത്തിന്മേൽ—സ്വന്തം ജീവനെ ലോകത്തിന്റെ പാപപരിഹാരാർത്ഥം ബലിയിടണമെന്നു് അവിടുന്നു അനാദിതൊട്ടുതന്നെ നിശ്ചയിച്ചിട്ടുള്ളതാണു്. മതാനുശാസനത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടു തന്നെയാണു് അവിടുന്നു് ആ മഹായജ്ഞം നിറവേററിയതു്. ലോകരക്ഷയ്ക്കുവേണ്ടി മരിച്ചേമതിയാവു എന്നു് അവിടുത്തെ മുൻനിശ്ചയത്തെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശത്രുക്കളെ വെറും ഉപകരണങ്ങളായി അവിടുന്നു സ്വീകരിച്ചുവെന്നേയുള്ളു. എന്നാൽ മനുഷ്യന്റെ ജന്മാവകാശമായ സ്വാതന്ത്ര്യത്തെ അവിടുന്നു് അവരിൽനിന്നു് എടുത്തുകളഞ്ഞിരുന്നില്ല. അവരതിനെ വ്യഭിചരിച്ചുവെന്നുമാത്രം. തന്മൂലം മാനുഷികമാനദണ്ഡം വച്ചുനോക്കുമ്പോൾ യൂദാസിന്റെ ദ്രവ്യാഗ്രഹം, പ്രധാനാചാര്യന്മാരുടെ അസൂയ, പീലാത്തോസിന്റെ ഭീരുത്വം, എന്നിവയാണു് ക്രിസ്തുവിന്റെ മരണത്തിന്റെ താല്ക്കാലിക കാരണങ്ങളെന്നു കാണാവുന്നതാണു്. എന്നാൽ അവയോരോന്നും അന്നാസിന്റെ വിദ്വേഷാഗ്നിയിൽ പഴുപ്പിച്ചു് പാകമാക്കിയ ആയുധങ്ങൾ മാത്രമാകുന്നു. ക്രിസ്തുവിനെതിരായി നിന്നിരുന്നവരെയെല്ലാം പുതിയ വിദ്വേഷം കുത്തിവച്ചു് പ്രവൃത്ത്യുന്മുഖരാക്കി മുന്നോട്ടു തള്ളിവിട്ടതു് കൗശലക്കാരനായ അന്നാസ് ഒരുവൻ മാത്രമാണു്. അദ്ദേഹത്തിന്റെ കുടിലമായ ഗൂഢാലോചനയുടെ ആഴം കാണുവാൻ അന്നാക്കുംതന്നെ സാധിച്ചിരുന്നില്ല.

ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തനങ്ങളോരോന്നും അവിടുത്തെ പുകൾപ്പെരുപ്പിന്മേൽ വെള്ള പൂശുവാൻ തുടങ്ങിയപ്പോൾ അന്നാസിന്റെ ഹൃദയം വിദ്വേഷംകൊണ്ടു് നീറുകയായിരുന്നു. വിഷം പുരട്ടിയ പല അസ്ത്രങ്ങളും അന്നാസ് ക്രിസ്തുവിന്റെ നേരെ തൊടുത്തുവിട്ടു. പക്ഷെ അവയെല്ലാം ഒടിഞ്ഞു താഴെ വീണതല്ലാതെ യാതൊന്നും ക്രിസ്തുവിന്റെ ദേഹത്തിലേല്പിക്കുവാൻ അവയ്ക്കു കഴിഞ്ഞില്ല. തടിച്ചു കൊഴുത്ത തന്റെ ദുഷ്പ്രഭുത്വം ഒന്നു കണ്ണുരുട്ടിയാൽ ക്രിസ്തു വന്നു കാലുപിടിക്കുമെന്നാണു് ആ നാരകീയ തന്ത്രശാലി കരുതിയതു്. ദൈവികശക്തിയുടെ മുമ്പിൽ മാനുഷികശക്തിക്കു തലയുയർത്തി നില്ക്കുവാൻ കഴിയുകയില്ലെന്നു് ആ ജളപ്രഭു മനസ്സിലാക്കാത്തതിൽ അതിശയിപ്പാനില്ല.

സെദൂച്ചിയൻ വംശത്തിലാണു് അന്നാസിന്റെ ജനനം. അന്നു യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്ന പ്രധാനാചാര്യസംഘത്തിലെ ഒരു അംഗമായിരുന്നു അന്നാസ്. വളരെ കൊല്ലങ്ങളോളം അദ്ദേഹം യഹൂദന്മാരുടെ പ്രധാനാചാര്യനായിരുന്നു. അന്നാസിനുണ്ടായിരുന്ന അസാധാരണമായ സ്വാധീനശക്തിക്കു് അദ്ദേഹത്തിന്റെ അഞ്ചുപുത്രന്മാരെ തുടർച്ചയായി പ്രധാനാചാര്യസ്ഥാനത്തിരുത്തുവാൻ സാധിച്ചു. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവായ കയ്യാഫാസായിരുന്നു അന്നു് ആചാര്യശ്രേഷ്ഠനായി ഭരണം നടത്തിയിരുന്നതു്. തന്റെ അമ്മാനപ്പൻ കൊട്ടുന്ന താളത്തിനൊപ്പം ആടുവാൻ കയ്യാഫാസ് സദാ സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ അധികാരപ്രമത്തതമൂലം ജനങ്ങൾ വീർപ്പുമുട്ടിയിരുന്നുവെങ്കിലും അന്നാസിന്റെ പ്രാബല്യത്തിന്റെ കീഴിൽ ഒതുങ്ങികഴിയുകയല്ലാതെ ഒരക്ഷരംപോലും മറുത്തുപറയുവാൻ അവരാരും ധൈര്യപ്പെട്ടില്ല. പ്രധാനാചാര്യവംശത്തിന്റെ കാരണവസ്ഥാനം അന്നാസിനുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ആരുംതന്നെ അവഗണിച്ചിരുന്നില്ല. അതുകൊണ്ടാണു് ക്രിസ്തുവിന്റെ മരണസമയത്തു് അന്നാസിനു് ഇത്രയും പ്രാബല്യം സിദ്ധിച്ചിരുന്നതു്. യഹൂദമതത്തിന്റെ ഭരണചക്രം യഥാർത്ഥത്തിൽ തിരിച്ചിരുന്നതു് അന്നാസായിരുന്നതിനാൽ അവിടെ സംഭവിച്ചിരുന്ന അതിനിസ്സാരകാര്യങ്ങൾപോലും അദ്ദേഹത്തിന്റെ കരങ്ങളിൽനിന്നും ചോർന്നുപോയിരുന്നില്ല.

ഭരണാധിപത്യം അന്നാസിന്റെ മുഷ്ടിക്കുള്ളിൽ ഒതുങ്ങിനിന്നിരുന്നുവെങ്കിലും മതപരമായ കാര്യങ്ങളിൽ അദ്ദേഹത്തിനു തെല്ലും ശ്രദ്ധയുണ്ടായിരുന്നില്ല. പണത്തിനും പദവിക്കും വേണ്ടിയുള്ള ഒരുപകരണം മാത്രമായിട്ടാണു് അദ്ദേഹം മതത്തെ കരുതിയിരുന്നതു്. സ്വാർത്ഥത്തിന്റെ അന്ധമായ പോക്കനുസരിച്ചു്, മതതത്വങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിനു് അന്നാസ് തെല്ലും മടിച്ചിരുന്നില്ല. ആത്മാവിന്റെ അമരത്വം, ദൈവദൂതന്മാരുടെ അസ്തിക്യം, ദൈവത്തിന്റെ അനന്തപരിപാലനം തുടങ്ങിയ തത്വങ്ങളൊന്നും അന്നാസിന്റെ വിശ്വാസസംഹിതയിൽ ഉൾക്കൊണ്ടവയല്ലായിരുന്നു. തൻകാര്യം നേടുവാൻവേണ്ടി ഈവക വിഷയങ്ങളെപ്പററി എത്ര സമയം വേണമെങ്കിലും അന്നാസ് ആവേശത്തോടെ പ്രസംഗിക്കും. വളരെ വാചാലതയോടുകൂടി നടത്തിയിരുന്ന അത്തരം പ്രസംഗങ്ങൾ കേട്ടു് അന്നാസിന്റെ പാണ്ഡിത്യത്തെപ്പററി അതിശയിച്ചതല്ലാതെ ആ വിഷയങ്ങളിൽ അദ്ദേഹം എത്രകണ്ടു് വിശ്വസിക്കുന്നുണ്ടെന്നു് പരിശോധിക്കുവാൻ ആരുംതന്നെ തുനിഞ്ഞില്ല. അല്ലെങ്കിൽ യഹോവായുടെ സാക്ഷാൽ "പ്രതിപുരുഷ"നോടു് ചോദ്യം ചെയ്യുവാൻ ആർക്കാണു് അധികാരമുള്ളതു്? മതത്തിന്റെ ബാഹ്യാനുഷ്ഠാനങ്ങളിൽ അന്നാസു ചെലുത്തിയിരുന്ന അതീവശുഷ്കാന്തി മററുള്ളവരുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ ഒരു തികഞ്ഞ ഭക്തനാക്കിയുയർത്തി. മോശയുടെ മതാനുഷ്ഠാനങ്ങളിൽ ഏതിനെയെങ്കിലും സ്വല്പമായി ലംഘിച്ചിരുന്ന പാവങ്ങളുടെമേൽ ചാടിവീണു് അവരെ കഠിനമായി ശിക്ഷിച്ചു് അന്നാസ് യഹോവായോടുള്ള തന്റെ ഭക്തിയെ പ്രദർശിപ്പിച്ചിരുന്നു. എന്നാൽ ഗൗരവതരമായ പ്രമാണങ്ങളെപ്പോഴും അവഗണിച്ചാണു് അന്നാസ് ജീവിച്ചിരുന്നതെന്ന പരമാർത്ഥം ദൈവമല്ലാതെ ആരുംതന്നെ അറിഞ്ഞിരുന്നില്ല. ഏതു മാർഗ്ഗത്തിൽ കൂടിയായാലും തന്റെ പണക്കിഴി യഥേഷ്ടം വീർപ്പിച്ചു് ജീവിതസുഖത്തിന്റെ പൂന്തേൻ ആവോളം കോരിക്കുടിക്കുകയെന്നതിൽ കവിഞ്ഞൊരു ജീവിതലക്ഷ്യം അന്നാസിനുണ്ടായിരുന്നുവോ എന്നു സംശയമാണു്. ജീവിതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു വിചിത്രമായ ഒരു തത്വശാസ്ത്രമുണ്ടായിരുന്നു. അതിനെ ഏതാണ്ടിങ്ങനെ സംക്ഷേപിക്കാം: "ഭക്ഷിക്കുക; പാനം ചെയ്യുക; ആനന്ദിക്കുക; നാളെ നാം മരണമടഞ്ഞേക്കാം." പോരെ? യഹോവായുടെ യഥാർത്ഥപ്രതിപുരുഷനു ഇതിലപ്പുറം എന്തുവേണം? മരണാനന്തരജീവിതത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം വല്ലവരും ആരാഞ്ഞാൽ അദ്ദേഹം ഇപ്രകാരം മറുപടി പറയും: "നരകമോക്ഷങ്ങളെല്ലാം ഭക്തിഭ്രാന്തന്മാരുടെ ഒരുതരം സങ്കല്പസൃഷ്ടികളാണു്; അങ്ങനെ ഒന്നുണ്ടോ? ഉണ്ടെങ്കിൽതന്നെ അതിനെപ്പററി ചിന്തിച്ചു് കൈയിൽ കിട്ടിയ സുഖാനുഭവങ്ങളുടെ സ്വാദു് കുറയ്ക്കുന്നതു് വിഡ്ഢിത്തമാണു്."

തനിക്കും തന്റെ അനുചരന്മാർക്കും ചില സ്ഥാനമാനങ്ങളും പ്രത്യേകാധികാരങ്ങളും ലഭിച്ചു, മററുള്ളവരുടെ ഭയഭക്തിബഹുമാനങ്ങൾ സ്വീകരിച്ചു് ആനന്ദസമേതം വാഴുവാനുള്ള ഒരു സ്ഥാപനമായിട്ടാണു് അദ്ദേഹം മതത്തെ കരുതിയിരുന്നതു്. അദ്ദേഹത്തിന്റെ സർവ്വാധിപത്യത്തെ കടപുഴക്കുവാൻ പരിശ്രമിക്കുന്നവരെ, അതിന്റെ നിലനില്പിനു വിലങ്ങടിച്ചുനില്ക്കുന്നവരെ, നിർദ്ദയം വധിച്ചുകളയുവാൻ അദ്ദേഹം ഒരുക്കമാണു്. അന്നാസിന്റെ "തൃക്കൈയിൽ" അകപ്പെട്ടുകഴിഞ്ഞാൽ അവന്റെ ജീവിതത്തിന്റെ ഭരതവാക്യം ചൊല്ലാറായെന്നു തീർച്ചയാക്കാം. കടിച്ചുകീറുന്ന ചെന്നായുടെ വായിൽനിന്നു് ഒരുവൻ ഒരു പക്ഷെ രക്ഷപ്പെട്ടുവെന്നുവരാം. എന്നാൽ അന്നാസിനെതിരായി കരമുയർത്തിയവൻ വീണ്ടും ജീവിച്ചതായി കേൾക്കുകയില്ല. കുററവാളിയുടെ ദീനരോദനങ്ങളോ, ദുസ്സഹവേദനകൊണ്ടുള്ള പിടച്ചിലോ ആ പുരോഹിതശ്രേഷ്ഠന്റെ "ഭക്തഹൃദയത്തെ" തെല്ലും സ്പർശിക്കയില്ല. തന്നോടു ചെയ്യുന്ന അപരാധം യഹോവായോടു നേരിട്ടുചെയ്യുന്നതായിട്ടാണു് അദ്ദേഹം കരുതുക. അപ്പോൾ യഹോവായുടെ യഥാർത്ഥപ്രതിനിധിക്കു് എങ്ങനെ മാപ്പുകൊടുക്കുവാൻ സാധിക്കും!! ക്രിസ്തുവിന്റെ പ്രസംഗങ്ങളും പ്രവൃത്തികളും തന്റെ പരമാധികാരത്തോടുള്ള ഒരു വെല്ലുവിളിയായിട്ടാണു് അദ്ദേഹം കരുതിയതു്. അതുകൊണ്ടു ക്രിസ്തുവിനെ ഏതെങ്കിലും തരത്തിൽ കഥാവശേഷനാക്കണമെന്നുതന്നെ അദ്ദേഹം തീർച്ചയാക്കി.

ക്രിസ്തുവിന്റെ പ്രസംഗങ്ങൾ വലിയൊരു ജനാവലിയെ സമാകർഷിച്ചു. വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ക്രിസ്തുവാണെന്നു് അവർ തീർച്ചയാക്കി. അവിടുത്തെ അത്ഭുതപ്രവർത്തനങ്ങൾ അവരുടെ വിശ്വാസത്തെ സുസ്ഥിരം ഉറപ്പിച്ചു. അവർ അവിടുത്തെ രാജാവായി അഭിഷേചിക്കുവാൻ വട്ടംകൂട്ടി. സർവ്വരും അന്നാസിന്റെ ചെങ്കോലിനുകീഴിൽ അടിപണിഞ്ഞു നില്ക്കുമ്പോൾ ഒരാശാരിച്ചെക്കൻ തന്റെ സർവ്വാധിപത്യത്തെ പിടിച്ചു കുലുക്കുകയോ? അരിശംകവിഞ്ഞ ആ ധിക്കാരത്തെ ആ പുരോഹിതമേധാവി കണ്ടിരിക്കയോ? അത്രഭോഷനല്ല അന്നാസ്. എന്നാൽ കോപത്തിന്റെ കരിനിഴൽപോലും മുഖത്തു പ്രത്യക്ഷപ്പെട്ടില്ല. പക്ഷെ ക്രിസ്തുവിന്നെതിരായ ഒരു ഗൂഢാലോചനയുടെ അവ്യക്തരൂപം അദ്ദേഹത്തിന്റെ മനസ്സിൽ തൽക്ഷണം നിഴലിച്ചു.

ക്രിസ്തുമൂലം ജനതാമദ്ധ്യത്തിലുണ്ടായിട്ടുള്ള നവോന്മേഷത്തിന്റെ വിദൂരഫലത്തിലേക്കു അന്നാസിന്റെ വൃദ്ധദൃഷ്ടികൾ കടന്നുചെന്നു. ക്രിസ്തുവിന്റെ പുരോഗമനയാത്രയെ തുടർന്നുപോകുവാൻ അനുവദിച്ചാൽ ജനങ്ങൾ കൂട്ടത്തോടെ അവിടുത്തെ അനുഗമിക്കുമെന്നും, അതു റോമൻജനതയുടെ കോപത്തെ ഉദ്ദീപിക്കുമെന്നും, അവർ പ്രതികാരത്തി

(ശേഷം 11-ാം പേജിൽ)

# ക്രിസ്റ്റോഫേഴ്സ്

(ഫാദർ ജോസഫ് മാവുങ്കൽ)

### പ്രത്യേക അടയാളം

ഓരോ ക്രിസ്റ്റോഫറിൻെറയും പ്രത്യേക അടയാളം എല്ലാ മനുഷ്യരോടുമുള്ള സ്നേഹമാകുന്നു. മററുവിധത്തിൽ മാന്യന്മാരാണെങ്കിലും, ഒട്ടുവളരെപ്പേരിൽ വളന്നുവരുന്നതായി കാണുന്ന ആ നിർഭാഗ്യകരമായ ദുശ്ശീലം, ശത്രുതയെ സ്നേഹത്താൽ നേരിടുന്നതിനുപകരം ശത്രുതയെ ശത്രുതയാൽതന്നെ നേരിടുന്ന ആ ഭയാനകമായ മനസ്ഥിതി, തന്നെ ലേശവും ബാധിക്കാതിരിക്കാൻ ഓരോ ക്രിസ്റ്റോഫറും ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തു എല്ലാവക്കുംവേണ്ടി, തന്നെ ക്രൂശിച്ചവക്കുവേണ്ടിക്കൂടിയുമാണ് മരിച്ചതെന്ന സത്യത്തെ നാം ഇന്നലത്തേതിനെക്കാൾ കൂടുതലായി ഇന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ മൗലികസിദ്ധാന്തത്തിന്മേലാണ് ക്രിസ്റ്റോഫർ ചൈതന്യപൂണ്ണമായും നിലകൊള്ളുന്നത്. "നിങ്ങൾക്ക് അന്യോന്യസ്നേഹമുണ്ടെങ്കിൽ, അതുകൊണ്ടു നിങ്ങൾ എൻെറ ശിഷ്യരാകുന്നുവെന്നു എല്ലാവരും അറിയും." സ്വന്തം വ്യക്തിപരമായ ജീവിതത്തിൽ ക്രിസ്തുവിനെ എത്രത്തോളം അവൻ പ്രവേശിപ്പിക്കുന്നുവോ അത്രത്തോളം മററുള്ളവരുടെ ജീവിതത്തിലേക്കും ക്രിസ്തുവിനെ പ്രവേശിപ്പിക്കുവാൻ അവനു കഴിയും.

1) എല്ലാവക്കുംവേണ്ടി പ്രാത്ഥിക്കുവിൻ. എല്ലാവരുടേയും പേരിൽ തനിക്കു സ്നേഹമുണ്ടെന്നു കാണിക്കാനുള്ള ഈ ഉപകരണം ഏതൊരുവനും സ്വാധീനമാണ്.

2) എല്ലാവരുടേയും പക്കൽ പോകുവിൻ. "അവൻ നന്മചെയ്തുകൊണ്ടു ചുററിനടന്നിരുന്നു," എന്നതാണ് ക്രിസ്തുവിനെപ്പററി പറഞ്ഞിട്ടുള്ള ഒരു വലിയ പ്രശംസ. നമ്മൾ എല്ലാവരുമായി പരിചയപ്പെട്ടു, കൂടിച്ചേർന്നു നടക്കണം. ക്രിസ്തുവിനെപ്പററി യാതൊരു അറിവുമില്ലാത്തവരുമായിട്ടാണെങ്കിലും, നാം നമുക്കു സാധിക്കുന്നിടത്തോളം സഹകരിക്കണം.

3) എല്ലാവരേയും പഠിപ്പിക്കുവിൻ. മനുഷ്യർ പിണങ്ങിപ്പോകുന്നതു് ആശയംകൊണ്ടാണ്, സാധനങ്ങൾ കാരണമല്ല. വിപ്ലവപ്രവത്തകന്മാരെ നോക്കുക. അവരെന്താണു ചെയ്യുന്നതു? സൃഷ്ടിപരമായി യാതൊന്നും ചെയ്യാതെ, ഒരു കല്ലിന്മേൽ മറെറാരു കല്ലു കയററിവച്ചുള്ള നിമ്മാണവേലയിൽ സമയം കളയാതെ, ആശയവിതരണവേലയിലത്രെ അവർ കടുകിടവിടാതെ പററിപ്പിടിച്ചുനില്ക്കുന്നതു്. വെറും പച്ചക്കള്ളംതന്നെ പ്രചരിപ്പിച്ചു, ഭൂമുഖത്തുള്ള ലക്ഷങ്ങളുടെ പിൻതുണ അവർ കരസ്ഥമാക്കിയിരിക്കയാണ്. ഒരുവൻെറ ബുദ്ധിശക്തിയെ സ്വാധീനമാക്കിയാൽ, അതോടെ അവൻെറ സമസ്തവും സ്വാധീനമായിപ്പോകുമെന്നു് അവക്കറിയാം. എന്നാൽ ചീത്ത ആശയങ്ങളെ ജയിക്കാനുള്ള ഏററം നല്ല ഉപായം നല്ല ആശയങ്ങളെ തൽസ്ഥാനത്തു വിതയ്ക്കുകയാണ്. അതുകൊണ്ടത്രെ ക്രിസ്തു പറഞ്ഞതു്: "നിങ്ങൾ പോയി എല്ലാവരോടും സുവിശേഷം പ്രസംഗിക്കാൻ". "ലോകത്തിൽ എല്ലായിടത്തേക്കും... എല്ലാ മനുഷ്യരുടേയും അടുക്കലേക്കും പോകുവാൻ" അത്രെ അവിടുന്നു കല്പിക്കുന്നതു്. മററുള്ളവരോടുള്ള സ്നേഹത്താൽ പ്രേരിതനായ അവിടുന്നു "ഞാൻ എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും" എന്നു ഉറപ്പുനല്കിക്കൊണ്ടു് നമ്മോടു പറയുന്നു. "അഗാധത്തിലേക്കു വഞ്ചിയിറക്കുവാൻ."

എല്ലാവരോടും, നമ്മെ വിരോധിക്കുന്നവരോടുപോലും, നമുക്കു വ്യക്തിപരമായ, നേരിട്ടുള്ള സ്നേഹം ആവശ്യമാണ്. വിലപിച്ചതുകൊണ്ടോ കുററംപറഞ്ഞതുകൊണ്ടോ നാം ഒന്നും ചെയ്യുവാൻ പോകുന്നില്ല. ഒരു ക്രിസ്റ്റോഫർ തൻെറ വിലയേറിയ സമയം ചെലവഴിക്കുന്നതു് തിരുത്തിക്കൊണ്ടാണ്, ശരിപ്പെടുത്തിക്കൊണ്ടാണ്, അല്ലാതെ കുററം പറഞ്ഞുകൊണ്ടല്ല. എന്തുകൊണ്ടെന്നാൽ, അവനറിയാം അന്ധകാരത്തെ ശപിക്കുന്നതിൽ ഭേദം ഒരു കൈത്തിരി കത്തിച്ചുപിടിക്കുകയാണെന്നു്. ഒരു ലക്ഷംപേർ ക്രിസ്റ്റോഫർമാരായി ജീവിതത്തിൻെറ എല്ലാ വശങ്ങളിലേക്കും പോകുകയാണെങ്കിൽ, അവർ ശത്രുതയുടെ സ്ഥലത്തേക്കു സ്നേഹം കൊണ്ടുചെല്ലും; അന്ധതയും അന്ധകാരവും ഉള്ളിടത്തേക്കു ക്രിസ്തീയതത്വങ്ങളുടെ പ്രകാശത്തെ അവർ പ്രചരിപ്പിക്കും.

### ഒരു പുതിയ സംഘമോ?

ക്രിസ്റ്റോഫർപദ്ധതി ഒരു പുതിയ സംഘമല്ല. ഇന്നു നിലവിലുള്ള ഏതെങ്കിലും ഒരു നല്ല സംഘത്തിൻെറ അംഗമായിട്ടോ തനിച്ചോ പ്രവത്തിക്കുന്നതിൽ വിരോധമില്ല. പക്ഷെ, ഈ പദ്ധതി ഓരോ ക്രിസ്റ്റോഫറിൽനിന്നും ആവശ്യപ്പെടുന്നതു വ്യക്തിപരമായ, തനിച്ചുള്ള ഉത്തരവാദിത്വവും, കഴിവും എല്ലാവക്കുംവേണ്ടി വിനിയോഗിക്കുവാനാണ്. എന്നാൽ നാം വ്യക്തികൾ മാത്രമല്ല, സമുദായത്തിൻെറ അംഗങ്ങളുമാണ്. അതിനാൽ "എനിക്കെൻെറ കാര്യം" എന്നു പറഞ്ഞു ഒഴിഞ്ഞുമാറുവാൻ ആക്കും പാടില്ലാത്തതാകുന്നു. എന്തുതന്നെ ത്യാഗം സഹിക്കേണ്ടിവന്നാലും നാമെല്ലാവരും ക്രിസ്തുവിൽ സഹോദരന്മാരും സഹോദരികളുമാകയാൽ മറെറല്ലാവരുമായി നമുക്കുള്ള സംബന്ധത്തെ വിശ്വസിച്ചുകൊണ്ടു എല്ലാവരുടേയും നന്മയ്ക്കായി പ്രവത്തിക്കാൻ വ്യക്തിപരമായി നമുക്കുള്ള കടമയെപ്പററി നമുക്കു ബോദ്ധ്യമുണ്ടാകണം. ജീവിതത്തിലെ ഭൗതികനേട്ടങ്ങൾക്കുവേണ്ടി മാത്രം ഉന്നംവച്ചു പ്രവത്തിക്കുന്ന ആ ലോകായതികരീതി ഒരു ക്രിസ്റ്റോഫറെ സ്വാധീനമാക്കിക്കൂടാ. അവൻ ജീവിതത്തിൻെറ അഗാധതയിലേക്കു മുങ്ങിത്തപ്പി മനുഷ്യവംശത്തിനു ഉപകരിക്കുന്ന ഏതെങ്കിലും കാര്യങ്ങളെ അന്വേഷിക്കുന്നു. അവനു കിട്ടിയിരിക്കുന്ന ഉദ്യോഗം, സ്ഥാനം, ലോകദൃഷ്ടിയിൽ വലുതൊന്നുമല്ലായിരിക്കാം; പക്ഷെ, ക്രിസ്തുവാഹകൻ എന്ന നിലയിൽ, അവിടുത്തെ സത്യത്തിൻെറയും സ്നേഹത്തിൻെറയും ആയുധമെന്ന നിലയിൽ, പ്രവത്തിക്കാൻ ആ സ്ഥാനം, ഉദ്യോഗം, ഏററം പ്രാധാന്യമർഹിക്കുന്നതായിരിക്കും.

### ആഭിമുഖ്യം

ക്രിസ്റ്റോഫർപദ്ധതി കത്തോലിക്കാ ആഭിമുഖ്യത്തിലത്രെ നിലകൊള്ളുന്നതു്. കത്തോലിക്കാ ആയതുകൊണ്ടു്, അതായതു പൊതുവായതുകൊണ്ടു്, ഇന്നത്തേയും എന്നത്തേയും, സകല മനുഷ്യരുടേയും— സകലജാതിമതസ്ഥരുടേയും — മതമില്ലാത്തവരുടേയും — മതവിരോധികളുടേയും —നന്മയ്ക്കുവേണ്ടിയത്രെ അതു നിലകൊള്ളുന്നതു്. അമേരിക്കയിൽ കത്തോലിക്കർ മാത്രമല്ല, പ്രോട്ടസ്റ്റണ്ടുകാരും യഹൂദന്മാരും മറെറല്ലാമതക്കാരും സസന്തോഷം ക്രിസ്റ്റോഫർപദ്ധതിയിൽ ചേന്നു പ്രവത്തിക്കുന്നു. സത്യത്തിനും ധമ്മത്തിനും വേണ്ടി പ്രവത്തിക്കാൻ, അങ്ങനെ സമുദായത്തിൽ, രാജ്യത്തു്, സമാധാനം സ്ഥാപിക്കാൻ താല്പര്യമുള്ള ഏതൊരുവനും, അവനവൻെറ മതത്തിൽ ഇരുന്നുകൊണ്ടു തന്നെ ക്രിസ്റ്റോഫർ ആകാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ഏതു മതസ്ഥനും ക്രിസ്തുവിനോടു സ്നേഹമുണ്ടു്. ഏതു മതസ്ഥനും ക്രിസ്തുവിൻെറ സിദ്ധാന്തങ്ങൾ പ്രിയംകരങ്ങളാണ്. ക്രിസ്റ്റോഫർപദ്ധതി എല്ലാവക്കും വേണ്ടിയുള്ളതാകയാൽ, എല്ലാവരേയും അതിൽ ഉൾപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ സൃഷ്ടിമൂലമെങ്കിലും, എല്ലാവരും ദൈവത്തിൻെറ മക്കളാണ്. അതിനാൽ ജാതിമതം പരിഗണിക്കാതെ ക്രിസ്റ്റോഫർ എല്ലാവക്കും എല്ലാമാകേണ്ടിയിരിക്കുന്നു. ക്രിസ്റ്റോഫർ ആശയം ഹിന്ദുവിനെയും മുഹമ്മദീയനേയും യാക്കോബായക്കാരനേയും മാത്തോമ്മാക്കാരനേയും പ്രോട്ടസ്റ്റണ്ടുകാരനേയും ഗ്രഹിപ്പിക്കേണ്ടതാണ്.

ക്രിസ്റ്റോഫർ പദ്ധതിക്കു പൊതുയോഗങ്ങളും, കമ്മിററികളും, നിയമങ്ങളുമൊന്നുമില്ല. അംഗത്വമോ, സാക്ഷിപത്രമോ, പ്രവേശനഫീസോ, വരിസംഖ്യയോ ഇല്ല. "വരിസംഖ്യ കൊടുത്തുകൊണ്ടു ഒന്നും ചെയ്യാതിരിക്കുന്ന" ചില മഹാ സംഘടനകളെക്കാൾ മെച്ചം ആരംഭംതൊട്ടുതന്നെ, "വരിസംഖ്യ കൊടുക്കാതെ വല്ലതും ചെയ്യുവാൻ" അനേകായിരങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്.

(തുടരും)


## ROME WAS NOT BUILT IN A DAY

Rome, the eternal city, the ancient home fashions of, wisdom and culture, was not built in a day but in the course of centuries. Every rich man is not made in a day but he saves his little bit day by day. So open an account

*With*

**The Catholic Bank of India, Ltd.**

**H. O. Changanacherry, Travancore**

and earn interest from 3% to 5½%

*Branches:—*

Alleppy, Athirampuzha, Calicut, Changanacherry, Edathua, Kanjirapally, Kottayam, Manimala, Trivandrum (Main Road) and Trivandrum (Vallakadavu).

*For furth.r particulars apply to our Head Office Or any of the Branches.*


## അഖിലകേരള കത്തോലിക്കാകോൺഗ്രസ്
# 1951-ലെ സാഹിത്യമത്സരങ്ങൾ

### കവിതാമത്സരം

"മഹാകവി കട്ടക്കയം മെഡൽ"

വിഷയം: "നഷ്ടപുത്രയായ ഹവ്വാ"

(ആജ്ഞാലംഘനംമൂലം പറുദീസായിൽനിന്നു ബഹിഷ്കൃതയായ ഹവ്വാ, കായേനാൽ വധിക്കപ്പെട്ട സ്വപുത്രൻെറ മൃതദേഹം കാണുമ്പോൾ അതുവരെ മരണമെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ ആദിമാതാവിൻെറ ഹൃദയത്തിലുണ്ടാകുന്ന വികാരങ്ങളും ചിന്താഗതികളും)

കവിത സംസ്കൃതവൃത്തങ്ങളിലോ ഭാഷാവൃത്തങ്ങളിലോ 320 പാദങ്ങളിൽ കുറയാത്തതും, 420 പാദങ്ങളിൽ കവിയാത്തതുമായിരിക്കണം. പ്രബന്ധങ്ങൾ ഫൂൾസ്കാപ്പ് 20 പേജിൽ കുറയാത്തതും 30 പേജിൽ കവിയാത്തതുമായിരിക്കണം.

### പ്രബന്ധമത്സരം

"ജോൺ നിധീരി മെഡൽ"

വിഷയം: "വിദ്യാഭ്യാസരാഷ്ട്രവൽക്കരണം"

### സാമ്പത്തികപ്രബന്ധം

"അന്ത്രപ്പേർ മെഡർ"

വിഷയം. "കുടിൽവ്യവസായങ്ങളും ഗ്രാമക്ഷേമവും"

### ഗ്രന്ഥമത്സരം

"അന്തപ്പായി മെഡൽ"

(1950 ജനുവരി 1-ാംനു- മുതൽ ഡിസംബർ 31-ാംനു-വരെയുള്ള കാലയളവിൽ എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളതും, ക്രൗൺ 50 പുറങ്ങളിൽ കുറയാത്തതും, തർജ്ജിമ അല്ലാത്തതുമായ മലയാളഗ്രന്ഥങ്ങളാണ് ഗ്രന്ഥമത്സരത്തിനു സമപ്പിക്കേണ്ടതു്. സമപ്പിക്കപ്പെടുന്ന ഗ്രന്ഥത്തിൻെറ നന്നാലു പ്രതികൾ 1951 ഫെബ്രുവരി 15-ാംനു-ക്കുമുൻപു് ഹെഡ് ആഫീസിൽ കിട്ടത്തക്കവണ്ണം റജിസ്റ്റർ ചെയ്തു് അയക്കേണ്ടതാകുന്നു.)

### പ്രസംഗമത്സരം

"തയ്യിൽ കുഞ്ഞിത്തൊമ്മൻ മെഡൽ"

വിഷയം പ്രസംഗം നടക്കുന്ന അവസരത്തിൽ അറിയിക്കുന്നതാകുന്നു.

പ്രസംഗമത്സരത്തിൽ 15 വയസ്സിനും 25 വയസ്സിനും മദ്ധ്യേ പ്രായമുള്ള ഏതൊരു കത്തോലിക്കനും ചേർന്നു മത്സരിക്കാവുന്നതാകുന്നു. പ്രസംഗമത്സരത്തിൽ സംബന്ധിക്കുവാനുദ്ദേശിക്കുന്നവരുടെ സംഖ്യയനുസരിച്ചു് വിവിധകേന്ദ്രങ്ങളിൽവച്ചു് പ്രാരംഭമത്സരങ്ങൾ നടത്തുന്നതും അവയിൽനിന്നു് വിജയികളാകുന്നവർ തമ്മിലുള്ള അവസാനമത്സരം കോൺഗ്രസ് വാർഷികപൊതുയോഗത്തോടനുബന്ധിച്ചു നടത്തുന്നതുമാകുന്നു.

പ്രസംഗമത്സരത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ അവരുടെ പേരും മേൽവിലാസവും വയസ്സും കാണിച്ചു് 1951 ജനുവരി 15-ാം തീയതിക്കു മുമ്പു് കിട്ടത്തക്കവണ്ണം സാഹിത്യമത്സരസബ്കമ്മിററി കൺവീനർക്കു (എം. ഒ. ജോസഫ്, മലബാർ മെയിൽ ഓഫീസ്, എറണാകുളം എന്ന മേൽവിലാസത്തിൽ) അപേക്ഷ അയക്കേണ്ടതാകുന്നു.

കവിതയും പ്രബന്ധങ്ങളും കടലാസിൻെറ ഒരു വശത്തുമാത്രം എഴുതി 1951 ഫെബ്രുവരി 1-ാം തീയതിക്കുമുൻപു് ഹെഡ് ഓഫീസിൽ കിട്ടത്തക്കവണ്ണം റജിസ്റ്റർചെയ്തയക്കേണ്ടതും, അയക്കുന്ന കവറിൻെറ പുറത്തു് "കോ. സാ. മത്സരം" എന്നു് എഴുതിയിരിക്കേണ്ടതുമാകുന്നു.]



കോടിക്കുളം സൊഡാലിററിയിലെ മിഷ്യൻഗ്രൂപ്പുകാർ. ഇവരുടെ പരിശ്രമത്താൽ ഇക്കൊല്ലം 450 ക. ശേഖരിക്കുകയുണ്ടായി.

# തീർത്ഥകസ്മരണകൾ

XII

പാപ്പായുടെ അഭിമുഖദർശനം—റോമാപുരിയിലെത്തുന്ന ആരും അത്യാർത്തിയോടെ പാർത്തിരിക്കുന്നൊരു സന്ദർഭമാണിതു്. ഇന്ത്യൻ തീർത്ഥകരായ ഞങ്ങൾക്കു കൂടിക്കാഴ്ച അനുവദിച്ചിരുന്നതു് ഏപ്രിൽ 22-ാംനു- ശനിയാഴ്ചയായിരുന്നു. അന്നുകാലത്തുണർന്നപ്പോൾ എല്ലാവരിലും എല്ലായിടത്തും ഒരു നവോന്മേഷം കളിയാടുന്നതായി കണ്ടു. പക്ഷെ പ്രാതലിൻെറ സമയമായപ്പോൾ ആ ഉന്മേഷവും ആഹ്ളാദവുമെല്ലാം പമ്പകടന്നു; തൽസ്ഥാനത്തു വർണ്ണിക്കവയ്യാത്ത ഇച്ഛാഭംഗവും കുണ്ഠിതവും വ്യാപിച്ചു. കാരണം എന്തായിരുന്നുവെന്നോ! റോമാനഗരിയിലെ ഞങ്ങളുടെ താമസവേളയിൽ പരിശുദ്ധ പിതാവുമായുള്ള ഒരേ ഒരു കൂടിക്കാഴ്ചയ്ക്കു അവസരമുണ്ടായിരുന്നുള്ളു. ആ പരിപാടി റദ്ദാക്കിയിരിക്കുന്നു എന്നുള്ള വാർത്തയുംകൊണ്ടാണു ഫാദർ ഹെറാസ് എസ്. ജെ. ഞങ്ങളെ അഭിവാദ്യംചെയ്തതു്. അദ്ദേഹംബോംബെയിലെ സെൻറ് സേവിയേർസ് കോളെജിലെ പ്രസിദ്ധനായ ചരിത്രശാസ്ത്രജ്ഞനും ഗവേഷണപടുവുമാണു്. ജൂബിലിവർഷ മിഷൻ പ്രദർശനത്തിലെ പൗരസ്ത്യവകുപ്പിൽ ഇന്ത്യൻ വിഭാഗത്തിൻെറ അദ്ധ്യക്ഷനായി അദ്ദേഹം റോമായിൽ താമസിക്കയായിരുന്നു. ഭാരതീയതീർത്ഥകരെ സന്ദർശിക്കുന്നതിനും അവർക്കുവേണ്ട സഹായസഹകരണങ്ങൾ നല്കിയനുഗ്രഹിക്കുന്നതിനും വേണ്ടിയാണു ആ വൈദികോത്തമൻ ഞങ്ങളുടെ മദ്ധ്യേ വന്നെത്തിയതു്. വത്തിക്കാനിലെ ഉദ്യോഗസ്ഥന്മാരുമായി താൻ ഫോൺമുഖേന പ്രസ്തുത റിപ്പോർട്ടിനെപ്പററി അന്വേഷിച്ചറിഞ്ഞുവെന്നും, കൂടിക്കാഴ്ചക്കുള്ള മുൻപ്രോഗ്രാം വേണ്ടെന്നുവെച്ചതു ശരിയാണെന്നും അദ്ദേഹം തിട്ടമായി പറഞ്ഞപ്പോൾ ഞങ്ങളുടെ ആശയെല്ലാം അസ്തമിച്ചു. ഏതായാലും വിശുദ്ധവത്സരാഘോഷകേന്ദ്ര ആപ്പീസിൽ ചെന്നു യഥാർത്ഥവിവരം തിരക്കി തിട്ടപ്പെടുത്തുന്നതായിരിക്കും വിവേകപൂർവ്വമായിട്ടുള്ളതു് എന്നുവെച്ചു ഞാനും ഫാദർ മിറാൻഡ എസ്. ജെ. യും—ഈശോസഭാകേന്ദ്രാലയത്തിൽ ജോലിയുള്ള ബോംബെക്കാരനായ ഒരു യുവവൈദികനാണിദ്ദേഹം—ഒട്ടും സമയംകളയാതെ ഒരു ടാക്സികാർപിടിച്ചോടിയെത്തി. കൂടിക്കാഴ്ച മുൻനിശ്ചയിച്ച പ്രോഗ്രാമനുസരിച്ചു അന്നു 12 മണിക്കുതന്നെ നടക്കുന്നതാണെന്നും, ഉടൻ സെൻറ് പീറേറർസിൽ എത്തിക്കൊള്ളണമെന്നുമായിരുന്നു ആപ്പീസുദ്യോഗസ്ഥന്മാരുടെ മറുപടി. ആഹ്ളാദഭരിതരായി ഞങ്ങൾ താമസസ്ഥലത്തു നൊടിയിടകൊണ്ടു തിരിച്ചെത്തി. എന്നാൽ അപ്പോഴെക്കും കൂട്ടുകാരെല്ലാം നഗരദർശനാർത്ഥം പുറപ്പെട്ടിറങ്ങിക്കഴിഞ്ഞിരുന്നു. ഈ വൈകിയ സന്ദർഭത്തിൽ അവരെ തിരക്കിക്കണ്ടെത്തുവാനുള്ള ശ്രമം പാഴ്‌വേലയായിപ്പരിണമിക്കുമെന്നു കരുതി ഞങ്ങളിരുവരും നേരെ ബസിലീക്കായിലേക്കു തിരിച്ചു. ദൈവാലയത്തിനുള്ളിൽ ഇന്ത്യൻ തീർത്ഥകർക്കു നിർദ്ദേശിച്ചിരുന്ന സ്ഥലത്തെത്തിയപ്പോൾ കൂട്ടുകാരെല്ലാം അവിടെ കൂടിനില്പുണ്ടായിരുന്നു. പ്രവേശനടിക്കററുകളെല്ലാം എൻെറ കൈയിലായിരുന്നതിനാൽ അവർക്കെങ്ങനെ കടന്നുപററുവാൻ സാധിച്ചുഎന്നു ആശ്ചര്യഭരിതനായി ഞാൻ ചോദിച്ചു. ഫാദർ കുഴിക്കാട്ടു ചിരിച്ചുകൊണ്ടു പറഞ്ഞു: "ദ്വാരപാലകർ ടിക്കററ്ചോദിച്ചപ്പോൾ, ഞങ്ങൾ "ഇന്ത്യാനി, ഇന്ത്യാനി" (ഇത്താലിയൻ ഭാഷയിൽ ഇന്ത്യക്കാർ) എന്നു പറഞ്ഞു മുന്നോട്ടുനീങ്ങി. ആരും ഞങ്ങളെ തടഞ്ഞില്ല." ഇന്ത്യൻ തീർത്ഥകരോടുള്ള പ്രത്യേകാദരപ്രകടനമായിരുന്നു അവിടെ കണ്ടതു്. ഭാരതീയരോടുള്ള വിശേഷാനുഭാവസൂചകമായിട്ടാണു കൂടിക്കാഴ്ചയ്ക്കും, നാമകരണചടങ്ങുകൾക്കും പേപ്പൽ അൾത്താരിനു തൊട്ടടുത്തുള്ള സ്ഥാനത്തേക്കു ടിക്കററുകൾ നല്കുന്നതെന്നു കേന്ദ്രകമ്മിററിയദ്ധ്യക്ഷൻ ബിഷപ്പ് പിഗ്നത്തെല്ലി മുൻകൂട്ടി പറയുകയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

മദ്ധ്യാഹ്നമായപ്പോഴെക്കും വി. പത്രോസിൻെറ രാജകീയ ദൈവാലയം ഒരു മനുഷ്യമഹാസമുദ്രമായി പരിണമിച്ചു. സത്യസഭയുടെ സാർവ്വത്രികത്വം ആ വമ്പിച്ച ജനാവലിയിൽ സ്ഫടികസ്ഫുടമായി പ്രതിബിംബിച്ചു കാണാമായിരുന്നു. ലോകത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള ജനപ്രതിനിധികളാണു് അവിടെ തടിച്ചുകൂടിയിരുന്നതു്. മുപ്പതിനായിരത്തോളം വരുന്ന ഭക്തജനങ്ങളുടെയെല്ലാം ആകാംക്ഷനിറഞ്ഞ അക്ഷികൾ ഒരേ ഒരു സ്ഥാനത്തെ ലക്ഷ്യമാക്കി നോട്ടമുറപ്പിച്ചു നിലകൊണ്ടു. പോപ്പുരാജൻെറ എഴുന്നെള്ളത്തു വത്തിക്കാൻ അരമനയിൽനിന്നു സെൻറ് പീറേറർസിലേക്കു പ്രവേശിക്കുന്ന ഇടനാഴിയായിരുന്നു അതു്. എഴുന്നെള്ളത്തിൻെറ മുന്നോടികളായി വത്തിക്കാൻ പോലീസും, മദ്ധ്യശതകങ്ങളിലെ കൗതുകാവഹവും ആകർഷകവുമായ വേഷവിധാനങ്ങളോടുകൂടിയ സ്വിസ്സ് പടയാളികളും പാലട്ടൈറൻ പട്ടാളവും, നോബിൾ ഗാർഡ്സും പുരോഭാഗത്തു പ്രത്യക്ഷപ്പെട്ടപ്പോൾ ജനാവലിയത്രയും ജിജ്ഞാസാതരളിതമായ നിശ്ശബ്ദതയിലാണ്ടുപോയി. ഏതോ അവാച്യമായ ഒരു ഉന്മേഷപ്രകർഷം അദൃശ്യമായിട്ടെങ്കിലും അനുഭവവേദ്യമായ തരത്തിൽ ദൈവാലയാന്തരീക്ഷത്തിൽ പരക്കുന്നതുപോലെ തോന്നി.

ആ നിശ്ശബ്ദത അധികം നീണ്ടുനിന്നില്ല. "ഇതാ, പാപ്പാ, ഇതാ പാപ്പാ" എന്നു പലരും പതുക്കെ വിളിച്ചു പറയുന്നതായി കേട്ടുകഴിയുമ്പോഴെക്കും, 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു "സേദിയ ജസ്ത്തത്തോറിയ" എന്ന സംവഹിതസിംഹാസനത്തിൽ ഉപവിഷ്ടനായി ദൈവാലയത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ആ ശുഭമുഹൂർത്തം വിളംബരംചെയ്തുകൊണ്ടുള്ള രജതകാഹളങ്ങളുടെ മഞ്ജുളധ്വനി അന്തരീക്ഷത്തിലേക്കുയന്നു. അഹോ! ജനസഞ്ചയത്തിലൂടെ അങ്ങോളമിങ്ങോളം വായുവേഗത്തിൽ പരന്നെത്തിയ ഉന്മേഷപ്രവാഹവും, അവർ പ്രകടിപ്പിച്ച ഭക്ത്യാദരങ്ങളും ആർക്കാണു വർണ്ണിക്കുവാൻ സാധിക്കുക! "പാപ്പാ നീണാൾ വിജയിക്കട്ടെ!" എന്നുള്ള ജയവിളികളുടേയും, ആഹ്ളാദദ്യോതകവും അഭിനന്ദനസൂചകവുമായ കരഘോഷങ്ങളുടേയും തരംഗപരമ്പരകൾ നാലുപാടും അലതല്ലിയുയരുവാൻ തുടങ്ങി. പരിശുദ്ധ പിതാവാകട്ടെ സുസ്മേരവദനനായി സ്വന്തം അദ്ധ്യാത്മസന്താനസഹസ്രങ്ങളുടെ അഭിവാദനങ്ങളും ഭക്തിപ്രകടനങ്ങളും സ്നേഹാദരങ്ങളോടെ സ്വീകരിക്കയും, ഏവർക്കും പൈതൃകമായ ആശിസ്സുകൾ ഉദാരമായി വിതരണം ചെയ്കയും ചെയ്തുകൊണ്ടു ജനതാമദ്ധ്യത്തിലൂടെ മുന്നോട്ടു നീങ്ങുകയും, പേപ്പൽ ബലിപീഠത്തിനടുത്തു തയ്യാറാക്കിയിരുന്ന സിംഹാസനത്തിൽ എഴുന്നെള്ളി ആസനസ്ഥനാകയും ചെയ്തു. എഴുപതിനാലിനോടടുത്ത വയോവൃദ്ധൻ; ആയടുക്കെ മാത്രം ആലസ്യം മാറിയ ക്ഷീണശരീരൻ—ഇതായിരുന്നു ഞങ്ങളുടെ സങ്കല്പത്തിൽ തങ്ങിനിന്നിരുന്ന പ. പിതാവിൻെറ ചിത്രം. ആകയാൽ യുവസഹജമായ ചുറുചുറുപ്പോടും ഉല്ലാസഭരിതമായ പ്രസരിപ്പോടും ആരോഗ്യഭാവം നടമാടുന്ന മുഖകമലത്തോടുംകൂടി അവിടുന്നു പ്രത്യക്ഷപ്പെട്ടപ്പോൾ കാണികൾക്കുണ്ടായ അത്ഭുതവും ആഹ്ളാദവും ഊഹിക്കാമല്ലോ. കുലീനത്വം വിളംബരം ചെയ്യുന്ന നാസിക; ചിന്താശീലത്തിനുദാഹരണമായ വിശാലമായ നെററിത്തടം; പ്രശാന്തഗംഭീരമെങ്കിലും സ്വർഗ്ഗീയസൗമ്യതയും, ദിവ്യതേജസ്സും കളിയാടുന്ന മുഖഭാവം. അകപ്പാടെ തിരുമേനിയുടെ ദർശനം ഞങ്ങളുടെ കണ്ണുകൾക്കൊരു കനകാഭിഷേകം തന്നെയായിരുന്നു.



## For favours received

Fr. Wilfred T. O. C. D.,
Kadalundy

സന്ദർശകരുടെ ഉൾത്തടത്തിൽ തിങ്ങിപ്പൊങ്ങിയ വികാരാവേശം ബാഷ്പകണങ്ങളായി ബഹിർഗ്ഗമിച്ചു. ഇതിലുമുപരിയായൊരു നയനോത്സവം ഇഹലോകത്തിൽ സാദ്ധ്യമല്ലെന്ന ബോദ്ധ്യംകൊണ്ടായിരിക്കണം അബലാമണികൾമാത്രമല്ല പുരുഷകേസരികൾപോലും ആനന്ദക്കണ്ണീർ പൊഴിക്കുന്നതായി കാണപ്പെട്ടതു്. രാജാധിരാജനായ ക്രിസ്തുവിൻെറ വൈസ്രോയി; പത്രോസിൻെറ 262-ാമത്തെ പ്രശസ്തനായ പിൻഗാമി; സന്മനോഭാവമുള്ള സമസ്തജനപദങ്ങളുടേയും ആരാദ്ധ്യപുരുഷൻ; ലോകൈകധാർമ്മികസമ്രാട്ട്—ഇതുപോലൊരു ഉന്നതസ്ഥാനി വേറെയുണ്ടോപാരിടത്തിൽ! കത്തോലിക്കാസഭയുടെ സംഘടനആരെയും അത്ഭുതവിവശനാക്കുവാൻ മാത്രംലളിതവുംലഘുതരവുമാണു്. ഒരിടവകയിലെ കത്തോലിക്കർ ഒരു വികാരിയുടെ കീഴിൽ; വികാരിമെത്രാൻെറ കീഴിൽ; മെത്രാൻ പാപ്പായുടെ കീഴിൽ; പാപ്പായാകട്ടെ ക്രിസ്തുവിൻെറ കീഴിൽ. ക്രിസ്തുരാജനുമായി ഒരു കത്തോലിക്കനെ കൂട്ടിയിണക്കുന്ന അങ്ങേ അററത്തെ കണ്ണിയാണു പോപ്പുരാജൻ. വികാരി ഇങ്ങേ അററത്തെ കണ്ണിയും. അവസാനത്തെ ആ കണ്ണിയെ സ്വന്തം കണ്ണുകൊണ്ടു കാണുവാൻ സാധിക്കുക—വിദൂരദേശങ്ങളിലുള്ളവരിൽ ദുർല്ലഭം ചിലർക്കു മാത്രംകിട്ടുന്ന ഒരു മഹാഭാഗ്യമാണിതു്. അന്നവിടെ കൂടിയിരുന്നവരെ പാപ്പായുടെ അഭിമുഖദർശനം ആനന്ദസിന്ധുവിൽ ആറാടിക്കയും, വികാരതരളിതരാക്കയും ചെയ്തതിൽ എന്താണത്ഭുതം!

അകമ്പടി സേവിച്ചിരുന്ന ഉദ്യോഗസ്ഥന്മാരിലൊരുവൻ മൈക്കിലൂടെ വിളിച്ചുപറഞ്ഞു, ഇന്ത്യ, സിലോൺ എന്നീ നാടുകളിൽനിന്നെത്തിട്ടുള്ള തീർത്ഥകരുടെ ദേശീയഭാഷയിലുള്ള ഓരോ പാട്ടു പാടി കേൾക്കുന്നതു പരിശുദ്ധ പിതാവിനു സന്തോഷപ്രദമായിരിക്കുമെന്നു്. ലങ്കക്കാരികളായ ഏതാനും ബാലികമാർ ഉച്ചഭാഷിണിയിലൂടെ സിംഹളഭാഷയിൽ ഒരു ഗാനം മധുരമായാലപിച്ചു. ഇന്ത്യാക്കാരിൽനിന്നാരും മുന്നോട്ടിറങ്ങുന്നില്ലെന്നു കണ്ടപ്പോൾ ഫാദർ കുഴിക്കാട്ടും, ഫാദർ പുതിയ പറമ്പിലും ധൈര്യപൂർവ്വം മൈക്കിനെ സമീപിക്കയും "മഹത്സീനീനൻ" അടിച്ചുവിടുകയും ചെയ്തു. ഈ സുറിയാനിരാഗം പരിശുദ്ധ പിതാവിനെ നന്നായി രസിപ്പിച്ചു എന്നു അവിടുത്തെ തുമന്ദഹാസം വിശദമാക്കി. തീർത്ഥകരുടെ തിരുമുൽക്കാഴ്ചയർപ്പിക്കലായിരുന്നു അനന്തരചടങ്ങു്. കുരുമുളകുമണിയുടെ ഭാഷയിൽ ഒരു പൊൻകൊന്ത ശ്രീ കെ. വി. തോമസ് കൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്നു. അതദ്ദേഹം തിരുമേനിക്കു കാണിക്കയായി സമർപ്പിച്ചു. തല്ക്കാലമുണ്ടായ ഉന്മേഷാവേശത്തിൽ ഫാദർ പുതിയ പറമ്പിൽ തൻെറ പുതിയ കാനോനനമസ്കാരപുസ്തകം തന്നെ പരിശുദ്ധ പിതാവിനു സസ്നേഹം സമ്മാനിച്ചു. തന്മൂലം ഇങ്ങെത്തുവോളം അദ്ദേഹം അനുഭവിക്കേണ്ടിവന്ന അല്പമായ അസൗകര്യത്തിനു പ്രത്യാശിക്കാവുന്നതിലധികമായൊരു പരിഹാരമാണു് അദ്ദേഹത്തിനു സിദ്ധിച്ചതു്. പരിശുദ്ധ പിതാവിൻെറ കരചരണങ്ങൾ ചുംബിച്ച് ചാരിതാർത്ഥ്യമടയുവാനുള്ള നിസ്തുലഭാഗ്യത്തിൽ അദ്ദേഹവും അങ്ങനെ പങ്കാളിയായി.

ഇത്രയേറെ തീർത്ഥകർ ജൂബിലിവർഷം പ്രമാണിച്ചു നിത്യനഗരത്തിലെത്തിച്ചേർന്നതിലും, പൊതുപിതാവിനെ സന്ദർശിച്ചതിലും തനിക്കുള്ള സീമയററസന്തോഷം സൂചിപ്പിച്ചും, ഇന്നു മാനവസമുദായത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വിവിധ വിപത്തുകളിൽ ഉൽക്കണ്ഠപ്രദർശിപ്പിച്ചും, പാപപ്രളയത്തെ തടയുവാൻ ഏവരും പൂർവ്വാധികം പ്രാർത്ഥിക്കയും പ്രായശ്ചിത്തപരിപാടികളനുഷ്ഠിക്കയും ചെയ്യണമെന്നുൽബോധിപ്പിച്ചുകൊണ്ടു പരിശുദ്ധപിതാവു ഹൃദയസ്പൃശ്കമായൊരു ലഘുപ്രഭാഷണം നടത്തി. അതു അവിടുന്നു ആറുഭാഷകളിൽ ആവർത്തിക്കയുണ്ടായി. തദനന്തരം അവിടുന്നു് അവിടെയുള്ളവരേയും അവരുമായി ബന്ധപ്പെട്ടവരേയും പൈതൃകമായി ആശീർവ്വദിക്കയും, അരമനയിലേക്കുപിന്തിരിയുകയുംചെയ്തു.

മതചൈതന്യം തുളുമ്പുകയും, വികാരകല്ലോലങ്ങൾ ഓളംതല്ലുകയും ചെയ്തുകൊണ്ടിരുന്ന ഒരന്തരീക്ഷത്തിൽ നടന്ന ആ കൂടിക്കാഴ്ച അങ്ങനെ അവസാനിച്ചു. എന്നാൽ അതിൻെറ മധുരവും സംസ്കാരപ്രദവുമായ സ്മരണ അസ്മാദൃശരിൽ മൺമറയുവോളം മായാതെ നിലനില്ക്കും.

(പി. കാക്കശ്ശേരി)

---

## Letter To The Editor

The Apostolic Union of Diocesan Priests.

Sir,

Will you please find room in your columns for a communication which will interest the Diocesan Clergy only?

The Apostolic Union of the Secular Priests of the Sacred Heart has several local branches in India. Several years ago there was a National Director Rev. Fr. J. A. D'Souza residing at Mangalore. After his death, as far as I know, nobody has replaced him so that the various branches remain without any formal link.

The Kandy Branch has started this year to print a modest paper called "Apostolic Union Monthly Letter" (AUML) for its members. The Director of another branch has suggested that this paper might be useful to other "UNIONISTS". I offer this proposal to them. I have approached personally the Directors of other branches known to me, but there may be others with whom I would be glad to get acquainted.

If there is a sufficient response, the AUML would be issued as a paper of general interest to all Unionists (with a special supplement for Kandyans only); the yearly subscription would be Rs. 2.00.

The recent exhortation of the Holy Father on priestly sanctity seems a suitable opportunity to promote more vigorously the work of the Apostolic Union which has for aim the sanctification of the Clergy: my proposal has only this in view.

Subscriptions can be obtained from the undersigned.

Yours,
Rob. B. Criem, S. J.,
Director, Apostolic Union,
Papal Seminary,
Kandy (Ceylon).

---

## പത്രോപദേശക സമിതിയിലേക്ക്

കൊച്ചി പത്രാധിപസംഘടനയുടെ ഒരുയോഗം നവംബർ 12-ാംനു "സത്യദീപം" ഓഫീസിൽവച്ചു ഗോമതി പത്രാധിപർ ശ്രീ കെ. പി. രാഘവൻനായരുടെ അദ്ധ്യക്ഷതയിൽ കൂടുകയും പത്രോപദേശകസമിതിയിലേക്കു വാരികകളുടെ പ്രതിനിധിയായി "കേരളപത്രിക" പത്രാധിപർ ശ്രീ തോമസ് ചെറിയാനെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

# ഫീസ് പരോക്ഷനികുതിയോ?

(പ്രൊഫസർ കെ. ജെ. സിറിയക്കിൻെറ പ്രസ്താവന)

എറണാകുളം, ഡിസംബർ 1- "ഫീസ് വിദ്യാഭ്യാസകാര്യത്തിനായി സക്കാരിൽനിന്നു ഏർപ്പെടുത്തിയിട്ടുള്ള ഒരു പരോക്ഷനികുതി (Indirect tax)യാണ്" എന്ന വാദത്തെപ്പററി തേവരകോളെജ് ധനതത്വശാസ്ത്രപ്രൊഫസർ ശ്രീ കെ. ജെ. സിറിയക്ക് എം. എ. ബി. എൽ. ഒരഭിമുഖസംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ചുള്ള വാദപ്രതിവാദം വിചിത്രമായ ചില സിദ്ധാന്തങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. അവയിൽ ഒന്നാണു ഫീസ്, നികുതിയാണെന്നുള്ള വാദം. ശ്രീമാൻ ജോസഫ് മുണ്ടശേരിയുടെ ഒരു പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു: "ഫീസ് വിദ്യാഭ്യാസകാര്യത്തിനായി സക്കാരിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള ഒരു പരോക്ഷനികുതി (Indirect tax യാണ്. പ്രൈവററ് ബിസിനസിൽ പൊന്തിക്കിട്ടുന്ന ലാഭംപോലെ ഒന്നല്ല അതു്. സെക്കണ്ടറി വിദ്യാഭ്യാസവും, പരക്കെ സൗജന്യമാക്കിത്തീക്കണമെന്നു തീരുമാനിച്ചാൽ—അതു വളരെ താമസിയാതെ ഉണ്ടാവുകയുംചെയ്യും—ഫീസ്പിരിവ ഇല്ലാതാകുമല്ലോ. അപ്പോൾ അതു പങ്കുവക്കേണ്ട പ്രശ്നവും പോകും. എല്ലാ ചെലവുകളിലേക്കും സംഖ്യ പബ്ളിക്ക് റവന്യൂവിൽനിന്നും നീക്കിവയ്ക്കേണ്ടിവന്നേക്കും. അതിലേക്കു പരോക്ഷനികുതിക്കുപകരം പ്രത്യക്ഷനികുതി— വിദ്യാഭ്യാസനികുതി—ആദായത്തിൻെറ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായിവരികയും ചെയ്യും. ഞാൻ ഇത്രയും പറഞ്ഞതു് സെക്കണ്ടറിസ്കൂളിൽ പിരിക്കുന്നഫീസ് മാനേജരുടെ മുതലിറക്കിന്മേൽ കിട്ടുന്ന ആദായം അല്ലെന്നു് ബോദ്ധ്യം ആക്കുന്നതിനാണ്."

നികുതിയും ഫീസും തമ്മിലും, പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലും ഉള്ള വ്യത്യാസം സംബന്ധിച്ച് ഒരു രൂപവും ഇല്ലാഞ്ഞിട്ടായിരിക്കുമോ ഇങ്ങനെ പറയുന്നതു്? നികുതി പൊതുഗുണത്തിനുവേണ്ടി, പൗരന്മാർ ഗവമ്മെണ്ടിലേക്കു് അവക്കു ഗവമ്മെണ്ടിൽനിന്നും ലഭിക്കുന്ന എന്തെങ്കിലും പ്രത്യേക ഗുണത്തിനു പ്രതിഫലമായിട്ടല്ലാതെ, നിർബന്ധപൂർവ്വം അടയ്ക്കുന്ന ഒന്നാകുന്നു. നികുതിയുടെ പ്രധാനസ്വഭാവം നികുതിദായകനു് എന്തെങ്കിലും പ്രത്യേകഗുണം ഗവമ്മെണ്ടിൽനിന്നു് ലഭിക്കുന്നില്ലാ എന്നുള്ളതാണ്. പൊതുഗുണത്തിനുവേണ്ടി മാത്രം ആണു് നികുതി വസൂൽചെയ്യുന്നതു്. ഗവമ്മെണ്ടു വസൂൽചെയ്യുന്ന ഒരു ഫീസാകട്ടെ, അതു നൽകുന്ന വ്യക്തിക്കു് ഗവമ്മെണ്ടു ഒരു പ്രത്യേകഗുണം ചെയ്തുകൊടുക്കുന്നതിനു പ്രതിഫലമായി, ഈടാക്കുന്ന ഒന്നാണ്. ഗവമ്മെണ്ടുചെയ്യുന്ന ഈ സേവനംകൊണ്ടു് പൊതുഗുണവും കാണും. വ്യക്തിക്കു് പ്രത്യേകഗുണം ചെയ്യുന്നതിനു ഗവമ്മെണ്ടിനു ചെലവുകൾ ഉണ്ടാകും. ആ ചെലവുകൾ വഹിക്കുവാൻവേണ്ടിയാണ് ഫീസ് വസൂൽചെയ്യുന്നതു്. ചുരുക്കത്തിൽ ഫീസ് നൽകുന്ന വ്യക്തിക്കു് ഒരു പ്രത്യേകഗുണം ലഭിക്കുന്നുണ്ടു്; നികുതിനൽകുന്ന വ്യക്തിക്കു് ഒരു പ്രത്യേകഗുണവും ലഭിക്കുന്നില്ല. ഇക്കാരണത്താൽ ആദായനികുതി, വില്പനനികുതി മുതലായവയെല്ലാം നികുതികളായും, കോർട്ടുഫീ, രജിസ്ട്രേഷൻഫീ മുതലായവ ഫീസായുംപരിഗണിക്കപ്പെടുന്നു. ആദായനികുതി കൊടുക്കുന്നതു് നികുതിദായകനു് ഗവമ്മെണ്ടു് എന്തെങ്കിലും പ്രത്യേകഗുണംചെയ്തുകൊടുത്തതിനല്ല. എന്നാൽ കോർട്ടുഫീ കൊടുക്കുന്നതു്, കോർട്ടുഫീ നൽകുന്ന വ്യക്തിക്കു ഗവമ്മെണ്ടിൽനിന്നും ഒരു പ്രത്യേകഗുണം നൽകുന്നതിനാലാണ്. വ്യക്തിക്കു ഈ ഗുണം ചെയ്യുവാൻ ഗവമ്മെണ്ടിനു് ചെലവും ഉണ്ടു്; അതായതു് ജഡ്ജിമാരുടെ ശമ്പളം മുതലായവ. ഇതുപോലെതന്നെയാണ് ഗവമ്മെണ്ടു് ഗവമ്മെണ്ടുവിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളോടു ഫീസ് വസൂൽചെയ്യുകയാണെങ്കിൽ. ഒരു വിദ്യാർത്ഥിയോടു് ഫീസ് വസൂൽചെയ്യുന്നതു്, ഗവമ്മെണ്ടു് ആ വിദ്യാർത്ഥിക്കു് വിദ്യാഭ്യാസം എന്ന പ്രത്യേകഗുണം നൽകുന്നതുകൊണ്ടും, അങ്ങനെ വിദ്യാഭ്യാസം നൽകുവാൻ ഗവമ്മെണ്ടിനു് ചെലവു് ഉള്ളതുകൊണ്ടും ആണ്. വിദ്യാർത്ഥി നൽകുന്ന ഫീസ് നികുതിയേ അല്ല.

സമൂഹങ്ങളോ, വ്യക്തികളോ നൽകുന്ന പ്രത്യേകസേവനങ്ങൾക്കും പ്രതിഫലം വസൂൽചെയ്യുകയാണെങ്കിൽ അവയും ഫീ എന്നറിയപ്പെടുവാനുള്ള കാരണം ഇതാണ്. പ്രൈവററ് സെക്കണ്ടറിസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിയോടു് ഫീസ് വസൂൽചെയ്യുന്നതു് വിദ്യാലയാധികൃതർ ആ വിദ്യാർത്ഥിക്കു വിദ്യാദാനം നൽകുന്നതിനു പ്രതിഫലമായിട്ടാണ്. ഇവിടെയും വിദ്യാർത്ഥി നൽകുന്ന ഫീസ് നികുതിയേ അല്ല. നിയമജ്ഞന്മാരും ഡോക്ടർമാരും, അവരുടെ സേവനത്തിനു് വസൂൽചെയ്യുന്ന പ്രതിഫലത്തിനും ഫീസ് എന്നു പറയുന്നതു് ഇക്കാരണത്താലാണ്.

"പ്രൈവററു ബിസിനസിൽ പൊന്തിക്കിട്ടുന്ന ലാഭംപോലെ ഒന്നല്ല അതു്" എന്നു് ഫീസിനെപ്പററി മി. മുണ്ടശേരി പറയുന്നു. അതു് ശരിയാണ്; പ്രൈവററ് വിദ്യാലയങ്ങളിൽനിന്നു ലഭിക്കുന്ന ഫീസ് ഒരു ലാഭമേ അല്ല; ചെലവിനുള്ള ഒരംശംമാത്രമേ ആകുന്നുള്ളു. ഫീസ് ചെലവുകഴിക്കുവാനും, മിച്ചം എടുക്കുവാനും മതിയാകുന്നതാണെങ്കിൽ ഫീസിൽ ലാഭം ഉണ്ടെന്നു പറയാം. എന്നാൽ ഫീസ് വസൂൽചെയ്യുന്നതു് മാനേജരുടെ മുതൽമുടക്കു കണക്കാക്കിയല്ല, വിദ്യാദാനത്തിനു് അനുദിനം ആവശ്യമുള്ള ചെലവിനു ഒരു ഭാഗം എങ്കിലും അതിൻെറ പ്രയോജനം അനുഭവിക്കുന്നവരിൽനിന്നു ലഭിക്കുവാൻവേണ്ടിയാണ്. വാസ്തവത്തിൽ ചെലവിനാവശ്യമായ തോതിൽ ഫീസ് വർദ്ധിപ്പിക്കുവാൻ വിദ്യാദാനം നൽകുന്നവക്കു് അവകാശമുണ്ടു്. എന്നാൽ അവർ അങ്ങനെ ചെയ്യാതെ ഗവമ്മെൻറുനിയന്ത്രണത്തിനു വിധേയരായി, ഫീസ് കുറച്ചിരിക്കുന്നതിനാൽ ചെലവിലേക്കു് ആവശ്യം ഉള്ള ബാക്കിമുഴുവൻ നൽകുവാൻ ഗവമ്മെൻറിനു കടമയും ഉണ്ടു്. സെക്കണ്ടറി വിദ്യാഭ്യാസം പരക്കെ സൗജന്യമാക്കിയാൽ ഫീസുപിരിവ ഇല്ലാതാകുമെന്നും അപ്പോൾ വിദ്യാഭ്യാസചെലവിലേക്കു് വിദ്യാഭ്യാസനികുതി ചുമത്തേണ്ടിവരുമെന്നും മി. മുണ്ടശേരി പറയുന്നു. ഗവമ്മെൻറു് ഫീസുപിരിവു നിറുത്തുന്ന പക്ഷം പ്രൈവററുവിദ്യാലയങ്ങളുടെ നടത്തിപ്പിനാവശ്യമായ സംഖ്യമുഴുവൻ ഗവമ്മെൻറു് കൊടുക്കേണ്ടതായിവരും എന്നും ഇതിൽനിന്നും, സിദ്ധിക്കുന്നു. സ്കൂൾ നടത്തുവാൻ പ്രൈവററു ഏജൻസികൾക്കു അവകാശം ഉള്ളപ്പോൾ അതിൻെറ നടത്തിപ്പിനാവശ്യമായ ഫീസുപിരിവു് ഗവമ്മെൻറു് നിയന്ത്രിക്കുകയോ, നിറുത്തുകയോ ചെയ്താൽ അതു നടത്തുവാനുള്ള സംഖ്യകൊടുക്കുവാൻ ഗവമ്മെൻറിനു ബാദ്ധ്യസ്ഥതയുണ്ടല്ലോ. ഫീസ് നിയന്ത്രിച്ചിരിക്കുന്നതിനാലും മററു പ്രൈവററു് അദ്ധ്യാപകന്മാക്കു് ന്യായമായ ശമ്പളം ലഭിക്കുവാൻ മാർഗ്ഗമില്ലാത്ത ഇന്നത്തെ പരിതസ്ഥിതിയിൽ ഗവമ്മെൻറുസ്കൂൾ അദ്ധ്യാപകന്മാക്കു നൽകുന്ന ശമ്പളസ്കെയിലും പെൻഷൻ മുതലായ മററു് ആനുകൂല്യങ്ങളും, തുല്യജോലിക്കു തുല്യ വേതനം എന്ന മൗലിക പ്രമാണം അനുസരിച്ചു നൽകി, നീതി പ്രവർത്തിക്കേണ്ടതു് സക്കാരിൻെറ ധർമ്മം മാത്രമാണ്.

മറെറാരുവാദവും ചിലർ ഉന്നയിക്കുന്നുണ്ടു്. "ഫീസ് ഗവമ്മെൻറു് നിയന്ത്രിക്കുന്നതും നിറുത്തലാക്കുന്നതും അതു ഗവമ്മെൻറിൻെറ വകയായതുകൊണ്ടാണ്. ഗവമ്മെൻറുവകയായതുകൊണ്ടു് അതു നികുതിയാണ്." ഈ വാദത്തിലെ ചിന്താകുഴപ്പം ഭീമമാണ്. ഇതിലെ തെററു ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാം. വക്കീലന്മാർ കക്ഷികളിൽനിന്നും വസൂൽചെയ്യാവുന്ന ഫീസ് ഗവമ്മെൻറു് നിയന്ത്രിക്കുന്നുണ്ടെന്നും അതു ഒടുവിൽ ഗവ

(ശേഷം 8-ാം പേജിൽ)

Thanksgiving



For Favours Received

By C. K. A.

# അനുഭവസാക്ഷ്യം No. 72.

പ്രിയ സുഹൃത്തുക്കളെ,

ഞാൻ എട്ടുകൊല്ലക്കാലമായി മൂലക്കുരുവിൻെറ ഉപദ്രവത്താൽ കഷ്ടപ്പെട്ടുകൊണ്ടിരുന്നവനാണ്. നാട്ടുവൈദ്യന്മാരുടെയും ഇംഗ്ലീഷ് വൈദ്യന്മാരുടെയും ലാടവൈദ്യന്മാരുടേയും വിധിപ്രകാരമുള്ള ചികിത്സകൾക്കായി ഒട്ടുവളരെ പണം ചിലവാക്കിയവനുമാകുന്നു. അങ്ങിനെ ഭഗ്നാശനായിരിക്കെയാണ് കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യനെപററി അറിവുസിദ്ധിച്ചതു്. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം സുപ്രസിദ്ധങ്ങളായ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധമുഖ്യങ്ങൾ ഉപയോഗിച്ച് അതിശയകരമായ സുഖം പ്രാപിച്ചുവരുന്നു. മൂലക്കുരുവിൻെറ ഉപദ്രവമുള്ള സ്നേഹിതന്മാക്കു് ഈ മരുന്നുകൾ ഒരു കൈകണ്ടസിദ്ധൗഷധമാണെന്നു അനുഭവത്താൽ ഞാൻ സാക്ഷീകരിക്കുന്നു. കൂടാതെ "ദ്രാക്ഷാഘൃത"ത്തിൻെറ അത്ഭുതകരമായ ഫലസിദ്ധിയിൽ അതിനെ ഞാൻ എൻെറ ഒരു പ്രത്യേകസ്നേഹിതനായി സ്വീകരിച്ചിരിക്കയുമാണ് എന്നുള്ള വസ്തുത പൊതുജനനന്മക്കായി പ്രസിദ്ധപ്പെടുത്തികൊള്ളുന്നു.

നടുവട്ടം 30—11—1950

മങ്ങലി ബ. പൗലോസ് അച്ചൻ (ഒപ്പ്)
നടുവട്ടംപള്ളി മഞ്ഞപ്ര A. O. കാലടി P. O.

# നീർവീഴ്ച—തുമ്മൽ

## (നീരിറക്കം)

(തുടർച്ച)

14. മനുഷ്യശരീരത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതാംശങ്ങളെ സംഗ്രഹിച്ചിട്ടുള്ള നാമങ്ങളാകുന്നു വാതം, പിത്തം, കഫം (ത്രിദോഷങ്ങൾ) എന്നു പറയുന്നതു്. അതായതു് ഭൂമി ജലം എന്നീ അംശങ്ങളെ കഫം എന്നും, അഗ്ന്യാംശത്തെ പിത്തമെന്നും, വായു ആകാശം എന്നീ അംശങ്ങളെ വാതം (വായു) എന്നും പറയുന്നു. ദേഹത്തിലെ ഭൂമി ജലാംശങ്ങളായ രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നിവകളെ സപ്തധാതുക്കൾ എന്നും പറയുന്നു—

15. "രോഗസ്തു ദോഷവൈഷമ്യം ദോഷസാമ്യമരോഗത" എന്നുള്ള തത്വമനുസരിച്ച് ത്രിദോഷങ്ങളും സപ്തധാതുക്കളും പ്രകൃതി (സൃഷ്ടി)നിയമംവിട്ടു് വർദ്ധിക്കയോ ക്ഷയിക്കയോ ചെയ്യുന്നതു മുതൽ രോഗം ആരംഭിക്കുന്നു. ത്രിദോഷങ്ങളും സപ്തധാതുക്കളും സൃഷ്ടിനിയമാനുസൃതം ദേഹത്തിൽ സ്ഥിതിചെയ്യുമ്പോൾ ആരോഗ്യം സിദ്ധിക്കുന്നു. ത്രിദോഷങ്ങളിലും സപ്തധാതുക്കളിലും ചിലതുകൾ വർദ്ധിക്കകൊണ്ടോ ക്ഷയിക്കകൊണ്ടോ ഉത്ഭവിച്ചരോഗങ്ങൾക്കു് വർദ്ധിച്ചവകളെ ക്ഷയിപ്പിക്കുവാനും ക്ഷയിച്ചവകളെ വർദ്ധിപ്പിക്കുവാനും ഉള്ള ഔഷധങ്ങളും ആഹാരങ്ങളും ഉപയോഗിക്കണമെന്നാണു് ആയുർവ്വേദസിദ്ധാന്തം. "വൃദ്ധിസ്സമാനൈസ്സർവ്വേഷാം വിപരീതൈർവ്വിപര്യയഃ" എന്നുള്ള പ്രമാണപ്രകാരം സമാനഗുണങ്ങൾകൊണ്ടു് എല്ലാററിനും വർദ്ധനയും വിപരീതഗുണങ്ങൾകൊണ്ടു് എല്ലാററിനും ക്ഷയവും സംഭവിക്കുന്നുണ്ടു്. ഉദാ: ദേഹത്തിലുള്ള ഭൂമിജലാംശങ്ങൾ—കഫം—സപ്തധാതുക്കൾ ക്ഷയിച്ചതിൽനിന്നുണ്ടായ രോഗങ്ങൾക്കു് ഭൂമി ജലാംശങ്ങളെ വർദ്ധിപ്പിക്കുവാനും, അഗ്നി വായു ആകാശം എന്നീ ഭൂതാംശങ്ങളെ ക്ഷയിപ്പിക്കുവാനുമുള്ള ഔഷധങ്ങളും ആഹാരാദികളും ഉപയോഗിക്കണം. ഈ തത്വങ്ങളെ അടിസ്ഥാനമാക്കി നമ്മുടെ ദിനചര്യകളിൽ ആഹാരവിഹാരാദികളെ ക്രമീകരിക്കുന്നപക്ഷം സാമാന്യേന നമ്മളിൽ രോഗം ഉത്ഭവിക്കയില്ലെന്നാണു് ആയുർവ്വേദത്തിൽ കാണുന്നതു്. അഥവാ കാരണങ്ങൾമൂലം രോഗബാധിതരായാൽതന്നെ മേൽകാണിച്ച തത്വങ്ങളെ അടിസ്ഥാനമാക്കി ചികിത്സിക്കുന്നതായാൽമാത്രമെ ഒരു രോഗം മാറുന്നതോടെ മററു രോഗങ്ങൾ ആരംഭിക്കാതെ ആരോഗ്യം സിദ്ധിക്കയുള്ളു.

16. ദേഹത്തിലെ പഞ്ചഭൂതാംശങ്ങളെ വാതപിത്തകഫങ്ങൾ (ത്രിദോഷങ്ങൾ) എന്നു സംഗ്രഹിച്ചിട്ടുള്ളതുപോലെ രോഗങ്ങളെയും സൗമ്യഗുണാധിക്യംകൊണ്ടും ആഗ്നേയഗുണാധിക്യംകൊണ്ടും ഉണ്ടാകുന്നവകൾ എന്നു രണ്ടുവിധമായി സംഗ്രഹിച്ചിരിക്കുന്നു. ഇതുപോലെതന്നെ സൂര്യനെന്നും ചന്ദ്രനെന്നും രാവു് എന്നും പകൽ എന്നും ഉള്ള വ്യത്യാസങ്ങൾപോലെ ഭൂമിയിലുള്ള സകല വസ്തുക്കളുടേയും വീര്യങ്ങളെ ഉഷ്ണമെന്നും ശീതമെന്നും രണ്ടുവിധമായി സംഗ്രഹിച്ചിരിക്കുന്നു. "ഉഷ്ണശീതഗുണോൽക്കർഷാത്തത്രവീര്യം ദ്വിധാസ്മൃതം"

17. മേൽവിവരിച്ച തത്വങ്ങൾപ്രകാരം ഒരു രോഗിയെ പരിശോധിക്കുമ്പോൾ ആദ്യമായി ദേഹത്തിലെ പഞ്ചഭൂതാംശങ്ങൾക്കും (ത്രിദോഷങ്ങൾക്കും) സപ്തധാതുക്കൾക്കും സംഭവിച്ചിട്ടുള്ള വൃദ്ധിക്ഷയങ്ങളെയാണ് അറിയേണ്ടതു്. ഇതിൽനിന്നു് ദേഹത്തിലെ ഭൂമിജലാംശങ്ങൾ—കഫം—ധാതുക്കൾ വർദ്ധിച്ച് (അഗ്നി വായു ആകാശം എന്നീ അംശങ്ങൾ ക്ഷയിച്ച്) ഉണ്ടായ രോഗമാണെങ്കിൽ സൗമ്യഗുണാധികരോഗമെന്നും, ഭൂമിജലാംശങ്ങളും,—കഫവും—ധാതുക്കളും ക്ഷയിച്ച് (അഗ്നി വായു ആകാശം എന്നീ അംശങ്ങൾ വർദ്ധിച്ച്) ഉണ്ടായ രോഗമാണെങ്കിൽ ആഗ്നേയഗുണാധികരോഗമെന്നും വിധിക്കാവുന്നതാണ്. ഇപ്രകാരം രോഗനിർണ്ണയം ചെയ്താൽ രോഗശമനാർത്ഥം സൗമ്യഗുണാധികരോഗങ്ങളിൽ ദേശകാലാവസ്ഥകളേയും മററും ചിന്തിച്ച് മാത്രാനുസരണം ഉഷ്ണവീര്യങ്ങളായ ഔഷധങ്ങളും ആഹാരാദികളുമാണ് ഉപയോഗിപ്പിക്കേണ്ടതു്. അതുപോലെതന്നെ ആഗ്നേയഗുണാധികരോഗങ്ങളിൽ ശീതവീര്യങ്ങളായ ഔഷധാഹാരാദികളെ ഉപയോഗിപ്പിക്കണം. ഇപ്രകാരമുള്ള ചികിത്സകൾകൊണ്ടു് ദേഹത്തിലെ പഞ്ചഭൂതാംശങ്ങളും തജ്ജന്യങ്ങളായ ധാതുക്കളും അവയുടെ വൃദ്ധിക്ഷയങ്ങളിൽനിന്നു് സാമ്യമാകുന്നതോടും രോഗശാന്തിയും ലഭിക്കുന്നതാണ്.

(തുടരും)

PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.
TELE: 'KALAN'. TRICHUR.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 24. ‖ ERNAKULAM· DECEMBER 6, 1950 ‖ N · 16


# പ്രൊ. മുണ്ടശ്ശേരിയുടെ അവാസ്തവപ്രസ്താവങ്ങൾ

"ഞങ്ങളുടെ മിത്രങ്ങളിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ" എന്നൊരു പ്രാർത്ഥനാരൂപത്തിലുള്ള പഴഞ്ചൊല്ലു ഇംഗ്ലീഷിലുണ്ടല്ലോ. ഇന്നാട്ടിലെ ന്യൂനപക്ഷസമുദായത്തിൽപ്പെട്ട, ക്രിസ്തീയസമുദായത്തിൽപ്പെട്ട, അതിലും പ്രത്യേകിച്ചു കത്തോലിക്കാ സമുദായത്തിൽപ്പെട്ട പ്രൊഫസർ മുണ്ടശ്ശേരിയുടെ കാര്യത്തിൽ ഈ പ്രാർത്ഥന ഉച്ചരിക്കേണ്ടിവന്നതു "നിർഭാഗ്യകരമായിരിക്കുന്നു." അത്രയ്ക്കു ദോഷകരമായ വാദങ്ങളാണു പനമ്പിള്ളിപ്പദ്ധതിയുടെ കാര്യത്തിൽ അദ്ദേഹം ആദ്യന്തം നടത്തിക്കൊണ്ടിരിക്കുന്നതു്. പ്രസ്തുത പദ്ധതിയെ മുക്തകണ്ഠം പ്രശംസിച്ചും അതിനോടു വിയോജിക്കുന്ന സകലരെയും അപഹസിച്ചുംകൊണ്ടുള്ള അദ്ദേഹത്തിന്റെ മൂന്നു ലേഖനങ്ങൾ മലയാളമനോരമയുടെ മൂന്നു ലക്കങ്ങളിലായി (നവംബർ 24, 27, 28) പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### മാനേജ്മെന്റുകൾ പിന്മാറിയെന്നു്

ആദ്യത്തെ ലേഖനത്തിൽ അദ്ദേഹത്തിന്റെ വാദം, "മാനേജ്മെന്റുകൾ പിന്മാറിയിരിക്കുന്നു"വെന്നാണു്. "പദ്ധതിയെ സംബന്ധിച്ചു് ഐകകണ്ഠ്യേന ഒത്തുതീർപ്പിൽ എത്തിപ്പിരിഞ്ഞ മൂന്നുകക്ഷികളിൽ ഗവമെന്റും അദ്ധ്യാപക സംഘടനകളും പ്രതിജ്ഞാബദ്ധങ്ങളായിത്തന്നെ നില്ക്കുന്നു. എന്നാൽ മാനേജർപക്ഷത്തിൽ ചിലർ പദ്ധതിയോടു ഭാഗികമായിമാത്രം സഹകരിക്കുകയും. വേറെ ചിലർ തികച്ചും നിസ്സഹകരിക്കുകയും ചെയ്തിരിക്കുന്നു. ഏററവും ന്യായവും സത്യവും ദീക്ഷിക്കുമെന്നു് എല്ലാവരും പ്രതീക്ഷിച്ചിരുന്ന പക്ഷത്തുനിന്നാണു് കോൺഫറൻസിലെ തീരുമാനങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടു പിന്മാററമുണ്ടായിട്ടുള്ളതു്." ഈ ആരോപണത്തിനു മറുപടി മാനേജ്മെന്റു് പക്ഷത്തുനിന്നു പലപ്രാവശ്യം നല്കിയിട്ടുള്ളതാണു്. തിരു-കൊച്ചി ക്രിസ്ത്യൻവിദ്യാലയ മാനേജേഴ്സ് അസോസിയേഷൻ വിദ്യാഭ്യാസമന്ത്രിക്കു് നവംബർ 26-ാം തീയതി സമർപ്പിച്ച മെമ്മോറാണ്ഡത്തിൽനിന്നു് ഈ മറുപടി ഉദ്ധരിക്കാം.

"ആഗസ്റ്റ് 12-ാംനു വിദ്യാഭ്യാസമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ഒരു യോഗത്തിലേക്കു് ആഗസ്റ്റ് 8 ാംനു ചില മാനേജർമാർക്കു ഗവമെന്റു് ക്ഷണം അയച്ചു. വളരെയധികം മാനേജർമാരും ക്ഷണിക്കപ്പെട്ടിരുന്നില്ല. ക്ഷണിക്കപ്പെട്ടവരിൽ ചിലർക്കു യോഗംകഴിഞ്ഞതാണു് ക്ഷണംകിട്ടിയതും. ആ യോഗത്തിൽ ചില കരടുനിർദ്ദേശങ്ങൾ ചർച്ചചെയ്യപ്പെടുകയും ചില താല്ക്കാലികതീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ചില മാനേജ്മെന്റുകളുടെ പ്രതിനിധികൾ, ഉദാഹരണമായി കത്തോലിക്കർ, അവരുടെ പ്രിൻസിപ്പൽസായ മെത്രാന്മാരുടെ അംഗീകാരം കിട്ടിയശേഷമേ തീരുമാനിക്കപ്പെടാവൂ എന്നു പ്രസ്താവിച്ചിരുന്നു. അതു മതിയെന്നു മന്ത്രി സമ്മതിക്കുകയുംചെയ്തു. എന്നാൽ അവരുടെ അഭിപ്രായം അറിയുന്നതിനു മുമ്പുതന്നെ 19-8-1950-ൽ ഗവമെന്റു് പ്രൊസീഡിംഗ്സു പാസാക്കി."

മാനേജ്മെന്റുകളുടെ പ്രാതിനിധ്യത്തിലുണ്ടായ ന്യൂനതയെ തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി ഒക്ടോബർ 6-ാംനു പുറപ്പെടുവിച്ച പ്രസ്താവനയിൽ ഏകദേശം മെമ്മോറാണ്ഡത്തിലെ വാക്കുകളിൽ തന്നെ വിവരിച്ചശേഷം, ഉദ്ധൃതവാക്യങ്ങളിലെ അവസാനഭാഗം ഇപ്രകാരം വിശദീകരിച്ചിട്ടുണ്ടു്.

"കൺഫറൻസിൽ ഈ പദ്ധതി സ്വീകരിപ്പിക്കുന്നതിനു ബ. മന്ത്രി സ്വാധീനം ചെലുത്തുകയും, അതിനു വഴിപ്പെടാൻ ചിലർ വൈമനസ്യം പ്രകടിപ്പിച്ചപ്പോൾ "ഈ വിദ്യാഭ്യാസപ്രശ്നം ഒരു മുതലാളി—തൊഴിലാളിതർക്കമായി ഗവമെന്റു പരിഗണിച്ചു വേണ്ടതുചെയ്യുമെന്നു്" അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു. അദ്ധ്യാപകന്മാരും മാനേജർമാരും തമ്മിലുള്ള ബന്ധം തൊഴിലാളി—മുതലാളിബന്ധമല്ല. വിദ്യാഭ്യാസമന്ത്രിയുടെ ആ പ്രസ്താവന നിർഭാഗ്യകരമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. കത്തോലിക്കാ സ്കൂൾമാനേജർമാരുടെ പ്രതിനിധികൾക്കു് ഈ പദ്ധതിയിലെ ചില വ്യവസ്ഥകൾ സമ്മതിക്കുവാൻ അധികാരമില്ലെന്നു പറഞ്ഞപ്പോൾ, തങ്ങളുടെ നേതാക്കന്മാരുമായി ആലോചിച്ചു അവരുടെ തീരുമാനം അറിയിക്കണമെന്നു് ബ. മന്ത്രി ആവശ്യപ്പെടുകയും ആ തീരുമാനംകൂടി അറിഞ്ഞശേഷം മാത്രമേ ഗവ: അന്ത്യതീരുമാനംചെയ്യുകയുള്ളുവെന്നു് കൺഫറൻസിൽവച്ചു് അദ്ദേഹം അവർക്കു് ഉറപ്പുനല്കുകയും ചെയ്തു. എന്നാൽ കത്തോലിക്കാ മാനേജർമാരുടെ അഭിപ്രായം ബ. മന്ത്രിയെ അറിയിക്കുന്നതിനുമുമ്പുതന്നെ (ആഗസ്റ്റ് 19-ാംനു) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഗവ: പ്രൊസീഡിംഗ്സ് പാസാക്കി സ്കൂൾമാനേജർമാരെ അറിയിച്ചു. ഇത്ര ധൃതിയിൽ അന്ത്യതീരുമാനം ചെയ്തതു് ബ. മന്ത്രി മാനേജർമാർക്കു കൊടുത്തിരുന്ന ഉറപ്പിനു വിപരീതമല്ലയോയെന്നു് കത്തോലിക്കാ സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡന്റു് വിദ്യാഭ്യാസമന്ത്രിയെ കണ്ടു ചോദിച്ചപ്പോൾ "ഞാൻ ഇവിടെ ഇല്ലായിരുന്നു" എന്നു മറുപടി പറഞ്ഞതായിട്ടാണു് അറിയുന്നതു്. ഇത്ര തിടുക്കത്തിൽ അദ്ദേഹം സ്വീകരിച്ച നയം അദ്ധ്യാപകന്മാരെയും മാനേജർമാരേയും പരസ്പരം ഭിന്നിപ്പിക്കുന്നതിനു പശ്ചാത്തലമാണു് ... ... ... നേരത്തേ നിശ്ചയിച്ചുവെച്ച ഒരു പ്ലാനിന്റെ പ്രയോഗമായിരുന്നു ഇതെന്നു് അപ്പോളാണു് മാനേജർമാർക്കു മനസ്സിലായതു. കാലേകൂട്ടി പ്ലാൻ തയ്യാറാക്കി മാനേജർമാരുടെ പര്യാലോചനയ്ക്കു വേണ്ട സമയമനുവദിക്കാതെ പൊടുന്നനവേ പദ്ധതി സ്വീകരിക്കുന്നോ എന്നുള്ള ചോദ്യത്തോടുകൂടി അതു് അവതരിപ്പിച്ചു."

ഈ വസ്തുതകളുടെ വെളിച്ചത്തിൽ "പദ്ധതിയെ സംബന്ധിച്ചു ഐകകണ്ഠ്യേന ഒത്തുതീർപ്പിൽ എത്തിപ്പിരിഞ്ഞ മൂന്നുകക്ഷികൾ" എന്ന മി: മുണ്ടശ്ശേരിയുടെ ഖണ്ഡിതമായ പ്രസ്താവം "അത്യന്തം നിർഭാഗ്യകരമായിപ്പോയെന്നു പറയട്ടെ."

ഈ ത്രികക്ഷിസമ്മേളനത്തിൽ മാനേജ്മെന്റുകളുടെ പ്രാതിനിധ്യക്കുറവിനേയും നിർദ്ദേശങ്ങളുടെ താല്ക്കാലികസ്വഭാവത്തേയുംകുറിച്ചു ഇവിടെ പറഞ്ഞിട്ടുള്ളവ വിസ്മരിച്ചാൽതന്നെയും ഒരു സംഗതി അനിഷേധ്യമാണു്—വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകാരം കിട്ടിയശേഷമേ സമ്മേളനത്തിലെ നിർദ്ദേശങ്ങൾ സമ്മതിക്കുവാൻ കത്തോലിക്കാമാനേജ്മെന്റുകൾ ഒരുക്കമായിരുന്നുള്ളുവെന്നതാണതു്. ത്രികക്ഷിസമ്മേളനത്തിന്റെ റിപ്പോർട്ടിൽ ഈ വസ്തുത സ്പഷ്ടമായി പറഞ്ഞിരുന്നുവെന്നും, അതനുസരിച്ചു വൈദികാദ്ധ്യക്ഷന്മാർ പ്രസ്തുത നിർദ്ദേശങ്ങളെപ്പററി ആലോചന നടത്തിയെന്നും പൊതുവിൽ സകലർക്കുമറിയാം. എന്നാൽ ആലോചനയുടെ ഫലം അറിയുന്നതിനുമുമ്പുതന്നെ പുതിയ പദ്ധതി ഗവമെന്റു് പ്രൊസീഡിംഗ്സിന്റെ രൂപത്തിൽ പാസാക്കപ്പെട്ടു. ഈ സ്ഥിതിക്കു "കോൺഫറൻസിലെ തീരുമാനങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടു പിന്മാററമുണ്ടായിട്ടുള്ളതു്" മാനേജർ പക്ഷത്തുനിന്നല്ല, പ്രത്യുത ഗവമെന്റുപക്ഷത്തുനിന്നാണെന്നു സ്പഷ്ടമല്ലയോ?

### വാദമുഖങ്ങൾ കൂട്ടിക്കുഴയ്ക്കുന്നോ?

മി. മുണ്ടശ്ശേരി തുടരുന്നു: "പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൗലികനീതികൾ ഇന്നോ ഇന്നലെയോ പ്രഖ്യാപിക്കപ്പെട്ടവയല്ല. അവശതകൾ പരിഹരിച്ചുകിട്ടുവാൻ അദ്ധ്യാപകന്മാർ കഴിഞ്ഞ ഒന്നിൽപ്പരം കൊല്ലമായി ഗവമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിലും അവയെ വിവരിച്ചു പൊതുജനങ്ങളെ മനസ്സിലാക്കുവാൻ നടത്തിയിട്ടുള്ള യോഗങ്ങളിലും പ്രസിദ്ധീകരണങ്ങളിലും പ്രസ്തുത നീതികളെപ്പററി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു. ആ നിവേദനങ്ങളും യോഗത്തിന്റെ റിപ്പോർട്ടുകളും തുടരെത്തുടരെ പത്രപംക്തികളിൽ വന്നുകൊണ്ടിരുന്നു. ഇന്നു മൗലികാവകാശധ്വംസനത്തിന്റെ പേരിൽ പ്രക്ഷുബ്ധരായിട്ടുള്ള മാനേജർമാരാകട്ടെ അവരുടെ ഭാഗംപിടിച്ചു വാദിക്കുവാൻ ഔൽസുക്യം കാണിക്കുന്ന സമുദായപ്രമാണികളാകട്ടെ പത്രാധിപന്മാരാകട്ടെ അന്നൊന്നും അവയെ ചോദ്യംചെയ്തില്ല. വിമർശിച്ചുമില്ല. നേരെമറിച്ചു് അവയെ മൗനമായി പിൻതാങ്ങിക്കൊണ്ടിരുന്നവരായിരുന്നു അധികവും. ഇപ്പോൾ ദുർഘടംപിടിച്ച പ്രൈവററു് സ്കൂൾ പ്രശ്നത്തിനു തക്ക സമാധാനം ഉണ്ടാകുമെന്നുവന്ന സന്ധിയിൽ ഈ പറഞ്ഞ ശക്തികളെല്ലാം അണിനിരന്നു് പദ്ധതിയെ പരാജയപ്പെടുത്തുവാൻ കരുക്കളായി തീർന്നിരിക്കുന്നതു് വളരെ വിചിത്രമായിരിക്കുന്നു."

അതെ, വളരെ വിചിത്രമായിരിക്കുന്നു, പദ്ധതിയിലെ വ്യത്യസ്തങ്ങളായ രണ്ടംശങ്ങളെ മി: മുണ്ടശ്ശേരി ഏററവും സമർത്ഥമായി കൂട്ടിക്കുഴയ്ക്കുന്നതു്. അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കുവാനുള്ള അംശവും മാനേജ്മെന്റുകളുടെ അവകാശങ്ങൾ ധ്വംസിക്കുവാനുള്ള അംശവും അദ്ദേഹം വേർതിരിക്കുന്നില്ല. പ്രൈവററു് സ്കൂളുകളെ "എക്സ്പ്ലോയിററ്" ചെയ്യുമെന്നുള്ള മന്ത്രിയവർകളുടെ വാഗ്ദാനത്തിന്റെ പാചനത്തിൽ അവയെ "ലിക്വിഡേററു" ചെയ്യുവാൻ അദ്ദേഹം പ്രയോഗിച്ചിരിക്കുന്ന തന്ത്രങ്ങളെ മി. മുണ്ടശ്ശേരി സൂത്രത്തിൽ മറച്ചുവയ്ക്കുന്നു. അദ്ദേഹം പറയുന്ന നിവേദനങ്ങൾ, യോഗങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പത്രറിപ്പോർട്ടുകൾ, ഇവയൊക്കെ പ്രൈവററുസ്കൂളുകളിലെ ഫീസു പിരിവു് അദ്ധ്യാപകന്മാർക്കു ശരിയായ ശമ്പളംകൊടുക്കുവാൻവേണ്ടി, ഫീസ് ഗവമെന്റു ചുമത്തുന്ന "പരോക്ഷമായ നികുതി"യാണെന്ന ന്യായം പറഞ്ഞു * ഗവമെന്റു് ട്രഷറിയിൽ അടച്ചുകൊള്ളണമെന്നുള്ള "മൗലികനീതി" പുലർത്തുവാൻ വേണ്ടിയായിരുന്നോ? അദ്ധ്യാപകർക്കു ശമ്പളംകൊടുക്കുന്ന ചുമതല മാനേജരുടെ നീതിയററ കൈകളിൽനിന്നെടുത്തു് സർക്കാരിന്റെ കാരുണ്യമേറിയ കരങ്ങളിൽ സമർപ്പിക്കേണ്ടതാണെന്നു വാദിക്കുവാനായിരുന്നോ? മാനേജർമാർക്കു അദ്ധ്യാപകനിയമനത്തിൽ പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുവാൻ വേണ്ടി അവർ സർക്കാരിൽനിന്നു കൊല്ലംതോറും പ്രസിദ്ധംചെയ്യുന്ന അംഗീകൃതലിസ്റ്റിൽനിന്നുവേണം അദ്ധ്യാപകരെ തിരഞ്ഞെടുത്തു നിയമിക്കുവാനെന്ന അനിതരസാധാരണമായ കണ്ടുപിടുത്തം പ്രയോഗത്തിൽ വരുത്തുവാൻവേണ്ടിയായിരുന്നോ? അങ്ങനെയായിരുന്നെങ്കിൽ ഇന്നു "മൗലികാവകാശധ്വംസനത്തിന്റെ പേരിൽ പ്രക്ഷുബ്ധരായ മാനേജർമാരേയും, അവരുടെ ഭാഗം പിടിച്ചു വാദിക്കുവാൻ ഔൽസുക്യം കാണിക്കുന്ന സമുദായപ്രമാണികളേയും പത്രാധിപന്മാരേയും" മി. മുണ്ടശ്ശേരി "മൗലികനീതിയിന്മേൽ കിട്ടുന്ന ആദായം" മോഹിക്കുന്നവരെന്നും, "വർഗ്ഗീയ സംഘടനാമൂപ്പന്മാർ" എന്നും, "മുരടിച്ച മുതലാളിത്തവ്യവസ്ഥയുടെ വിശ്വാസപ്രമാണം" സ്വീകരിക്കുന്നവരെന്നും, "തൽപ്പരകക്ഷികൾ" എന്നും മററും താറടിക്കുന്നതു് തികച്ചും അഭിനന്ദനീയംതന്നെ. എന്നാൽ ഈ താറടിയിൽ ഒരു ദൂഷ്യമേയുള്ളു. ഇവരെല്ലാം യഥാർത്ഥത്തിൽ എതിർക്കുന്നതു് പദ്ധതിയിൽ അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കുവാൻ കൊള്ളിച്ചിട്ടുള്ള അംശത്തെയല്ല, പ്രത്യുത അതിനോടു ആഭ്യന്തരമായ യാതൊരുബന്ധമില്ലാത്തതും എന്നാൽ പ്രൈവററുസ്കൂളുകളുടെ അസ്തിത്വത്തെപ്പോലും അപകടത്തിലാക്കുന്നതുമായ അംശത്തോടാണെന്നുള്ള യാഥാർത്ഥ്യത്തിന്റെ ഗോപനമാണതു്. വാദമുഖങ്ങൾ കൂട്ടിക്കുഴച്ചു് മന്ത്രിയുടെ ഭാഗംപിടിച്ചു വാദിക്കുവാൻ മി. മുണ്ടശ്ശേരി പ്രകടിപ്പിക്കുന്ന ഔൽസുക്യത്തിനു വിജയനമസ്കാരം! അദ്ധ്യാപകസൈന്യത്തിന്റെ സേനാനിയെന്നോണം അവരെ അണിനിരത്തി, അവർക്കു് ഇതുവരെ അന്നദാനത്തിനുള്ള മാർഗ്ഗങ്ങൾ കെട്ടിപ്പടുക്കുകയും അവ വർദ്ധിപ്പിക്കുവാൻ ഫീസുപിരിവു് സൊരുമിച്ചുകൂട്ടാമെന്നു് ത്യാഗപൂർവ്വം സമ്മതിക്കുകയുംചെയ്ത പ്രൈവററു് സ്കൂളുകളെ പരാജയപ്പെടുത്താൻ കരുക്കളായിത്തീരത്തക്കവണ്ണം പണിമുടക്കെന്ന ആയുധം പ്രയോഗിച്ചു പൊരുതിക്കുവാൻ തനിക്കു കഴിഞ്ഞല്ലോയെന്നതിൽ അദ്ദേഹത്തിനു കൃതാർത്ഥതയടയാൻ വകയുണ്ടു്!!

### പദ്ധതിയെ ക്രിസ്ത്യാനി എങ്ങനെ വീക്ഷിക്കണം

"പനമ്പള്ളിപ്പദ്ധതിക്കെതിരായി എല്ലാ ന്യൂനപക്ഷങ്ങളും അണിനിരക്കണം" എന്ന തലക്കെട്ടിൽ ഒരു മുസ്ലീംമാന്യൻ (എം. അബ്ദുൽഖാദർ, ചങ്ങനാശ്ശേരി) ഈയിടെ എഴുതിയ ലേഖനത്തിലെ താഴെ കാണുന്ന ഭാഗം വല്ല "വർഗ്ഗീയ സംഘടനാമൂപ്പന്മാരും" പദ്ധതിക്കുവേണ്ടി വാദിക്കുന്ന ക്രിസ്ത്യാനിയുടെ ദൃഷ്ടിയിൽപെടുത്തിയെന്നുവരാം. "ശ്രീ പനമ്പള്ളിയുടെ വിദ്യാഭ്യാസപദ്ധതിയിൽ ഈ രാഷ്ട്രത്തിൽ വർദ്ധിച്ചുവരുന്ന ക്രിസ്തീയ പ്രാഭവത്തിനു് ഉടവുതട്ടത്തക്ക പല അവ്യക്താംശങ്ങളും അടങ്ങിയിട്ടുണ്ടെന്നുള്ള സംഗതി നിഷേധിക്കത്തക്കതല്ല. പ്രസ്തുതപദ്ധതി ആമൂലാഗ്രം ന്യായമായ ഒരു വിമർശനത്തിനു വിധേയമാക്കുന്നപക്ഷം മേല്പറഞ്ഞവിധമുള്ള പല അംശങ്ങളും അതിൽനിന്നു പ്രസ്പഷ്ടമാകുന്നതാണു്. ഒരുപക്ഷെ ഇവയൊന്നും ശ്രീ പനമ്പള്ളി കണ്ടില്ലെന്നും വരാവുന്നതാണു്. എങ്കിലും ഒരു ക്രിസ്ത്യാനിയുടെ നിലയിൽ നിന്നുകൊണ്ടു സൂക്ഷ്മനിരീക്ഷണംചെയ്യുന്നപക്ഷം അവ ഓരോന്നും അദ്ദേഹത്തിനുതന്നെ കാണുവാൻ കഴിയുന്നതാണു്."

ഈ മുസ്ലീം മാന്യന്റെ അഭിപ്രായം പ്രൊഫസർ മുണ്ടശ്ശേരിക്കു സ്വീകാര്യമായിരിക്കുമെന്നു തോന്നുന്നില്ല. അതിനു കാരണം ഇക്കഴിഞ്ഞ ഒക്ടോബർ 11-ാംനു എറണാകുളം മഹാരാജകീയ കലാശാലയിലെ ഭാഷാസാഹിത്യമണ്ഡലം ഉൽഘാടനം ചെയ്തുകൊണ്ടു പ്രൊ. മുണ്ടശ്ശേരി ചെയ്തപ്രസംഗത്തിന്റെ "മലയാളരാജ്യ"റിപ്പോർട്ടിൽ കാണുന്നുണ്ടു്. "സംഘടനകളുടെ പരിപാടികളോ നിയന്ത്രണങ്ങളോ ഒന്നും വകവയ്ക്കാതെ അഞ്ചോ ആറോ ബുദ്ധിമാന്മാർ ഓരോ കാലഘട്ടത്തിൽ ചിന്തിക്കുന്നതിനായുണ്ടാകും. അവർ ചിന്തിക്കും. അവർ സംഘടനയിൽനിന്നു ഭ്രഷ്ടരായേക്കാം. അപഹസിക്കപ്പെട്ടേക്കാം. എങ്കിലും അവരുടെ ചിന്തകൾ പുതിയ തലമുറ ഉൾക്കൊള്ളും. എത്രവൻപിച്ച നിയന്ത്രണങ്ങൾ ഉണ്ടായാലും അതിൽനിന്നെല്ലാം മാറി അഞ്ചോ ആറോ പേർ അങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കും. അങ്ങനെ ചിന്തിക്കാൻ അവകാശം കിട്ടുന്ന ഫ്റീപാസുകാരന്മാരാണു് സാഹിത്യകാരന്മാർ, കലാകാരന്മാർ. ബർണാഡ് ഷാ, പ്രീസ്റ്റ്ലി, ഹാൽഡെയിൻ തുടങ്ങിയവർ അത്തരത്തിലുള്ള ഫ്റീപാസുകാരാണു്." പ്രൊഫസർ മുണ്ടശ്ശേരി നമ്മുടെ പുരോഗമനസാഹിത്യകാരന്മാരിൽ എണ്ണപ്പെട്ട ഒരാളാണല്ലോ. ഇപ്പറഞ്ഞ സംഘടനകളുടെ കൂട്ടത്തിൽ കത്തോലിക്കാസഭയേയും അദ്ദേഹം ഉൾപ്പെടുത്തിയിരിക്കുകയാണു്. "ഒരു കലമേനിനിലവാരത്തിൽ ആളുകളെ സംഘടിപ്പിച്ചു നിർത്തുന്ന ഒരു പതിവു

ണ്ടു്. ഉദാഹരണത്തിനു റോമൻ കത്തോലിക്കാചർച്ച്, പ്രോട്ടസ്റ്റൻറു്ചർച്ച് എന്നീ സംഘടനകൾ." കോൺഗ്രസ്, സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയെപ്പററി പറഞ്ഞശേഷം ഇങ്ങനെ തുടരുന്നു:- "ഈ സംഘടനകളെക്കുറിച്ചു ഒരുകാര്യം നിങ്ങൾ മനസ്സിലാക്കണം. മനുഷ്യത്വത്തിൻെറ മാക്സീമം—പരമാവധി—ഈ സംഘടനകൾക്കില്ല. വെറും കലമേനിയെ മാത്രമേ കണക്കാക്കുന്നുള്ളു. കത്തോലിക്കാസംഘടനയായാലും കൊള്ളാം, പ്രോട്ടസ്റ്റൻറു സംഘടനയായാലും കൊള്ളാം ആ കലമേനി മനുഷ്യനിലവാരത്തെ അടിസ്ഥാനമാക്കിയുള്ളതാണു്. ഉദാഹരണത്തിനു് കത്തോലിക്കാസഭയെത്തന്നെ എടുക്കുക. അതിൽ പ്രത്യക്ഷമായ പല പരിപാടികളുമുണ്ടു്. ഈശ്വരകല്പനതൊട്ടു കാണികൾക്കു കാണാവുന്ന പലതും. പ്രാകൃതികദശയിൽനിന്നും വളരെയധികം വളന്നിട്ടില്ലാത്ത തങ്ങളുടെ ജോലിയിൽ ഏപ്പെട്ടു് അധ്വാനിച്ചു ജീവിതങ്ങൾ പോക്കുന്നവരാണു് ഇത്തരം സഭകളിലുള്ളതു്. അങ്ങനെയുള്ള ജനങ്ങളുടെ മനസ്സിനെ ആകർഷിക്കാൻ കണ്ണുകൊണ്ടു കാണാവുന്ന, സ്പർശിക്കാവുന്ന, ഇന്ദ്രിയവിഷയങ്ങളായ പല കർമ്മങ്ങളും നടത്തുന്നുണ്ടു്. അതു് അങ്ങനെ എന്നും നിലനിത്തുന്നതുകൊണ്ടുതന്നെ മനസ്സിലാക്കാം, വെറും കലമേനിനിലവാരത്തെ അടിസ്ഥാനമാക്കിയാണു് ഇതെല്ലാം ചെയ്യുന്നതെന്നു്... ഇങ്ങനെയുള്ള സംഘടനകൾമൂലം സമഗ്രമായ അഭിവൃദ്ധി എങ്ങനെ? സംഘടനകൾക്കു ചില പരിപാടികൾ ഉണ്ടു്. പരിപാടികളും നിയന്ത്രണങ്ങളും നിഷ്കൃഷ്ടമായിപ്പാലിച്ചാൽ ഒടുവിൽ ആ സംഘടനമാത്രമേ നിലനില്ക്കുകയുള്ളു. ക്രിയാവിധികൾക്കു് (Rituals) പ്രാധാന്യം നൽകിയാൽ ഒടുവിൽ ആത്മാർത്ഥതയുണ്ടാകുവാൻ ഞെരുക്കമായിരിക്കും." കാനോൻ നിയമമുണ്ടായാലെന്തു, വൈദികാദ്ധ്യക്ഷന്മാർ സംയുക്തനിർദ്ദേശങ്ങൾ നൽകിയാലെന്തു്? ബർണാഡ്ഷായേയും മററും അനുകരിക്കുന്ന സാഹിത്യകാരന്മാർ ആ നിയന്ത്രണങ്ങളിൽനിന്നെല്ലാം മാറിനിന്നു സ്വതന്ത്രമായി ചിന്തിക്കാനർഹതയുള്ള ഫ്റീപാസുകാരാണു്! (തുടരും)

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

വി. മറിയംഗൊരെത്തിയുടെയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ എൻെറ മകളുടെ ആദ്യപ്രസവാപകടത്തിൽനിന്നു രക്ഷിച്ചതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

എന്നു് വി. ഒ. ഔസേപ്പുണ്ണി


## വിലകുറച്ചിരിക്കുന്നു

"യാക്കോബായസഭയും റീത്തു പാത്രിയർക്കീസും." ഗ്രന്ഥകർത്താ: ഫാ. തോമസ്സ് ഇഞ്ചെയ്ക്കലോടി. 1- കോപ്പിക്കു 6 ണ. 3-കോപ്പിക്കു് 1 ക. മാത്രം.

ഉടൻ അപേക്ഷിക്കുക.

ഫാദർ ഇഞ്ചെയ്ക്കലോടി
പന്തളം A. O. & P. O.

## "മാതൃഹാരം"

ഒരു പുതിയ പാട്ടുപുസ്തകം. 1ണ. 6 പ.
മയ്യൻകോൺഗ്രസിനു മനോഹരതിലകം
ഭക്തിവഴിയുന്ന ഗാനപീയൂഷം
മധുരപദാവലികളുടെ സാരള്യം
കാതും കരളും കുളുപ്പിക്കുന്ന ഹിന്ദി
വർണ്ണമട്ടുകൾ
റവ. ജെ. കെ. അവർകളുടെ ഒരു നൂതന
സംഭാവന
ഉടനെ ആവശ്യപ്പെടുവിൻ
തിരുക്കുടുംബാശ്രമം, പെരുമ്പടപ്പു്,
പള്ളുരുത്തി.


## സൗജന്യവിതരണ ഫണ്ടു്

(അകത്തോലിക്കർക്കു സൗജന്യമായി സത്യദീപം അയച്ചുകൊടുക്കാനുള്ളതു)

എടപ്പിള്ളിപള്ളി ക. 25


Wanted Graduates or S. S. L. C. Trained Teachers with ten years' experience. Apply in person, within a week. Classes unaided.

Manager
L. S. S. Balanubodhini,
Cranganore.

30—11—1950

## FIXED DEPOSITS

2 years 4½%
1 — 4%
6 months 3%

The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

## കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—
കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

ഡയറക്ടറന്മാർ
മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. റി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

## 3 സ്ഥലങ്ങളിൽ!

തൃശൂർ റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള ഫ്രാൻസിസ് ബിൽഡിങ്ങ്സിൽ എല്ലാ തിങ്കളാഴ്ചയും കാലത്ത് 8. മുതൽ വൈകുന്നേരം 5മണി വരെയും,

എറണാകുളം സൌത്ത് റെയിൽവെ സ്റ്റേഷനു സമീപമുള്ള കെട്ടിടത്തിൽ എല്ലാ ബുധനാഴ്ചയും കാലത്ത് 9. മുതൽ വൈകുന്നേരം 4 മണി വരെയും,

ആലുവാ റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള പങ്കജം ബിൽഡിങ്ങ്സിൽ എല്ലാ വ്യാഴാഴ്ചയും കാലത്ത് 8. മുതൽ വൈകുന്നേരം 4 മണി വരെയും,

വയറുവേദന, മൂലക്കുരു, ഗ്യാസ്ട്രബ്ൾ, നീർവീഴ്ച, ചുമ, ഏങ്ങൽ, രക്തദൂഷ്യം, രക്തവാതം, രക്തപിത്തം, വായുകോപം, നീരിറക്കം, അസ്ഥിസ്രാവം

തുടങ്ങിയ ചില രോഗങ്ങൾ മൂലം ദീർഘകാലമായി ക്ലേശമനുഭവിക്കുന്നവർക്കും, ക്ഷയാരംഭമുള്ളവർക്കും നിവാരണമാർഗ്ഗം ഉപദേശിപ്പാനായി കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ ഉണ്ടായിരിക്കുന്നതാണ്

കാളൻ ആയുർവ്വേദിക്ക് ഫാർമസി.
(റെയിൽവേ സ്റ്റേഷനു സമീപം) നെല്ലായി. P.O
TELE: 'KALAN' TRICHUR.

# SEASIA BANK LIMITED

## H. O. ALLEPPEY

THE BANK ACCEPTS SHORT AND LONG TERM DEPOSITS AND MAKES ADVANCES AGAINST APPROVED SECURITIES ON FAVOURABLE TERMS.

GENERAL BANKING BUSINESS TRANSACTED.

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. I. B. (Secretary)
P. M. Eapen, Bsc., B. L., (Agent, Manimala Br.)

1. ക്രിസ്തുമസ്സ കാർഡുകൾ, ക്രിബുകൾ, ചൈനാവിളക്കുകൾ
2. 1951-ലെ ഷീററുകലണ്ടർ ഓരോ ഷീററിലും ഓരോ ബ്ളോക്കുകൾ. 0—8—0 കൂടാതെ ചൈനാപേപ്പറിൽ അടിച്ച ഉണ്ണിയുടെ പടങ്ങൾ പലേ സൈസിൽ.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മേൽ A. O. & P. O.


## രണ്ടുകാര്യം

(തോമസ് സിബാസ്റ്റ്യൻ ബി. എ. എൽ. ററി.)

രണ്ടു കാര്യം ഭയന്നാണു് ഞാൻ കാഞ്ഞിരപ്പള്ളിയിൽനിന്നു ഞാറയ്ക്കലേക്കു ലാവണം മാററിയതു്—അദ്ധ്യാപകസ്ട്രൈക്കും ബസ്സുയാത്രയും. സ്ട്രൈക്കുകാര്യത്തിൽ എനിക്കെന്തോ വലിയ മനഃപ്രയാസമുണ്ടു്. പ്രത്യേകിച്ചു അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും സ്ട്രൈക്കു ചെയ്യുന്നകാര്യത്തിൽ—അതുപോലെ തന്നെ ബസ്സുയാത്രയും. ഇടിക്കാനും ഇടികൊള്ളാനും വേണ്ട കരുത്തില്ലാത്തതാണതിനുകാരണം.

പക്ഷെ "പടപേടിച്ചു പന്തളത്തുചെന്നപ്പോൾ പന്തോം കൊളുത്തി പട." എന്തുചെയ്യും? മാസത്തിൽ രണ്ടുപ്രാവശ്യം വേമ്പനാട്ടുകായൽ അക്കരെ ഇക്കരെ കടക്കണം പോലും. ഒന്നു 6-ാം തീയതി പത്തുരണ്ടായിരം ഉറുപ്പിക ഫീസുപിരിയുന്നതു ഖജനാവിൽ അടയ്ക്കാൻ. മററു 10-ാം തീയതി അതു തിരികെ വാങ്ങിക്കൊണ്ടുവരാൻ. ഇതു വേനൽ വർഷം 12 മാസവും വേണം താനും. പക്ഷെ രണ്ടും O. D. ആയിരിക്കും. 1000 സ്കൂളുകളിലെ പണമാണു് അന്നു ഏതാനും ട്രഷറികളിൽ മററു ദൈനംദിനകൃത്യങ്ങൾക്കിടയിൽ വന്നുചേരുന്നതു്. സർക്കാർസ്കൂളുകളിലേതു ഇതിനും പുറമെ. ഇടിക്കാതെയും ഇടികൊള്ളാതെയും കാര്യം നടക്കുമെന്നു തോന്നുന്നുണ്ടോ? ബസ്സിലെ ഇടിയല്ല ട്രഷറിയിലെ ഇടി. കാഞ്ഞിരപ്പള്ളിക്കാരെന്നെ ആക്ഷേപിക്കേണ്ടാ. എനിക്കൊരു ഫെച്ചമുണ്ടു്. കമ്പിയിൽ തൂങ്ങിക്കിടന്നു ഇടികൊള്ളേണ്ട കാര്യമില്ല. കൗണ്ടറിനകത്തു കയറി ശരിക്കുനിന്നുകൊണ്ടു ഇടികൊള്ളാൻ സാധിക്കും. ആവൂ, ഈശ്വരോ രക്ഷതു. കാര്യം തീരുമ്പോൾ മടങ്ങി എത്താൻ ലാസ്റ്റ്ബോട്ടും പോയിക്കഴിഞ്ഞെങ്കിൽ സുഖമായി. അന്നു കൈവാസംതന്നെ അഭയം. ആകെക്കൂടെ ഓരോ പ്രാവശ്യവും ചെലവു ഒരഞ്ചുരൂപയും. അതു മാനേജരുടെ 20-ൽ നിന്നു തരുമോ, എന്തോ. പണമടയ്ക്കുന്ന കാര്യം ഹെഡ്മാസ്റ്ററുടേതെന്നാണു് വയ്പു്.

അതാവരുന്നു അശരീരിയാസ്ത്രംപോലൊരു ചോദ്യം "താൻ പോകണോ? പ്യൂണില്ലേ പോകാൻ?"

ചിന്നിക്കരയോടു ചോദിച്ചപ്പോൾ പാവം കരയാൻതുടങ്ങി:"ഇന്നാള് ആരാണ്ടു എങ്ങാണ്ടു കുറെ രൂപയുമായി ബോട്ടിൽ പോയപ്പോൾ ബോട്ടു ഒരു കുററിയിൽതട്ടി പൊട്ടി മുങ്ങി. ആൾ പണവുംകൊണ്ടു പുഴയുടെ അടിയിലേക്കു പോയിട്ടു മാസം മൂന്നായി. ഇതുവരെ വന്നിട്ടില്ല. പിന്നെങ്ങനെ മനസ്സുറപ്പിച്ചു കടൽവായിൽക്കൂടെ പോകാനും വരാനുമാ. നമ്മുടെ സർക്കാർസ്കൂളിൽനിന്നു പ്യൂൺ ട്രഷറിയിൽ അടയ്ക്കാൻ കൊണ്ടുപോയ രൂപാ ട്രഷറിത്തിണ്ണയിൽവച്ചു ആരോ പോക്കററടിച്ചതിനു ആ പാവം മാസം 5 രൂപാവീതം തവണയടയ്ക്കാൻ തുടങ്ങിയിട്ടു കൊല്ലം എട്ടുപത്തായി. വയസ്സൻ അങ്ങേലോകത്തുപോയാലും കുറെ തവണകൾ അവിടെ നിന്നയച്ചു കൊടുത്തെങ്കിലെ പിള്ളേരുടെ കടം തീരുകയുള്ളു. പിന്നെ, കല്പിച്ചാൽ, ചോറല്ലെ, പോകാതിരിക്കാനൊക്കുമോ" എന്നെല്ലാം ഒരു പദംപെറുക്കു്.

ഒടുവിൽ ഞാൻതന്നെ പൊയ്ക്കളയാമെന്നു വച്ചിരിക്കുകയാണു്. പോക്കററടിച്ചാലും പുഴയിൽ മുങ്ങിയാലും ഉത്തരവാദി ഹെഡ്മാസ്റ്ററല്ലെ. തയാറെടുത്തു തുടങ്ങിയിട്ടുണ്ടു്.

രണ്ടുകാര്യം ഏതെല്ലാമാണെന്നോ? ഒന്നു ബസ്സും സ്ട്രൈക്കും. മററതു ബോട്ടും പോക്കററടിയും.

—

## വിനോദവീഥി



ഭർത്താവു്: "എനിക്കുള്ള വരവുകൊണ്ടു മാത്രം നിൻെറ ചെലവുകൾ നടത്താമെന്നു് നിനക്കു വിശ്വാസമുണ്ടോ?"

ഭാര്യ: "ഞാനങ്ങനെ ചെയ്യാമെന്നു വയ്ക്കാം. അപ്പോൾ നിങ്ങളുടെ ചെലവിനു് എന്താണു മററു മാർഗ്ഗം?"

* * *

ഡോക്ടർ: "എന്താ സുഖക്കേടു്?"

രോഗി: "അതു നിങ്ങൾ കണ്ടുപിടിക്കണം. അതിനല്ലെ നിങ്ങളെ വിളിച്ചതു്."

ഡോക്ടർ: "അതു ശരി. എന്നാൽ എൻെറയൊരു സ്നേഹിതനെ ഇങ്ങോട്ടു പറഞ്ഞയക്കാം. അദ്ദേഹമൊരു മൃഗഡോക്ടരാണു്. ചോദ്യങ്ങൾ ചോദിക്കാതെ രോഗം കണ്ടുപിടിക്കാൻ അദ്ദേഹത്തിനുമാത്രമേ സാധിക്കയുള്ളു."

* * *

സ്നേഹിതൻ: "എന്താ ഡോക്ടരെ ഇന്നൊരു ഉഷാറില്ലാത്തതു്?"

ഡോക്ടർ: "ഞാനൊരാളെ മഞ്ഞപ്പിത്തത്തിനു ചികിത്സിക്കയായിരുന്നു. ഇന്നു കാലത്താണു മനസ്സിലായതു അയാളൊരു ചൈനാക്കാരനാണെന്നു്."

* * *

നാട്ടുവൈദ്യൻ കഷായത്തിനെഴുതി: "മാതളനാരങ്ങാ, ഇല്ലെങ്കിൽ പൂവു്..." മാതളനാരങ്ങകിട്ടിയശേഷം "ഇല്ലെങ്കിൽപ്പൂവു്" അന്വേഷിച്ചുതുടങ്ങി. ഇതേവരെ കിട്ടിയിട്ടില്ല.

നീതികഥ

# കുഞ്ഞാടും കൊതുകും

(ജി. സി. ടീലാർ)

വേനൽക്കാലം. ഗുഹകളിൽ ഒളിച്ചിരുന്ന കൊതുകുകൾ കൂട്ടത്തോടെ പുറത്തേക്കുവന്നു. ഇരുട്ടിക്കഴിഞ്ഞാൽ കേൾക്കാം കണ്ണുകരോരമായ ഒരു മൂളൽ. പുതപ്പിട്ടുമൂടിയാലും ചെവിയുടെ സ്ഥാനം അതിനറിയാമെന്നുതോന്നും. ചെവിക്കകത്തേക്കു തെരുതുകയറുകയാണ് ആ ഇരച്ചിൽ. പലരെയും ദ്രോഹിച്ചാണ് അതു പള്ളവീർപ്പിക്കാറുള്ളത്. പാലും മുട്ടയും അതിനാവശ്യമില്ല. ഞരമ്പിൽനിന്നും വലിച്ചെടുക്കയാണു ചുടുരക്തം. മനുഷ്യർ വിളക്കണച്ച് ആ ക്ഷുദ്രജന്തുവിൽനിന്നും രക്ഷപെടാൻ ശ്രമിക്കും. ചിലപ്പോൾ പുകച്ചോടിക്കയും ചെയ്യാറുണ്ട്. പക്ഷേ വഞ്ചനയും ചതിയുംമാത്രം അഭ്യസിച്ചിട്ടുള്ള ആ ജന്തു ശബ്ദിക്കാതെ ദേഹത്തു വന്നിരുന്ന് അതിന്റെ ജോലി നിർവ്വഹിച്ചുകളയും. മനുഷ്യന്റെ ബുദ്ധി വീണ്ടും പ്രവർത്തിച്ചു. കട്ടിലിനു ചുററും കൊതുകുവല ഇട്ട് അവൻ കാര്യംനേടി. കൊതുകിനു പരാജയവും.

മൃഗങ്ങളെയാണ് അവൻ സമീപിച്ചതു പിന്നെ. മിണ്ടാപ്രാണികൾക്ക് യാതൊരു പ്രതിവിധിയും കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. കാലിക്കൂട്ടിലും ആട്ടിൻകൂട്ടിലും അവൻ സ്വാതന്ത്ര്യവിഹാരം നടത്തി. വാലുകൊണ്ടുള്ള അടിയിൽനിന്നും തക്കത്തിന് ഒഴിഞ്ഞുമാറുവാൻ അവൻ പഠിച്ചിരിക്കുന്നു. ആടുമാടുകളുടെ രക്തം കുടിച്ചുകഴിഞ്ഞ് അവൻ ആട്ടിൻകുട്ടികളെ സമീപിച്ചു. അവയ്ക്കൊന്നിനുമില്ല രക്തം. കൊതുകിനു വളരെ സഹതാപവും അനുകമ്പയുമായി. "എന്റെ കുഞ്ഞേ, നീ എന്താ ഇത്ര ക്ഷീണിച്ചിരിക്കുന്നത്?" കൊതുകു ചോദിച്ചു ഒരു കുഞ്ഞാടിനോട്.

"അമ്മേടെ അകിട്ടിൽ പാലില്ലാണ്ടായി. അതുകൊണ്ടു ഞാൻ മിക്കപ്പോഴും പട്ടിണിയാ." കൊതുകിന്റെ കണ്ണുകളിൽനിന്നും "മുതലക്കണ്ണുനീർ" കുറേ അടർന്നടർന്നുവീണു.

"കഷ്ടം, കഷ്ടം. അതു വളരെ പരിതാപകരംതന്നെ. നിന്റെ വാരിയെല്ലോരോന്നും പെറുക്കി എടുക്കാമല്ലോടാ എന്റെ കുഞ്ഞേ."

"പറന്നുനടക്കണെ അങ്ങേക്കെങ്കിലും എന്നോടു കരുണ തോന്നിയല്ലോ. ഈ പട്ടിണീന്നു കരകേറാൻ ഞാനൊരു മാർഗ്ഗോം കാണുന്നില്ല."

"ഒരു മാർഗ്ഗവുമില്ലെന്നോ! ഭോഷാ; ഞാൻ പറയുന്നതുപോലെ ചെയ്യാമോ?"

"എന്തുവേണേലും ചെയ്യാം എന്റെ ഒടേരേ. ഈ പട്ടിണി ഒന്നു മാറിക്കിട്ടിയാമതി."

"എടാ ചുരുക്കത്തിലൊരു വിദ്യ. ഒരു പ്രയാസവുമില്ലാത്തതു്. കൈയടിച്ചു സത്യംചെയ്യാമെങ്കിൽ വച്ചുതരാം സൂത്രം."

ആനന്ദംകൊണ്ടു പുളകിതഗാത്രനായി കുഞ്ഞാട്. സൂര്യപ്രകാശത്തിലെ മഞ്ഞുകട്ടപോലെ അവന്റെ പഞ്ഞവും പട്ടിണിയും കൊതുകിന്റെ മുമ്പിൽ ഉരുകിപ്പോകുന്നതുപോലെ അവനു തോന്നി. ഒരു ദൃഢനിശ്ചയത്തോടുകൂടി അവൻ കൈയടിച്ചു സത്യംചെയ്തു. അപ്പോൾ കൊതുകു പറയുകയാണ്:

"പഞ്ഞത്തിന്റെയും പട്ടിണിയുടെയും കാര്യം അന്വേഷിക്കേണ്ടതു ജന്തുരാഷ്ട്രത്തിന്റെ ചുമതലയാണ്. ഈ വകുപ്പിന്റെ മേലധ്യക്ഷനാണു ഞാൻ. അതുകൊണ്ടെന്നെ നിങ്ങൾക്കു വിശ്വസിക്കാം. ഈ നാട്ടിൽ പലരുണ്ട്, ഇങ്ങനെ പട്ടിണികിടന്നു നരകയാതനകൾ അനുഭവിക്കുന്നു. അതിനൊരു നിവാരണമുണ്ടാക്കണമെന്നുതന്നെയാണെന്റെ അഭിപ്രായം. അതിലേക്കായി ഒരു പോംവഴിയും ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. ജന്തുരാഷ്ട്രം ഒരു കുഴി കുഴിപ്പിക്കുവാൻ പോകയാണ്. നാട്ടിലുള്ള തള്ളയാടുകളെല്ലാം ആ കുഴിയിലേക്കു ചുരത്തിവിടട്ടെ പാലെല്ലാം. അപ്പോൾ നിങ്ങൾക്ക് ആവശ്യംപോലെ ആ കുഴിയിൽനിന്നും സുഖമായി കുടിക്കരുതോ?"


"ഹീയർ, ഹീയർ, നല്ലൊരു പ്ലാൻ. പക്ഷേ അമ്മ സമ്മതിക്കുമോ എന്നൊരു സംശയം. കണ്ട കുഴീലും പള്ളേലും പാലുകൊണ്ടുപോയി കൊടുക്കാൻ അമ്മ ആളല്ലെന്നു പറഞ്ഞേക്കും."

"കൊള്ളാം, കൊള്ളാം. ഇതെന്തിനാണ്? നിങ്ങളെപ്രതിയല്ലേ? ഒന്നാലോചിച്ചുനോക്ക്. സമ്മതിക്കയില്ലെങ്കിൽ ഒരു സ്ട്രൈക്ക്. അപ്പോൾ പത്തുകൈയാലെ സമ്മതിക്കുമെടാ."

"ഈ "ചെറായിക്കെ"ന്നു വച്ചാ എന്തോന്നാ എന്റെ ഒടേരേ?"

"അതൊന്നുമില്ലെടാ. വെറും ഭീഷണി. നീ പാലുകുടിക്കയുമില്ല, ജോലിക്കു പോകയുമില്ല എന്നങ്ങു ശഠിച്ചേക്കുക. ആവശ്യമെങ്കിൽ ഒന്നുരണ്ടു ദിവസത്തേക്ക് അങ്ങനെ അങ്ങു പ്രവർത്തിച്ചാലും തരക്കേടില്ല. അപ്പോൾ എല്ലാം ശരിപ്പെട്ടിരിക്കും. കുണ്ടാ കളി."

പാലുകുടിക്കുവാൻ കുഞ്ഞാടു വരുന്നില്ല. അമ്മ വിളിച്ചിട്ട് അടുക്കുന്നുമില്ല. നടുമുററത്തു നില്ക്കുന്ന മുണ്ടപ്ലാവിന്റെ തണലത്തുപോയി കിടക്കയാണ്. "നിനക്കെന്തുപററി എന്റെ മകനേ?" ഉൽക്കണ്ഠയോടുകൂടി തള്ളയാട് അടുത്തുചെന്നു ചോദിച്ചു. ദീർഘമായ ഒരു മറുപടിയായിരുന്നു കുഞ്ഞാടിന്റേതു്. "നിങ്ങളിനി എന്നെ വിളിക്കേണ്ടാ. നിങ്ങളെന്റെ അമ്മേമല്ല ഞാൻ നിങ്ങടെ മകനുമല്ല. എന്റെ അപ്പനും എന്റെ അമ്മേം ആ കൊതുകദ്ദേമാ. ഞാൻ എത്രനാളായി പട്ടിണികെടക്കാൻ തൊടങ്ങീട്ട്.



"എന്റെ കുഞ്ഞേ, ചതിവിൽ ചാടുന്നതിനുമുമ്പെ വഞ്ചകനെ മനസ്സിലാക്കുന്നവനാണ് ഭാഗ്യവാൻ. ആ പാഠം ഇനിയെങ്കിലും പഠിച്ചുകൊള്ളുക."

എന്നിട്ട നിങ്ങളൊരിക്കലെങ്കിലും ചോദിച്ചില്ലല്ലോ: നിനക്കു മതിയായോടാ മകനേന്നു്. ആ കൊതുകദ്ദേം വന്നപ്പഴല്ലെ എന്റെ "പട്ടിണീം പാഴേം" കണ്ട് ഒരു വിദ്യപറഞ്ഞു തന്നതു്."

"അമ്പടാ ആ കള്ളൻ നിന്റെ അടുക്കലും വന്നോ? എന്നിട്ട് അവനെന്തോ വിദ്യയാ നിനക്കു പറഞ്ഞുതന്നതു്?"

"കള്ളനോ! അദ്ദേഹത്തെ കള്ളനെന്നു വിളിക്കാൻ ഞാൻ സമ്മതിക്കേലാ. ഇത്ര ഉത്തമനായ ഒരു ജന്തുവിനെ എന്റെ ഈ കാലത്തിനോടെടയ്ക്കു കണ്ടിട്ടില്ല."

"ആകട്ടെ; നീ കാര്യം പറ മകനെ."

"അദ്ദേഹം പറഞ്ഞു ഓരോ തള്ളയാടും രാഷ്ട്രക്കുഴിയിൽ കൊണ്ടുപോയി പാലു കൊടുക്കട്ടെന്നു്."

"രാഷ്ട്രക്കുഴിയിൽ കൊണ്ടുപോയി പാലുകൊടുത്താല്?"

"ഞങ്ങക്കൊക്കെ തൃപ്തിയാകണതുവരെ അവിടേന്നു കുടിക്കാം."

"എന്റെ മകനേ, അതെല്ലാം ഒരു വൻചതിയാണേ. എന്റെ പാല് എന്റെ മകനു തരാൻ ഞാൻ രാഷ്ട്രക്കുഴിക്കൽ പോകണോ?"

"ഈ സൂത്രമൊന്നും എനിക്കിനി കേൾക്കേണ്ടാ. എന്റെ പട്ടിണി അന്വേഷിക്കാൻ ആ കൊതുകദ്ദേം വന്നപ്പഴല്ല്യോ ഈ പഞ്ചാരവാക്കൊക്കെ പറവാൻ തൊടങ്ങിയതു്. ഇനി നിങ്ങടെ പാലെനിക്കുവേണ്ടാ. ആ രാഷ്ട്രക്കുഴിലൊഴിച്ചുകൊട്. അല്ലേ സംഗതി വഷളാകും. ഞാൻ പറഞ്ഞേക്കാം."

"നീ കൊറെ പട്ടിണി അനുഭവിക്കുന്നുണ്ട്; എനിക്കറിയാം. പക്ഷേ ഇല്ലാണ്ട് അമ്മ എന്തുചെയ്യും മകനേ?"

"ഇല്ലെങ്കിൽ വേണ്ടാ. ഞാനെന്റെ പാടു നോക്കിക്കൊള്ളാം."

"എന്റെ മകനെ, രാഷ്ട്രക്കുഴിലൊഴിച്ചുകൊടുത്താൽ നിനക്കുതന്നെ കിട്ടുമെന്നു നിനക്കുറപ്പുണ്ടോ?"

"എനിക്കൊരൊറപ്പുകേടും ഇല്ല. നിങ്ങളു പറഞ്ഞപോലങ്ങോട്ടു് ചെയ്യ്. പിന്നത്തെതു ഞാൻ നോക്കിക്കൊള്ളാം."

"നിന്നെ ഓർത്തു വേണമെങ്കിൽ അങ്ങനെ ചെയ്യാം. പക്ഷേ നിനക്കുതന്നെ കിട്ടുമെന്ന് ഒരുറപ്പു വേണ്ടേ. അല്ലെങ്കിൽ എല്ലാം തുലയുമല്ലോ."

"എനിക്കുതന്നെ കിട്ടാണ്ടുവരണതെങ്ങനെയാ?"

"എടാ, രാഷ്ട്രക്കാരടെ കാര്യമല്ലേടാ. അവരിന്നു പറേണതു നാളെ പറേമോ?"

"അതൊന്നുമില്ലെന്നേ. അവരങ്ങനെ വാക്കു മാറുകേം മററുമില്ല. നിങ്ങക്കല്ലേ ഈ പേടിയൊക്കെ. നിങ്ങളൊണ്ടോ പൊറത്തെറങ്ങി രാഷ്ട്രം കണ്ടിട്ടൊള്ളു."

"അങ്ങനാണേ, അങ്ങനാട്ടെ. എന്റെ മക്കളു പഞ്ഞം കെടക്കരുതെന്നേയുള്ളൂ എനിക്ക്."

തള്ളയാടു രാഷ്ട്രക്കുഴിയിൽ കൊണ്ടുപോയി പാലൊഴിച്ചുകൊടുക്കുവാൻ തുടങ്ങി. വെളുക്കുമ്പോൾ കാണാം അനേകം ആടുകൾ നിരനിരയായി രാഷ്ട്രക്കുഴിയുടെ വക്കത്തേക്കു പോകുന്നതു്. പാൽകൊണ്ട് കുഴി നിറയും. നല്ല വെളുത്ത പാൽ, നുരയും പതയും അതിനു മുകളിൽ. ഓടി എത്തി ആട്ടിൻകുട്ടികൾ കുടിക്കുവാൻ. പക്ഷേ പകുതിപ്പാൽ കുഴിതന്നെ കുടിച്ചുകളഞ്ഞു. ശേഷിച്ചതു കൊണ്ടു വീതവും. ആട്ടിൻകുട്ടികൾ ക്ലാന്തവദനരായിട്ടാണു മടങ്ങിയതു്. അവർ പ്രതീക്ഷിച്ച സംതൃപ്തിയൊന്നും അതിൽനിന്നുണ്ടായില്ല. പിടിപ്പുകേടുകൊണ്ടു വന്ന ആപത്തു് സഹിക്കാമെന്നുതന്നെ അവർ നിശ്ചയിച്ചു. ലജ്ജകൊണ്ടു കാര്യം പുറത്തു പറയുവാൻ അവർക്കു മടിയായി. പക്ഷേ മറെറാരു ദ്രോഹം. കൊതുകുകൾ കൂട്ടത്തോടെ ഇളകി ആട്ടിൻകുട്ടികളുടെ ദേഹത്തുനിന്നും രക്തം ഊമ്പിക്കുടിച്ചുകളഞ്ഞു.

ഉദിച്ചുയന്നു സൂര്യൻ. പക്ഷിജാലങ്ങൾ ചിലച്ചുകൊണ്ടു് ചില്ലിക്കൊമ്പുകളിൽക്കൂടി നൃത്തംവച്ചാനന്ദിക്കയായിരുന്നു. തള്ളയാടുകൾ പാലുകൊടുക്കുവാൻ രാഷ്ട്രക്കുഴിയെ ലാക്കാക്കി നടന്നുതുടങ്ങി. വഴിമദ്ധ്യേ നില്ക്കുന്നു എല്ലും തോലും മാത്രം ശേഷിച്ച ഒരാട്ടിൻകുട്ടി. ഒരു തള്ളയാടിനു സങ്കടം വന്നുപോയി ആ കുഞ്ഞിന്റെ പരിതാപകരമായ സ്ഥിതി കണ്ടപ്പോൾ. "നീ ഏതാണെന്റെ കുഞ്ഞേ?" ചോദിച്ചു അവൾ. ആ കുഞ്ഞു വിങ്ങിവിങ്ങി കരയുവാൻ തുടങ്ങി. "എന്റെ അമ്മേ, എന്നെ അറിഞ്ഞില്ലേ? ഞാനല്ലെ അമ്മേടെ മകൻ."

"അയ്യോ, നിനക്കെന്തുപററി എന്റെ മകനേ? നീ അപ്പാടെ മെലിഞ്ഞുപോയല്ലൊ. പാലെമ്പടി കിട്ടുന്നില്ലേ?"

"എന്റെ അമ്മേ, ആ കൊതുകു നമ്മളെ ചതിക്കയല്ല്യോ ചെയ്തതു്."

"അവനെന്തുചെയ്തു? ഞാൻ നേരത്തേ പറഞ്ഞതല്ലേ."

"അവനെന്റെ ചോരകുടിക്കാൻവേണ്ടിയല്ലാരുന്നോ ഈ സൂത്രമൊക്കെ പറഞ്ഞുതന്നതു്. എനിക്കു കാര്യമൊക്കെ മനസ്സിലായി പിന്നെ."

"എന്നാലും നിനക്കു പാലിനു പഞ്ഞമില്ലല്ലോ?"

"ഇല്ലില്ല, എന്നെ പൊറം തള്ളീരിക്കാ. ഇനി രാഷ്ട്രക്കുഴിക്കേ പാലു കുടിക്കാൻ ഞാൻ ചെല്ലണ്ടന്നു പറഞ്ഞു."

"അയ്യോ, അതെന്താ മകനേ?"

"കൊതുകു കുത്തി ചോര എടുക്കണ കാര്യം ഞാൻ പത്രത്തിലെഴുതിവിട്ടു. അതു നാട്ടുദ്രോഹമായിപ്പോയെന്നുപറഞ്ഞാ എന്നെ പൊറംതള്ളീയതു്. ഇനി പട്ടിണിതന്നെ മിച്ചം."

"കൊള്ളാം, കൊള്ളാം. എന്റെ പാലു കൊടുക്കാം വേണം; എന്റെ കുഞ്ഞിനതു കിട്ടുകേമില്ല. ഞാൻ അന്നു പറഞ്ഞതെല്ലാം ഇപ്പഴോർക്കുന്നുണ്ടോ?"

"ഒണ്ടോണ്ടു. ഇപ്പഴെല്ലാം മനസ്സിലായി."

"എന്റെ കുഞ്ഞേ, ചതിവിൽ ചാടുന്നതിനുമുമ്പേ വഞ്ചകനെ മനസ്സിലാക്കുന്നവനാണു ഭാഗ്യവാൻ. ആ പാഠം നീ ഇനിയെങ്കിലും പഠിച്ചുകൊള്ളുക."

---

# കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. Mrs. T. A.

---

(5-ാം പേജ് തുടർച്ച)

മെൻറു് നിരുത്തലാക്കുന്നു എന്നും വിചാരിക്കുക. അങ്ങനെ വന്നാൽ വക്കീൽ ഫീസ് നികുതിയാകുമോ? ഗവമെൻറു് അനധികൃതമായി വക്കീൽഫീസ് നിരുത്തിയാൽ ന്യായമായി ലഭിക്കേണ്ട ഫീസ് ഗവമെൻറിൽനിന്നും വസൂൽചെയ്യാൻ വക്കീലിനു അവകാശവും നൽകുവാൻ ഗവമെൻറിനു് ധർമ്മവും ഉണ്ടു് എന്നുമാത്രമേ ഇതിനർത്ഥമുള്ളൂ. പ്രൈവററു സെക്കണ്ടറിസ്കൂൾ ഫീസ് നികുതിയും അല്ല, ഗവമെൻറിന്റെവകയുംഅല്ല.

പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലുള്ള വ്യത്യാസവും മി. മുണ്ടശേരിക്കു നിശ്ചയമില്ല എന്നു അദ്ദേഹത്തിന്റെ പ്രസ്താവന വ്യക്തമാക്കുന്നു. നിയമസഭാമെമ്പറായ മി. മുണ്ടശേരിക്കു മാത്രമല്ല, അദ്ദേഹത്തിന്റെ നേതാവും ഈ രാജ്യത്തെ ചീഫ മന്ത്രിയും ആയ ശ്രീ ററി. കെ. നാരായണപിള്ളയ്ക്കും ഈ അബദ്ധം ഭവിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിന്റെ പള്ളുരുത്തി പ്രസംഗത്തിന്റെ പത്രറിപ്പോർട്ടിൽനിന്നും തോന്നിപ്പോകുന്നു. ഫീസ് പരോക്ഷനികുതിയാണെന്നാണു് ഇവരുടെ ധാരണ. ഇവർ ഉദ്ദേശിക്കുന്ന അർത്ഥം എന്തെന്നു വ്യക്തമല്ല.

എന്നാൽ നികുതിശാസ്ത്രത്തിൽ ഈ സംജ്ഞകൾക്കു നിഷ്കൃഷ്ടമായ അർത്ഥമാണുള്ളതു്. ഒരു നികുതി പ്രഥമതഃ കൊടുക്കുന്നവൻതന്നെ അതിന്റെ ഭാരം അവസാനവും വഹിക്കുകയാണെങ്കിൽ അതു് പ്രത്യക്ഷനികുതി (Direct tax) യെന്നു പരിഗണിക്കപ്പെടുന്നു. മറിച്ച്, ആദ്യം ഒരു നികുതി കൊടുക്കുന്നവൻ, വേറൊരുവന്റെ ചുമലിലേക്കു് അതിന്റെ ഭാരം മാററുകയാണെങ്കിൽ, അതിന്റെ അവസാനഭാരം രണ്ടാമത്തെ ആളിൽ ആണല്ലോ. അങ്ങനെ ആദ്യഭാരം ഒരുവനിലും അവസാനഭാരം മറെറാരുവനിലും ആയിരിക്കുന്ന നികുതിക്കാണു് പരോക്ഷനികുതി എന്നു പറയുന്നതു്. ഉദാഹരണംകൊണ്ടു് ഈ വ്യത്യാസം വിശദമാക്കാം. ആദായനികുതി കൊടുക്കുന്ന നികുതിദായകൻതന്നെയാണല്ലോ സാധാരണയായി അവസാനമായി അതിന്റെ നികുതിഭാരം അനുഭവിക്കുന്നതു്. അയാൾക്കു് ആ നികുതി മറെറാരുവനിലേക്കു മാററുവാൻ സാധാരണ സാധിക്കുന്നില്ല. അതിനാൽ ആദായനികുതി ഒരു പ്രത്യക്ഷനികുതിയായി പരിഗണിക്കപ്പെടുന്നു. എന്നാൽ വസ്ത്രത്തിലോ പഞ്ചസാരയിലോ ചുമത്തുന്ന എക്സൈസ് നികുതിയങ്ങനെയല്ല. അതു വ്യാപാരി ആദ്യം നൽകുന്നു എങ്കിലും, വ്യാപാരി അതു് വിലയിൽ ചേർത്തു് അനുഭോക്താക്കളിലേക്കു് അവസാനം മാററംചെയ്യുന്നു. ഇങ്ങനെയുള്ള നികുതിയാണു് പരോക്ഷനികുതി. നികുതിഭാരം ദരിദ്രരായ ജനങ്ങളിൽ അധികമായി പതിക്കാതിരിക്കത്തക്കവണ്ണം നികുതി സമ്പ്രദായം രൂപവൽക്കരിക്കുവാൻ ഈ വ്യത്യാസം നിയമസഭാമെമ്പറന്മാരും പ്രത്യേകിച്ച് മന്ത്രിമാരും ശരിയായി മനസ്സിലാക്കിയിരിക്കേണ്ട വസ്തുതയാണു്.

സ്കൂൾ ഫീസ്, നികുതിയാണെന്നും, തന്നെയല്ല അതു ഒരു പരോക്ഷനികുതിയാണെന്നും ഉള്ള വാദങ്ങൾ തെററാണെന്നു് ഇത്രയും പ്രസ്താവിച്ചതിൽനിന്നു് വ്യക്തമാണെന്നു വിശ്വസിക്കുന്നു.

വിമർശനവീഥി

# മി. പട്ടത്തിൻെറ ദുർവ്യാഖ്യാനം

നവംബർ 13-ാംനു-യിലെ നിയമസഭാചർച്ചകൾക്കിടയിൽ കത്തോലിക്കാ വിദ്യാലയങ്ങൾക്കെതിരായി കയ്യേറിയ ആക്രോശങ്ങൾ നമ്മുടെ മുൻപ്രധാനമന്ത്രിയായ മി. പട്ടംതാണുപിള്ള നടത്തിയ കൂട്ടത്തിൽ ഇങ്ങനെയൊരു വാദമുഖം ഉന്നയിക്കുകയുണ്ടായല്ലോ: "ന്യൂനപക്ഷങ്ങൾക്കു വിദ്യാലയങ്ങൾ നടത്തുവാൻ അവകാശമുണ്ടു്. എന്നാൽ ഈ ബുദ്ധിമാന്മാർ ഒരു കാര്യം അറിയുന്നില്ല. അവരുടെമാത്രം കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള വിദ്യാലയങ്ങൾ നടത്താനാണു് ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നതെന്നു്." ആഗ്രഹം ആശയത്തെ ജനിപ്പിക്കുന്നു എന്ന ആംഗ്ലേയ കവിവാക്യത്തിനു് ഒന്നാന്തരം ദൃഷ്ടാന്തമാണു് ഈ ദുർവ്യാഖ്യാനം.

ന്യൂനപക്ഷങ്ങൾക്കു സ്വകാര്യവിദ്യാലയങ്ങൾ നടത്താൻ അവകാശമുണ്ടെന്നു വ്യവസ്ഥാപിക്കുന്ന ഭരണഘടനയിലെ വകുപ്പു താഴെ ചേർക്കുന്നു:—

"30 (1) All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice."

(മതത്തെയോ ഭാഷയെയോ അടിസ്ഥാനമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും ഇഷ്ടാനുസരണം വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു ഭരിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നു.)

ആ വിദ്യാലയങ്ങൾക്കു സർക്കാർ സഹായധനം നൽകേണ്ടതാണെന്നു അടുത്ത ഉപവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

"30 (2) The State shall not, in granting aid to educational institutions, discriminate against any educational institution on the ground that it is under the management of a minority, whether based on religion or language."

(വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സഹായം നല്കുന്നതിൽ, സ്റ്റേറ്റു്, മതത്തെയോ ഭാഷയെയോ അടിസ്ഥാനമാക്കിയുള്ള ഒരു ന്യൂനപക്ഷത്തിൻെറ മാനേജ്മെൻറിലുള്ളതാണെന്നുള്ള കാരണത്താൽ, ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തോടു പക്ഷപാതപരമായ നയം സ്വീകരിച്ചുകൂടാത്തതാകുന്നു.)

ന്യൂനപക്ഷങ്ങളുടെ ഈ വിദ്യാലയങ്ങൾ "അവർക്കിഷ്ടമുള്ളതരം" ആയിരിക്കാമെന്നു ആദ്യത്തെ ഉപവകുപ്പിൽ പറഞ്ഞിട്ടുണ്ടെങ്കിലും മി. പട്ടം പറയുന്നതുപോലെ വിഭാഗീയസ്കൂളാണോ (Denominational) വിഭാഗീയമല്ലാത്തതാണോ (Undenominational) വിവക്ഷിച്ചിരിക്കുന്നതെന്നു രണ്ടു വകുപ്പുകളിൽനിന്നും സ്പഷ്ടമല്ലെന്നു സമ്മതിക്കാം. എന്നാൽ അവയ്ക്കു മുമ്പുള്ള രണ്ടു വകുപ്പുകൾ 28 (3), 29 (2) പ്രസ്തുത സംശയത്തെ പരിച്ഛേദം നീക്കി, വിഭാഗീയമല്ലാത്ത സ്കൂളുകളെയാണു് വിവക്ഷിച്ചിരിക്കുന്നതെന്നു സ്പഷ്ടമാക്കുന്നുണ്ടു്.

"28 (3) No person attending any educational institution recognised by the State or receiving aid out of State funds shall be required to take part in any religious instruction that may be imparted in such institution or to attend any religious worship that may be conduct d in such institution or in any premises attached thereto unless such person or, if such person is a minor, his guardian has given his consent thereto."

(സ്റ്റേറ്റു് അംഗീകരിച്ചിട്ടുള്ളതോ, സ്റ്റേറ്റുഫണ്ടിൽനിന്നു സഹായം ലഭിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംബന്ധിക്കുന്ന യാതൊരുത്തരേയും, ആ ആളോ അയാൾ മൈനറായിരുന്നാൽ അയാളുടെ രക്ഷാകർത്താവോ അതിലേക്കു സമ്മതം നല്കിയിട്ടില്ലാത്തപക്ഷം, അത്തരം സ്ഥാപനങ്ങളിൽ നല്കപ്പെടുന്ന ഏതെങ്കിലും മതപഠനത്തിൽ പങ്കെടുക്കുന്നതിനോ, അത്തരം സ്ഥാപനങ്ങളിലോ അതിനോടനുബന്ധിച്ച ഏതെങ്കിലും സ്ഥലങ്ങളിലോ നടത്തപ്പെടുന്ന മതാരാധനയിൽ സംബന്ധിക്കുന്നതിനോ ആവശ്യപ്പെട്ടുകൂടാത്തതാകുന്നു)

സർക്കാരിൻെറ അംഗീകരണമുള്ളതോ സർക്കാരിൽനിന്നു സഹായധനം വാങ്ങുന്നതോ ആയ സ്കൂളുകളിൽ മതബോധനം നല്കുന്നതിനെപ്പററിയാണു് ഈ വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. അങ്ങനെയുള്ള സ്കൂളുകളിൽ അവ നടത്തുന്നമതക്കാരുടെ കുട്ടികൾക്കു മതബോധനം നല്കുന്നതു നിരോധിക്കപ്പെട്ടിട്ടില്ല. എന്നാൽ ആ സ്കൂളിൽ പഠിക്കുന്ന മററു മതക്കാരായ വിദ്യാർത്ഥികളെ പ്രസ്തുത മതബോധനത്തിൽ പങ്കെടുക്കുവാൻ നിർബന്ധിക്കുന്നതു നിരോധിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത സ്കൂളിൽ അതു നടത്തുന്ന മതക്കാരുടെ കുട്ടികൾ മാത്രമാണുള്ളതെങ്കിൽ, മററു മതക്കാരായ കുട്ടികൾ അതിൽ പഠിക്കുന്നില്ലെങ്കിൽ, അവർ അതിൽ പഠിക്കരുതെന്നു വിവക്ഷയുണ്ടെങ്കിൽ, ഈ നിരോധനത്തിനു എന്തർത്ഥമാണുള്ളതു്? നാനാമതസ്ഥരായ കുട്ടികൾ പഠിക്കുന്ന, അതായതു് വിഭാഗീയമല്ലാത്ത, സ്കൂളുകളെയാണു് പ്രസ്തുത വകുപ്പിൽ വിവക്ഷിക്കുന്നതെന്നു സ്പഷ്ടമല്ലയോ? ആകയാൽ "അവർക്കിഷ്ടമുള്ള" സ്കൂൾ നടത്തുവാനും, അതിനു സർക്കാർ സഹായം ലഭിക്കുവാനും ന്യൂനപക്ഷങ്ങൾക്കു അവകാശമുണ്ടെന്നു വ്യവസ്ഥാപിക്കുന്ന 30-ാം വകുപ്പിൻെറ വ്യാഖ്യാനത്തിൽ ഉണ്ടായേക്കാമെന്നു മുകളിൽ സൂചിപ്പിച്ച സംശയം പ്രസ്തുത ഉപവകുപ്പിൽ ദൂരീകൃതമായിരിക്കുന്നു.

മാത്രമല്ല, സർക്കാരിൽനിന്നു സഹായധനം വാങ്ങുന്ന യാതൊരു സ്കൂളിലും ജാതിമതാദിഭേദങ്ങളെ ആധാരമാക്കി ഒരു വിദ്യാർത്ഥിക്കും പ്രവേശനം നിഷേധിച്ചുകൂടെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ വകുപ്പാണു താഴെ ചേർക്കുന്നതു്:-

"2· (2) No citizen shall be denied admission into any educational institution maintained by the State or receiving aid out of State funds on grounds only of religion, race, caste, language or any of them."

(സ്റ്റേറ്റു നടത്തുന്നതോ സ്റ്റേറ്റുഫണ്ടിൽനിന്നു സഹായം ലഭിക്കുന്നതോ ആയ യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിലും, മതം, ജാതി, വർഗ്ഗം, ഭാഷ ഇവയെ മാത്രം അടിസ്ഥാനപ്പെടുത്തിയോ, ഇവമൂലമോ യാതൊരാൾക്കും പ്രവേശനം നിഷേധിച്ചുകൂടാത്തതാകുന്നു.)

ന്യൂനപക്ഷങ്ങൾക്കു നടത്തുവാനും സർക്കാരിൽനിന്നു സഹായധനം ലഭിക്കുവാനും അവകാശമുള്ള സ്കൂളുകളിൽ സകലജാതിമതസ്ഥരായ കുട്ടികൾക്കും പ്രവേശനം നല്കണമെന്നും അവരിലാർക്കും ജാതിമതാദിഭേദങ്ങളെ ആധാരമാക്കി പ്രവേശം നിഷേധിച്ചുകൂടെന്നും വ്യവസ്ഥചെയ്യുന്നതിൻെറ വിവക്ഷ, ആ സ്കൂൾ വിഭാഗീയം ആയിരിക്കരുതെന്നല്ലേ? ഭരണഘടനയിലെ വ്യവസ്ഥകൾ ഇങ്ങനെയിരിക്കെ മി. പട്ടത്തിൻെറ വ്യാഖ്യാനം എത്ര വികൃതമായിരിക്കുന്നു!!

വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളിയും "ഭരണഘടനയിലെ വ്യവസ്ഥകൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ വിഭാഗീയസ്കൂളുകളെയാണു് ഉദ്ദേശിക്കുന്നതെന്നു സമ്മതിക്കേണ്ടിവരുമെന്നു" അഭിമുഖസംഭാഷണത്തിൽ ഒരാളോടു പറഞ്ഞതായി കുറേനാൾമുമ്പു് ഒരു പത്രറിപ്പോർട്ടു കണ്ടു. 28-ം 29-ം ഉപവകുപ്പുകൾ ശ്രദ്ധിക്കാതെയാണു് അദ്ദേഹം പ്രസ്തുതാഭിപ്രായം പുറപ്പെടുവിച്ചതെന്നു സമാധാനിക്കാം.

## മുസ്ലീമുകൾ കമ്മ്യൂണിസ്റ്റുകാരെ എതിർക്കുന്നു

ചൈനയിലെ നിങ്ങ്സിയാ പ്രോവിൻസിലെ മുസ്ലീമുകൾ കമ്മ്യൂണിസ്റ്റുകാരുടെ മതവിരോധപദ്ധതികളെ ധൈര്യപൂർവ്വം ചെറുത്തുനില്ക്കുന്നുണ്ടു്. തൽഫലമായി അവിടത്തെ കത്തോലിക്കരും കൂടുതലായ മതസ്വാതന്ത്ര്യം അനുഭവിച്ചുവരുന്നു. മഹമ്മദീയരുടെ എതിർപ്പിനെ ഭയന്നു കമ്മ്യൂണിസ്റ്റുകാർ അവരുടെ മതമർദ്ദനപരിപാടികൾ മയപ്പെടുത്തുവാൻ നിർബന്ധിതരായിരിക്കുന്നുവത്രെ. കമ്മ്യൂണിസത്തോടുള്ള പ്രതിഷേധം പ്രദർശിപ്പിക്കുന്നതിനായി മുസ്ലീമുകൾ അവരുടെ മോസ്ക്കുകളിൽ കൊറാൻ ഉറക്കെ വായിച്ചുവരുന്നു. സ്വവിശ്വാസം പരസ്യമായി പ്രഖ്യാപനംചെയ്യുന്നതിനുവേണ്ടി കമ്പിത്തൂണുകളിൽപ്പോലും അവർ നോട്ടീസുകൾ പതിച്ചുവരുന്നു. ഇപ്പോൾ കത്തോലിക്കാമിഷനറിമാർക്കും ഭയമെന്യേ പുറമെ ചുററിസഞ്ചരിക്കുന്നതിനും കൂദാശകൾ നല്കുന്നതിനും സാധിക്കുന്നുണ്ടു്.

## മിൻസെൻറി ഫിലിം

കർദ്ദിനാൾ മിൻസെൻറിയുടെ വിചാരണയും വിധിയും ചിത്രീകരിക്കുന്ന ഒരു ഫിലിം ലണ്ടനിൽ പ്രദർശിപ്പിച്ചുവരുന്നു. നീതികേടിൻേറയും അക്രമത്തിൻേറയും പര്യായമായ ആ "വിസ്താരം" ചരിത്രത്തിൻെറ ഏടുകളിൽ കരിപുരട്ടിയ ചില അദ്ധ്യായങ്ങൾ എഴുതിക്കഴിഞ്ഞിരിക്കയാണല്ലൊ.

## സൗജന്യവിതരണ ഫണ്ടു്

മണിമല റേഷൻ ചുമട്ടു തൊഴിലാളികൾ ക. 5-0-0


ഫെഡറൽ ബാങ്കു് ക്ലിപ്തം

ആലുവാ.

എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

ഡെപ്പോസിററു് പലിശനിരക്കു്

കറൻറു് ½%
സേവിംഗ്സു് 3%
15 ദിവസത്തെ നോട്ടീസു് ഡെപ്പോസിററു് 4 %
7 ദിവസത്തെ നോട്ടീസു് ഡെപ്പോസിററു് 2½%

സ്ഥിരം 1 കൊല്ലം 4½%
" 2 കൊല്ലം 5%
" 3 കൊല്ലം 5 %

സ്വർണ്ണപണയത്തിന്മേലും, മററു് അംഗീകൃതചരക്കുകളുടെ ലോണിന്മേലും പണം കടം കൊടുക്കുന്നതാണു്.



നാളെയ്ക്കുവേണ്ടി കഴിയുന്നതു സമ്പാദിക്കുവാൻ ഇന്നു പരിശ്രമിക്കുക.

എന്നാൽ ധനം നിക്ഷേപിക്കുന്നതു ആവശ്യം വരുമ്പോൾ മടക്കി കിട്ടുമെന്നു ഉറപ്പുള്ള സ്ഥലത്തായിരിക്കണമെന്നു ഓർമ്മിക്കുക.

ദി ഈസ്റ്റേൺ മർക്കൻറയിൽ ബാങ്കു് ക്ലിപ്തം

H. O. ചങ്ങനാശേരി

ബ്രാഞ്ചുകൾ:—ആലുവാ, ചങ്ങനാശേരി, കോതമംഗലം, കോട്ടയം, മൂവാററുപുഴ, നെടുംകുന്നം, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, ഉപ്പുതറ.

പി. എം. ദേവസ്യാ, സെക്രട്ടറി

വി. എം. കുര്യൻ, ജനറൽ മാനേജർ



സ്വർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു്

ബാങ്കു് ഓഫു് കൊച്ചിൻ ക്ലിപ്തം

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലണ്ടു്



ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം

ഓറിയൻറു് സെൻട്രൽ ബാങ്കു് ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

പുരോഗമനവിവരണം

| ആണ്ടു് | നിക്ഷിപ്ത മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവർത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസമ്പർ | 136410 | 1007884 | 115ɔ996 | 2½ ശതമാനം |
| 1946 " | 170190 | 1908826 | 2219103 | 4 " |
| 1947 " | 244900 | 2463443 | 2923000 | 4 " |
| 1948 " | 271800 | 2779917 | 3393468 | 4 " |
| 1949 " | 304000 | 3641486 | 4143000 | 4 " |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |




# തീബൻ സൈന്യം

മിശിഹായുടെ പ്രവൃത്തികളെക്കുറിച്ചു യോഹന്നാൻ കാരാഗൃഹത്തിൽവച്ചു കേട്ട്, തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ അവിടുത്തെ പക്കലേക്കയച്ചു ചോദിച്ചു: നിന്റെ വരവിനെപ്പററിയാണോ പ്രവചിക്കപ്പെട്ടിരിക്കുന്നതു്? അതോ, ഇനിയും മറെറാരുവനെ പ്രതീക്ഷിക്കണമോ? അപ്പോൾ ഈശോ അവർക്കുത്തരമരുളി: നിങ്ങളുടെ കണ്ണുകളും നേത്രങ്ങളും സാക്ഷ്യം വഹിച്ചവയെക്കുറിച്ചു് നിങ്ങൾ പോയി യോഹന്നാനോടു പറയുവിൻ: അതായതു്, കുരുടൻ എങ്ങനെ കാണുന്നുവെന്നും, മുടന്തൻ എങ്ങനെ നടക്കുന്നുവെന്നും, കുഷ്ഠരോഗികൾ എങ്ങനെ ശുദ്ധമാക്കപ്പെടുന്നുവെന്നും, ചെകിടൻ എങ്ങനെ കേൾക്കുന്നുവെന്നും, മരിച്ചവർ എങ്ങനെ ജീവൻ പ്രാപിക്കുന്നുവെന്നും, ദരിദ്രർക്കു് എങ്ങനെ സുവിശേഷം പ്രസംഗിക്കപ്പെടുന്നുവെന്നും പറയുവിൻ; എന്നിലുള്ള വിശ്വാസം നഷ്ടപ്പെടാത്തവൻ ഭാഗ്യവാനാകുന്നു. അവർ പോയപ്പോൾ, യോഹന്നാനെപ്പററി ജനങ്ങളോടു സംസാരിപ്പാൻ ഈ അവസരം ഈശോ ഉപയോഗപ്പെടുത്തി. അവിടുന്നു ചോദിച്ചു: മരുഭൂമിയിലേക്കുപോയപ്പോൾ അവിടെ എന്തു കാണുമെന്നാണു് നിങ്ങൾ പ്രതീക്ഷിച്ചതു്?—കാററിൽ ഉലയുന്ന ഞാങ്ങണയേയോ? അല്ല; അതല്ല, പിന്നെ എന്തുകാണ്മാനാണു നിങ്ങൾ പോയതു്? പട്ടുവസ്ത്രം അണിഞ്ഞ ഒരു മനുഷ്യനെയോ? പട്ടുവസ്ത്രം അണിഞ്ഞു നടക്കുന്ന മനുഷ്യരെ അന്വേഷിക്കേണ്ടതു് രാജകൊട്ടാരങ്ങളിലാണു്. അല്ലെങ്കിൽ പിന്നെ എന്തു കാണ്മാനാണു നിങ്ങൾ പോയതു്? ഒരു പ്രവാചകനെയോ? അതേ, ഞാൻ നിങ്ങളോടു പറയുന്നു, ഒരു പ്രവാചകനെക്കാൾ വലിയവനെത്തന്നെ. ഇതാ, നിന്റെ ആഗമനത്തിനായി നിന്റെ വഴി ഒരുക്കുവാനുള്ള എന്റെ ദൂതനെ നിനക്കുമുമ്പേ ഞാനയക്കുന്നു എന്നു് ആരെപ്പററി എഴുതപ്പെട്ടിരിക്കുന്നുവോ അവനാണു് ഈ മനുഷ്യൻ (ആഗമനം 2-ാം ഞായർ; സുവിശേഷം: മത്താ. XI 2—10).

വിശ്വാസവും സദാചാരവും സംബന്ധിച്ച സനാതനതത്വങ്ങളെ മുറുകെപ്പിടിച്ചതു നിമിത്തം സ്വജീവൻ ബലികഴിക്കേണ്ടിവന്നിട്ടുള്ള ധീരാത്മാക്കളുടെ വീരചരിതം തിരുസഭാചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതിച്ചേർത്തിട്ടുള്ള ഏടുകളാണു്. അവരിൽ തീബൻ സൈന്യം (Theban legion) പ്രകടിപ്പിച്ച ധീരത കത്തോലിക്കാലോകത്തിനു് അനവദ്യമായ അഭിമാനത്തിനും ആവേശത്തിനും വകനൽകിയിട്ടുണ്ടു്. മാക്സിമിയൻ ചക്രവർത്തി ഗോളിൽ പൊട്ടിപ്പുറപ്പെട്ട ഒരു വിപ്ലവത്തെ അമർത്തുവാനായി ആഫ്രിക്കയിൽനിന്നു് കൊണ്ടുവന്ന ഒരു സൈന്യവ്യൂഹമായിരുന്നു അതു്. ക്രിസ്ത്യാനികൾമാത്രമേ ആ സൈന്യവിഭാഗത്തിൽ ഉണ്ടായിരുന്നുള്ളു. ഇതരസൈന്യവിഭാഗങ്ങളോടൊത്തു് അവരും വീറോടെ പോർ ചെയ്തു; ചക്രവർത്തി വിജയം വരിച്ചു; ആ വിജയത്തെ സമുചിതം സമാഘോഷിക്കുവാനായി "അഗൗനും" എന്ന സ്ഥലത്തു സൈന്യം മുഴുവൻ കൂടാരമടിച്ചു. വിജയലഹരിയിൽ ഉന്മത്തനായ ചക്രവർത്തി സകല ഭടന്മാരും നന്ദിസൂചകമായി ദേവന്മാർക്കു ബലിയർപ്പിക്കണമെന്നു കല്പന നൽകി. എന്നാൽ തീബൻ സൈന്യം അതിന്റെ നായകനായ മോറീസിന്റെ നേതൃത്വത്തിൽ ചക്രവർത്തിയുടെ കല്പനയെ അവഗണിച്ചുകൊണ്ടു കൂടാരം വിട്ടു പോയി. ചക്രവർത്തിയുടെ കല്പനപ്രകാരം ഇതരസൈന്യവിഭാഗങ്ങൾ അവരെ വളഞ്ഞു്, ദേവന്മാർക്കു ബലിയർപ്പിക്കുകയില്ലെങ്കിൽ അവരെ മുഴുവനും വധിച്ചുകളയുമെന്നു് ഭീഷണിപ്പെടുത്തി. അപ്പോൾ മോറീസ് ഇപ്രകാരം പറഞ്ഞു: "മഹാനായ ചക്രവർത്തി, ഞങ്ങൾ അങ്ങയുടെ ഭടന്മാരാണു്; എന്നാൽ അതേസമയം ഞങ്ങൾ ജീവനുള്ള സത്യദൈവത്തിന്റെ ദാസന്മാരുമാണു്. ഇക്കാര്യത്തിൽ അങ്ങയെ അനുസരിക്കുന്നതു് സത്യദൈവത്തിനെതിരായുള്ള ഒരു പാപമാകും. പാപത്തെക്കാൾ മരണം വരിക്കുവാൻ ഞങ്ങൾ തയ്യാറാണു്." അങ്ങനെ അവരെല്ലാവരും നിഷ്കരുണം വധിക്കപ്പെട്ടു—സത്യദൈവത്തിനു സമർപ്പിക്കപ്പെട്ട മനോഹരങ്ങളായ രക്തപുഷ്പങ്ങൾ.


സഭാചരിത്രത്തിൽ തലയുയർത്തി നില്ക്കുന്ന ഒരു മഹാപുരുഷൻ—കഠിനങ്ങളായ താപസകൃത്യങ്ങളോടൊപ്പം മുഖം നോക്കാത്തകർമ്മധീരതയും ഒത്തിണക്കിയ ഒരു മഹാവ്യക്തി—അതാണു് വി. സ്നാപകയോഹന്നാൻ. രാജാധികാരത്തെ അദ്ദേഹം ബഹുമാനിച്ചു. എന്നാൽ ഹേറോദേസ് സഹോദരഭാര്യയെ സ്വന്തം ഭാര്യയായി പരിഗ്രഹിച്ചപ്പോൾ ആ യതിവര്യൻ രാജധാനിയിലേക്കു കടന്നുചെന്നു് രാജാവിന്റെ പാപകൃത്യത്തെ നിസ്സങ്കോചം വെട്ടിത്തുറന്നുകാണിച്ചു. ഫലമോ? കൽത്തുറുങ്കും ശിരച്ഛേദവും.

ഈ സ്വഭാവവൈശിഷ്ട്യത്തെ പരിഗണിച്ചുകൊണ്ടാണു് ക്രിസ്തുനാഥൻ വി. സ്നാപകയോഹന്നാനെക്കുറിച്ചു് ഇന്നത്തെ സുവിശേഷത്തിൽ ചോദിക്കുന്നതു്: "മരുഭൂമിയിലേക്കു പോയപ്പോൾ അവിടെ നിങ്ങൾ എന്തുകാണുമെന്നാണു് പ്രതീക്ഷിച്ചതു്? കാററിൽ ഉലയുന്ന ഞാങ്ങണയേയോ? അല്ല." കാററിന്റെ ഗതിയനുസരിച്ചു് ഞാങ്ങണ അങ്ങോട്ടുമിങ്ങോട്ടും ഉലഞ്ഞുകൊണ്ടിരിക്കും. ഇതുപോലെ തന്നെ വിശ്വാസത്തിലും സദാചാരത്തിലും ദൃഢതയില്ലാത്തവർ സ്വന്തം സുഖസൗകര്യങ്ങളുടെയും പൊതുജനാഭിപ്രായത്തിന്റെയും മനുഷ്യബഹുമാനത്തിന്റെയും ഗതിയനുസരിച്ചു ചഞ്ചലിച്ചുകൊണ്ടിരിക്കും. ഒത്തുതീർപ്പുകൾ, വിട്ടുവീഴ്ചകൾ, മനസ്സാക്ഷിയെ വലിച്ചുനീട്ടൽ, കണ്ടില്ലെന്നു ഭാവിക്കൽ എന്നിങ്ങനെ പലതും തൽഫലമായുണ്ടാകും. യജമാനനേയും യജമാനസ്ത്രീയേയും ഒന്നുപോലെ പ്രസാദിപ്പിക്കുവാൻവേണ്ടി പുതിയ പൂച്ചക്കുഞ്ഞു് "അത്ര കണ്ടനുമല്ല, അത്ര കൊററിയുമല്ല" എന്നു തട്ടിമൂളിച്ച വിശ്വസ്തഭൃത്യന്റെ മനസ്ഥിതിയിലേക്കും ഈ ചഞ്ചലമനസ്ഥിതി വഴിതെളിക്കും. വി. യോഹന്നാൻ അങ്ങനെ കാററിന്റെ ഗതിയനുസരിച്ചു് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഞാങ്ങണയല്ലെന്നും "സീസറിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനും" എന്നുള്ള സനാതനസത്യത്തെപ്രതി ജീവൻ ബലികഴിക്കുവാൻ സന്നദ്ധനായിരുന്ന ഒരു ധീരാത്മാവാണെന്നും ആലങ്കാരികമായി ക്രിസ്തുനാഥൻ പ്രഖ്യാപിക്കുകയാണു ചെയ്യുന്നതു്. വി. യോഹന്നാനേയും തീബൻ സൈന്യത്തേയുംപോലെ വി. തോമസ് മൂറിന്റെ ജീവിതവും ഏതദ്വിഷയത്തിൽ ഒരു മകുടോദാഹരണംതന്നെയാണു്. ഇങ്ങനെ സത്യത്തിനും നീതിക്കുംവേണ്ടി പീഡകളും മരണവും കൈവരിച്ച വീരാത്മാക്കളുടെ സംഖ്യ വി. സ്നാപകയോഹന്നാന്റെ കാലം മുതൽ ഇന്നത്തെ കർദ്ദിനാൾ മിൻസെന്തിവരെ എത്രയോ ലക്ഷമാണു്!

ദേവാലയങ്ങൾ, സ്കൂളുകൾ, ആസ്പത്രികൾ, ആതുരാലയങ്ങൾ ഇവയെല്ലാം നമുക്കു് അത്യന്താപേക്ഷിതങ്ങളാണു്. എന്നാൽ ഇന്നു നമുക്കു് ഏററവും ആവശ്യമായിരിക്കുന്നതു്, മതസിദ്ധാന്തങ്ങളിൽ സുദൃഢവും അചഞ്ചലവുമായ വിശ്വാസവും തദനുസാരം പരസ്യമായി ജീവിതം നയിക്കുവാനുള്ള കരളുറപ്പും ദൃഢപ്രത്യയവുമുള്ള ക്രിസ്ത്യാനികളെയാണു്. താൽക്കാലികഗുണങ്ങളോ, ജനപ്രീതിയോ സ്വാർത്ഥലാഭങ്ങളോ സ്ഥാനമാനാസക്തിയോ വകവെക്കാതെ മനസ്സാക്ഷിയനുസരിച്ചു് ജീവിക്കുന്നവർ; ജനങ്ങളുടെ അവഹേളനങ്ങളും വിരോധങ്ങളും അഗണ്യമാക്കിക്കൊണ്ടു് സ്വമതസിദ്ധാന്തങ്ങളനുസരിച്ചു് ജീവിക്കുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ളവർ — ഇവരാണു് ഇന്നു നമുക്കു വേണ്ടതു്. അവരുടെ നാമങ്ങൾ ഒരു പക്ഷെ ഐഹികചരിത്രത്തിന്റെ ക്ഷണഭംഗുരമായ ഏടുകളിൽ എഴുതപ്പെട്ടില്ലെങ്കിലും ജീവന്റെ പുസ്തകത്തിൽ തീർച്ചയായും ആലേഖനംചെയ്യപ്പെടും. എന്നാൽ മനുഷ്യബഹുമാനാകാംക്ഷയാണു് ഇതിനൊരു വിലങ്ങുതടിയായിവരുന്നതു്. മററുള്ളവരെ മുഷിപ്പിക്കാതിരിക്കുവാനോ അവരുടെ പ്രീതിയും സന്മനസ്സും ലഭിക്കുവാനോ സ്വന്തം മനസ്സാക്ഷിക്കും മതസിദ്ധാന്തങ്ങൾക്കും എതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ബലഹീനമനസ്ഥിതിയാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. "ഇന്ദ്രനോടൊക്കും സ്വാമി, ചന്ദ്രനോടൊക്കും ഭവാൻ" എന്നിങ്ങനെ സ്തുതിപാഠകന്മാരായും ഇക്കൂട്ടർ പ്രത്യക്ഷപ്പെടും. ഇവർ മററുള്ളവരുടെ കണ്ണിൽക്കൂടി എല്ലാം കാണുന്നു; മററുള്ളവരുടെ ചെവികളിൽക്കൂടി എല്ലാം കേൾക്കുന്നു; മററുള്ളവരുടെ വായിൽക്കൂടി മാത്രം സംസാരിക്കയും ചെയ്യുന്നു. ഇവർ വി. പ്ലീഹായെ ശ്രവിക്കട്ടെ: "ഞാൻ മനുഷ്യരെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല." രണ്ടു വഞ്ചികളിൽ കാലിടുന്നവർക്കു പററുന്ന അബദ്ധം നാം പ്രത്യേകം സ്മരിക്കണം.

ഇപ്രകാരമുള്ള "ഞാങ്ങണമനസ്ഥിതി" നമ്മിലും നമ്മുടെ സഹോദരങ്ങളിലും കുടികൊള്ളുന്നില്ലേ എന്നു നാം പ്രത്യേകം ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ മതം ഞായറാഴ്ച പള്ളിയിൽപോകുമ്പോൾ മാത്രം ധരിക്കയും അതിനുശേഷം ഊരിവെക്കയും ചെയ്യാനുള്ള ഒരു വസ്ത്രമല്ല. ക്രിസ്തുവിന്റെ ശിഷ്യനാണെന്നു പരസ്യമായി പ്രഖ്യാപിക്കുവാൻ നമുക്കു മടിതോന്നുന്നുണ്ടോ? കൊന്തയും വെന്തിങ്ങായും ധരിക്കുന്നതിലും ത്രികാലജപങ്ങൾ ചൊല്ലുന്നതിലും മനുഷ്യബഹുമാനത്തെ നാം ഭയപ്പെടുന്നുണ്ടോ? പരിഷ്കാരികളും "പുരോഗമ"വാദികളുമായ സ്നേഹിതന്മാരുടെ പരിഹാസശരങ്ങൾ ഭയപ്പെട്ടു മതകർമ്മാനുഷ്ഠാനങ്ങളും നൊയമ്പും ഉപവാസവും ഉപേക്ഷിക്കയോ മൂടിവെക്കയോ ചെയ്യുന്നുണ്ടോ? സാമ്പത്തികരംഗത്തിലും സാമുദായികജീവിതത്തിലും കാണുന്ന അനീതികളേയും മർദ്ദനങ്ങളേയും ചൂഷണങ്ങളേയും നാം പ്രതിഷേധിക്കുന്നുണ്ടോ? ക്രിസ്തുവും തിരുസഭയും പഠിപ്പിക്കുന്ന സനാതനതത്വങ്ങളും സദാചാരനിയമങ്ങളും പഴഞ്ചനെന്നും പിൻതിരിപ്പനെന്നും മുദ്രയടിച്ചുകൊണ്ടു് നെഹ്റുവോ ഗാന്ധിയോ ജയപ്രകാശോ പറയുന്ന കാര്യങ്ങളെല്ലാം സഹർഷം സ്വാഗതം ചെയ്യുന്ന ഒരു മനസ്ഥിതി നമ്മിലുണ്ടോ? മാർപ്പാപ്പമാരുടെ പഠനങ്ങളെക്കാൾ രാഷ്ട്രീയനേതാക്കന്മാരുടെ പ്രബോധനങ്ങളാണോ നാം ചെവിക്കൊള്ളുന്നതു്? മനുഷ്യബഹുമാനത്തെ പ്രതിയും ചില സ്വാർത്ഥലാഭങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടിയുമല്ലേ ഇങ്ങനെ നാം വിശ്വാസദാർഢ്യത്തെ ബലികഴിക്കുന്നതു? ഒരു യഥാർത്ഥകത്തോലിക്കനു് ഒരു യഥാർത്ഥസോഷ്യലിസ്റ്റ് ആയിരിപ്പാൻ സാദ്ധ്യമല്ല എന്നു് 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് ശക്തിയുക്തം ഉൽബോധിപ്പിച്ചിട്ടും ഇന്നും ചിലർ ആ ഉൽബോധനത്തെ അവഗണിക്കുന്നില്ലേ? വിവാഹവും വിദ്യാഭ്യാസവും സംബന്ധിച്ചുള്ള മനുഷ്യരുടെ മൗലികാവകാശങ്ങളെയും തിരുസഭയുടെ കാനോൻ നിയമങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ടു് മാർപ്പാപ്പമാരും മെത്രാന്മാരും ലേഖനങ്ങളും പ്രസ്താവനകളും ഇറക്കുമ്പോൾ അവയെ അവഗണിക്കയും അവഹേളിക്കയും ചെയ്തുകൊണ്ടു അവയ്ക്കെതിരായുള്ള ഗവർമ്മെണ്ടു് നിയമനിർമ്മാണങ്ങളെ സ്വാഗതംചെയ്യുന്ന കത്തോലിക്കാ നേതാക്കന്മാരുടെ ക്രൈസ്തവത്വംതന്നെ ചോദ്യംചെയ്യപ്പെടേണ്ടതല്ലേ? വിശ്വാസം സംബന്ധിച്ചുള്ള ദുർബലമനസ്ഥിതിയും, സ്വാർത്ഥപരമായ പ്രീണിപ്പിക്കൽ നയവും ഞാങ്ങണപോലെയുള്ള ഒരു മനസ്സാക്ഷിയുമല്ലേ ഇതിന്റെയെല്ലാം അടിയിൽ? സഭയുടേയും സമുദായത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പോരാടേണ്ടവരായ അഭ്യസ്തവിദ്യരും നേതാക്കന്മാരും ആടുന്ന ഞാങ്ങണകളായാൽ സാധാരണജനങ്ങൾ പറക്കുന്ന പഞ്ഞിക്കഷണങ്ങളായിത്തീരുകയില്ലേ? മനുഷ്യരുടെ മുമ്പാകെ ക്രിസ്തുവിനെ ഏററുപറയുവാൻ ലജ്ജിക്കുന്നവരെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ ഏററുപറയുവാൻ ക്രിസ്തുനാഥനും സന്നദ്ധനാകയില്ലെന്നുള്ള പരമാർത്ഥം പ്രത്യേകം സ്മരണീയമാണു്.

(ജെ. ചെമ്മണൂർ)

**ST. ALOYSIUS ELECTROPLATING WORKS and CATHOLIC DEPOT**
Municipal office Road, Trichur — Proprietor: C. O. LOUIS

ഗ്രാമോദ്ധാരണപംക്തി

# ചാഴിശല്യം

(J. P.)

നമ്മുടെ വിളവുകളെ നശിപ്പിക്കുന്ന പ്രാണികളിൽ ഒരു പ്രധാന സ്ഥാനമാണ് ചാഴികളുള്ളത്. ചാഴിവർഗ്ഗത്തിൽ അല്പസ്വല്പ രൂപഭേദങ്ങളോടുകൂടി പല ഇനങ്ങൾ ഉണ്ട്. വിളവുകളെ ആക്രമിക്കുന്നതിൽ വിപുലതകൊണ്ടും രൂക്ഷതകൊണ്ടും ഏററവും മുന്നണിയിൽ സ്ഥാനം പിടിച്ചിട്ടുള്ളത് നമ്മുടെ നിത്യപരിചയത്തിൽപ്പെട്ടിട്ടുള്ള നെൽചാഴി, പയർചാഴി ഇവയാണ്. ഓരോ ഇനത്തിൽപെട്ടവയും ഓരോ ഇനം വിളവുകളെ മാത്രമേ ബാധിക്കാറുള്ളു. നെൽചാഴികൾ നെല്ല് പുല്ല് ഇവകളേയും പയർചാഴികൾ പയർവർഗ്ഗത്തിൽപ്പെട്ടവയേയും മാത്രമേ ബാധിക്കാറുള്ളു. ഇവ പ്രസ്തുത ചെടികളുടെ ഫലങ്ങൾ ഭക്ഷിച്ചാണ് ജീവിക്കാറുള്ളത്. ഇവ ചെയ്യുന്ന അവർണ്ണനീയമായ നാശത്തിന്റെ ഏകദേശമെങ്കിലുമുള്ള ഒരു കണക്ക് എടുക്കുന്നതിന് സാധ്യമാകുന്നപക്ഷം ഏതൊരു രാജ്യസ്നേഹിയും അന്ധാളിച്ചുപോകും. ഇവയുടെ സന്താനോൽപാദനക്രമം വളരെ ശീഘ്രതരമാകയാൽ വളരെയെളുപ്പം ഭയങ്കരനാശം ചെയ്യാൻ സാധിക്കുന്നതുമാണ്. ഈ ചെറുവിവരണത്തിൽ നെല്ല്, പയറ് എന്നിവയെ ബാധിക്കുന്ന ചാഴികളെ മാത്രമേ ഉൾപ്പെടുത്തുന്നുള്ളു. ഈ വിവരണം കേവലം ഒരു നിരീക്ഷകന്റെ അശാസ്ത്രീയപഠനത്തിൽനിന്നുമുള്ള അനുഭവങ്ങൾമാത്രം ഉൾക്കൊള്ളുന്നതും ജന്തുശാസ്ത്രജ്ഞന്മാർ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ച് കർഷകരെ ഈ ലേഖനത്തിനു കാരണമായ കീടങ്ങളുടെ ഉപദ്രവത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള ഉപായങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഒരു ആഹ്വാനമായി ഉദ്ദേശിച്ചിട്ടുള്ളതുമാണെന്നുള്ള സംഗതി പ്രസ്താവിച്ചുകൊള്ളുന്നു.

### നെൽചാഴി

ഇവയ്ക്ക് ഇളംപച്ച നിറമാണുള്ളത്. ഇവ നെല്ല് പുല്ല് എന്നിവയുടെ അരികൾ തിന്നു് ജീവസന്ധാരണം ചെയ്തുപോരുന്നു. നെൽക്കതിരുകൾ ഇല്ലാത്ത അവസരത്തിൽ പുല്ലരിതിന്നാണ് ഇവ വംശപരമ്പര നിലനിർത്തിപ്പോരുന്നതു. ചെറുപ്രായത്തിൽ ഇവയ്ക്ക് ചിറകു കാണുകയില്ല. എന്നാൽ ഏതാനും ദിവസത്തിനുള്ളിൽ ചിറകുകൾ മുളച്ചുവരുന്നു. ഇവയ്ക്കു ചാഴിയിനത്തിൽപ്പെട്ട എല്ലാ ജീവികളേയുംപോലെ അസുഖകരമായ ഒരു ഘ്രാണമുണ്ട്. ഇവയുടെ തലയിൽ കൊതുകിന്റേതുപോലെ ഒരു നീണ്ടുകൂർത്ത കൊമ്പുണ്ട്. അതുകൊണ്ടാണ് നെല്ലരികളിൽനിന്നുള്ള നീര് വലിച്ചെടുത്തു ഭക്ഷിക്കുന്നതു്. ഇവ ഭക്ഷിക്കുന്ന നെല്ലിനാണ് മങ്ക് എന്നു നാം സാധാരണ പറയാറുള്ളതു്. മങ്കരിക്ക് ഒരു കയ്പുരസമുള്ളതും കറുപ്പുനിറമുള്ളതും അംശഷം പോഷകാംശമില്ലാത്തതുമാകയാൽ ഭക്ഷ്യയോഗ്യമല്ല. നെല്ല് പ്രായേണ ഒരുമിച്ച് വിളയുന്നതുകൊണ്ട് ചാഴിയുടെ ഉപദ്രവം എല്ലാ നിലങ്ങളിലും സമീകൃതമായിരിക്കുന്നതും എന്നാൽ ഏലാപ്പുറത്തുള്ള മററു നിലങ്ങളിൽനിന്നും മുൻപോ പിൻപോ വിളയുന്ന ധാന്യങ്ങൾ മിക്കതും ഇവയുടെ ആക്രമണംമൂലം നഷ്ടമായിപ്പോകുന്നതുമാണ്. നെൽവയലുകളുടെ ചുററുമുള്ള കരപ്പുരയിടങ്ങളിൽ പുല്ല് വളർന്നു അരിപിടിക്കാതെ സൂക്ഷിക്കാമെങ്കിൽ, നെല്ല് ഇല്ലാത്ത അവസരങ്ങളിൽ ഈ തിയ്യക്കുകൾക്ക് ഭക്ഷണദാരിദ്ര്യം നേരിടുന്നതുകൊണ്ട് ഇവയുടെ അസാധാരണ വർദ്ധനവിനെ ഏറെക്കുറെ തടയാവുന്നതാണ്. കരഭൂമികൾ തരിശായിക്കിടക്കാൻ അനുവദിക്കാത്തതിലേക്ക് ഇതുകൂടി ഒരു കാരണമാണ്. കൂടാതെ കൊയ്ത്തുകഴിഞ്ഞാൽ ഉടൻതന്നെ നിലങ്ങൾ ഉഴുത് പുല്ലുവളരാൻ അനുവദിച്ചുകൂടാത്തതുമാണ്. ഈയിനം ചാഴികളിൽ പുംസ്ത്രീവ്യത്യാസങ്ങൾ അത്ര ദൃശ്യമല്ല. എന്നാൽ ഒരു ഇനത്തിനു പുറകിൽ ചുവപ്പുനിറംകൂടിയുണ്ട്. ഇവ മനുഷ്യരെ കാണുന്നമാത്രയിൽ പറന്നു പോകാറില്ലെങ്കിലും ഇവയെ പിടിച്ച് നശിപ്പിച്ചു തുടങ്ങുകയാണെങ്കിൽ മനുഷ്യസാന്നിദ്ധ്യം ഉണ്ടാകുന്ന ഉടൻതന്നെ പറന്നു പൊയ്ക്കളയുന്നതുമാണ്.

### പയർചാഴികൾ

ഇവ പയർവർഗ്ഗത്തിൽപ്പെട്ട ചെടികളെമാത്രമേ ബാധിക്കാറുള്ളു. ഇവ ആകൃതിയിലും ഭക്ഷണസമ്പാദനക്രമത്തിലും നെൽചാഴികളോട് സാമ്യം വഹിക്കുന്നുണ്ടെങ്കിലും നിറംമാത്രം വ്യത്യാസപ്പെട്ടതാണ്. കൂടാതെ ആൺപെൺ വ്യത്യാസവും ഇവയിൽ കൂടുതൽ സ്പഷ്ടമായിക്കാണാവുന്നതാണ്. ഒരു ഇനത്തിൽ പെട്ടവ ചുവപ്പും മറേറതു് തവിട്ടും നിറങ്ങളോടുകൂടിയതും ചിറകുകളുടെ ഇരുവശങ്ങളിലും ഓരോ മുള്ള് ഉള്ളതുമാണ്. ഈയിനം ചാഴികൾ പയർ ഇല്ലാത്ത അവസരങ്ങളിൽ പയർവർഗ്ഗത്തിൽപ്പെട്ട ഇതര ചെടികളുടെ, അതായതു പൊന്നാംതകര, കിലുക്കാംപെട്ടി മുതലായവയുടെ കായ്കളിൽ ചെന്നുപററി അവ ഭക്ഷിച്ചു ജീവിക്കുന്നു. അവയ്ക്ക് പ്രിയതരമായ പതിനെട്ടു മണിയൻ മുതലായ പയർവർഗ്ഗങ്ങൾ പാകമാകുമ്പോഴേക്കും അവിടങ്ങളിലേക്ക് കുടിയേറിപ്പാർപ്പുനടത്തും. ആകയാൽ പയർവർഗ്ഗത്തിൽപ്പെട്ട ഇതര ചെടികൾ അനിയന്ത്രിതമായി വളരുന്നിടത്തു് ചാഴികൾ വീഴാതെ സൂക്ഷിക്കേണ്ടതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണ്.

സാധാരണ ഒരു കർഷകന്റെ അറിവിലും ബുദ്ധിയിലും പെട്ടിടത്തോളമുള്ള കാര്യങ്ങൾ മാത്രമാണ് ഇവ. ഈ സംഗതികൾ അഭിജ്ഞന്മാരുടെ ആലോചനയ്ക്ക് വിഷയമാകുന്നതിനും ഈ വിപത്തിനെ ഒഴിവാക്കാനുള്ള പരിഹാരമാർഗ്ഗങ്ങൾ കർഷകജനതയ്ക്ക് ഉപദേശിച്ചുകൊടുക്കുന്നതിനും ഇടയാകുന്നപക്ഷം ലേഖകൻ കൃതാർത്ഥനാണ്.

(പ്രതിധ്വനി)

——

# അന്നാസ്

(2-ാം പേജ് തുടർച്ച)

ന്റെ വാളുതമെന്നും, തന്റെ സ്ഥാനവും പദവിയും അതുമൂലം നശിക്കുമെന്നും ആ തന്ത്രശാലി ഊഹിച്ചു. പ്രധാനാചാര്യന്മാരുടേയും, ഫരിസേയപ്രമാണികളുടേയും യോഗം ചേർന്നപ്പോൾ ഈ വിഷയത്തെപ്പററി ശക്തിയായ വാദപ്രതിവാദം നടന്നുവെന്നു വേദപുസ്തകം പറയുന്നു. അസൂയയിൽനിന്നും വിദ്വേഷത്തിൽനിന്നും കുരുപ്പെട്ട ഈ അഭിപ്രായത്തിനു മററു സാഹചര്യങ്ങൾ വളംവെച്ചു. ക്രിസ്തുവിനെ ഏതെങ്കിലും തരത്തിൽ പിടിച്ചുബന്ധിച്ചു കഴുവേററുന്നതിനു റോമൻ ഗവർണ്ണറെ ഏല്പിക്കേണ്ടതാണെന്നു ആ "ഭക്തസംഘം" തീരുമാനിച്ചു. "എന്റെ ഭവനം പ്രാർത്ഥനാലയമാകുന്നു. നിങ്ങൾ അതിനെ കള്ളന്മാരുടെ ഒരു ഗുഹയാക്കിത്തീർത്തു" എന്നു പറഞ്ഞു ക്രിസ്തു വ്യാപാരികളേയും, പണമാററക്കാരേയും ദേവാലയത്തിൽനിന്നു് ആട്ടിപ്പുറത്താക്കി. സർവ്വശക്തനായ ക്രിസ്തുവിന്റെ അധികാരം തുളുമ്പുന്ന പ്രസ്തുതവാക്കുകൾ കേട്ടു ദേവാലയത്തിന്റെ കനത്തഭിത്തികൾകൂടി വിറച്ചുപോയി. പക്ഷെ അന്നാസിന്റെ കോപത്തിനു അതു മൂർച്ചകൂട്ടുകയാണു ചെയ്തതു്. കച്ചവടക്കാരുടെ അമിതാദായത്തിൽനിന്നും വലിയൊരു തുക അന്നാസിന്റെ മടിശ്ശീലയിൽ ചെന്നു വീണിരുന്നു. ബലിക്കുള്ള മൃഗങ്ങളെ വിററിരുന്നതു് അന്നാസിന്റെ ഏജൻറുമാരായിരുന്നു. അതിൽനിന്നുള്ള ആദായം മുഴുവനും അദ്ദേഹത്തിന്റെ പണപ്പെട്ടിയിലേക്കുള്ളതാണ്. റോമൻ നാണയങ്ങളെ ഷെക്കൻസ് ആയി മാറേണ്ടിയിരുന്നു. പണമാററത്തിനുള്ള നിരക്കു ചന്തയുടെ അധികാരി എന്ന നിലയിൽ അന്നാസ്തന്നെയാണ് തീരുമാനിച്ചിരുന്നതു്. അവിടെയും നല്ലൊരു തുക വസൂൽചെയ്യുവാൻ അന്നാസിനു സാധിച്ചിരുന്നു. ക്രിസ്തുവിന്റെ കോപം പാവങ്ങളായ കച്ചവടക്കാരോടല്ലെന്നും അത്തരം അഴിമതികൾ ദേവാലയത്തിൽവെച്ചു നടത്തുവാൻ അനുവദിച്ചവരുടെ നേരെയാണ് ജ്വലിച്ചിട്ടുള്ളതെന്നും അന്നാസിനു ക്ഷണത്തിൽ മനസ്സിലായി. തികഞ്ഞ അപരാധമാണ് താൻ പ്രവർത്തിച്ചിട്ടുള്ളതെന്നു് അന്നാസിനു പൂർണ്ണബോധമുണ്ടായിരുന്നുവെങ്കിലും തന്റെ സർവ്വസ്വാതന്ത്ര്യത്തെ ചോദ്യംചെയ്യാൻ ക്രിസ്തുവിനെന്തധികാരമെന്നായിരുന്നു അദ്ദേഹത്തിന്റെ ആലോചന. ഈ അവഹേളനം സഹിച്ച് അടങ്ങിയൊതുങ്ങിയിരിക്കുവാൻ അന്നാസ് തയ്യാറുണ്ടായിരുന്നില്ല. ക്രിസ്തുവിനെ ഏതെങ്കിലും തരത്തിൽ നശിപ്പിച്ചില്ലെങ്കിൽ തന്റെ സർവ്വമേധാവിത്വം കടപുഴങ്ങി വീഴുമെന്നു് അദ്ദേഹം തീർച്ചയാക്കി. ജനങ്ങളുടെ ഇടയിലുള്ള ക്രിസ്തുവിന്റെ സ്വാധീനശക്തിയുടെ മുരടറുക്കുവാൻ അത്ര എളുപ്പമല്ലെന്നു അന്നാസിനു നല്ലപോലെ അറിയാമായിരുന്നു. ക്രിസ്തുവിനോടെന്തെങ്കിലും കടുംകൈ പ്രയോഗിച്ചാൽ ജനാവലി കൂട്ടത്തോടെ വിപ്ലവത്തിനൊരുങ്ങിയെങ്കിലോ എന്ന ഭയവും അന്നാസിന്റെ ഹൃദയത്തെ ഒന്നു പിടിച്ചു കുലുക്കി. ക്രിസ്തുവിനെതിരായി ഗൂഢാലോചനകൾ നടത്തുവാൻ വളരെ എളുപ്പമാണെങ്കിലും അതിനെ പ്രയോഗത്തിൽ വരുത്തുവാൻ ദുഷ്കർമ്മത്തിൽ തഴമ്പിച്ച അന്നാസിന്റെ ഹൃദയത്തിനു പോലും ധൈര്യമുണ്ടായിരുന്നില്ല. ഇങ്ങനെ അന്നാസും കൂട്ടരും പകച്ചുനില്ക്കുമ്പോഴാണ് യൂദാസ് ഒരു പണക്കിഴിയുമായി അവിടെ കയറിച്ചെന്നതു്. ആ ഗുരുദ്രോഹിയുടെ വരവിന്റെ ഉദ്ദേശ്യം മനസ്സിലായപ്പോൾ അന്നാസിന്റേയും കൂട്ടരുടേയും ഹൃദയങ്ങൾ ഒന്നു കുളിർത്തു. വിജയത്തിന്റെ ഒരു നേരിയശോഭ അന്നാസിന്റെ വൃദ്ധനയനങ്ങളിൽ കളിയാടി. യൂദാസ് ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽപെട്ടവനായതുകൊണ്ടു് അവന്റെ വാക്കുകളിൽ അന്നാസിനു സംശയമുണ്ടായിരുന്നില്ല. പണം വാരിക്കോരിച്ചിലവുചെയ്താലും ക്രിസ്തുവിനെ ഏതെങ്കിലും വിധത്തിൽ നശിപ്പിച്ചുകളയണമെന്നു ഉള്ളുകൊണ്ടുറച്ചിരുന്ന അന്നാസിനു മുപ്പതു വെള്ളിനാണയങ്ങൾകൊണ്ടു കാര്യം നേടാമെന്നു മനസ്സിലായപ്പോൾ അദ്ദേഹം സന്തോഷംകൊണ്ടു മതിമറന്നു. ക്രിസ്തുമൂലം ആണ്ടുതോറും ദേവാലയത്തിൽനിന്നു നഷ്ടപ്പെടുവാൻ പോകുന്ന സംഖ്യയുടെ ആകത്തുക മനസ്സുകൊണ്ടൊന്നു ഗണിച്ചുനോക്കിയപ്പോൾ അന്നാസ് ഒന്നു നടുങ്ങി. പണമെത്ര ചിലവുചെയ്താലും ക്രിസ്തുവിനു ജനങ്ങളുടെ ഇടയിലുള്ള സ്വാധീനശക്തിയെ പിടിച്ചുകററുവാൻ തന്റെ വൃദ്ധഹസ്തങ്ങൾക്കു ശക്തിയില്ലല്ലോ എന്നു വ്യസനിച്ചിരിക്കുമ്പോഴാണ് യൂദാസ് അതിനുള്ള എളുപ്പമാർഗ്ഗം ഉപദേശിച്ചുകൊടുത്തതു്. ഉദ്ദേശ്യം വിജയത്തിന്റെ അററത്തെത്തിയിരിക്കുന്നതുകൊണ്ടു പേരിനു മാത്രം ഒരു വിസ്താരംനടത്തി പെസഹാ തിരുനാളിനുമുമ്പുതന്നെ കാര്യം അവസാനിപ്പിക്കണമെന്നു അന്നാസ് മനസ്സുകൊണ്ടു നിശ്ചയിച്ചു.

അന്നാസിന്റെ അദ്ധ്യക്ഷതയിൽ ആദ്യമായി നടന്ന ക്രിസ്തുവിന്റെ വിസ്താരംതന്നെ അനധികൃതമായിരുന്നു. അദ്ദേഹം അന്നത്തെ ഔദ്യോഗികന്യായാധിപൻ ആയിരുന്നില്ലെന്നു മാത്രമല്ല, ഒരു കുററക്കാരനെ വിസ്തരിക്കുന്നതിനുകൂടി അദ്ദേഹത്തിനു നിയമപ്രകാരം അധികാരവും അവകാശവുമുണ്ടായിരുന്നില്ല. തന്റെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ അന്നാസിനു ചിലചോദ്യങ്ങൾ ക്രിസ്തുവിനോടു ചോദിക്കാനുണ്ടായിരുന്നു. അവയ്ക്കു ശരിയായ ഉത്തരം നൽകുവാൻ ക്രിസ്തുവിനുമാത്രമേ കഴിയുമായിരുന്നുള്ളു. ക്രിസ്തുവിന്റെ അനുയായികൾ ആരാണ്; അവരുടെ സംഖ്യയെത്ര? അവർ ഏതു തരക്കാരാണ്? ശത്രുക്കളേയും മിത്രങ്ങളേയും ഒരുപോലെ സ്വാധീനിക്കുന്ന അവിടുത്തെ പഠനത്തിന്റെ രഹസ്യമെന്തു? ഇവയാണ് അന്നാസിനു അറിയേണ്ടിയിരുന്ന വിഷയങ്ങൾ. ഇവയെ മനസ്സിൽ തിരുകിവെച്ച് അന്നാസ് ചോദ്യങ്ങളാരംഭിച്ചു.

ക്രിസ്തുവിന്റെ പ്രശാന്തവും ഗംഭീരവുമായ നില കണ്ടപ്പോൾതന്നെ അന്നാസിന്റെ ധൈര്യം വാടിത്തളർന്നു. അധർമ്മത്തിനു ധർമ്മത്തിന്റെമുമ്പിൽ തലയുയർത്തിനില്ക്കുവാൻ സാദ്ധ്യമല്ലല്ലോ. അന്നാസിനു തുടർന്നു ചോദിക്കുവാൻ പഴുതില്ലാത്ത വിധത്തിൽ ക്രിസ്തു മറുപടി നൽകി: "ഞാൻ ലോകത്തോട് പരസ്യമായിട്ടാണ് പ്രസംഗിച്ചിട്ടുള്ളതു്. ഞാൻ സിനഗോഗിലും, ദേവാലയത്തിലും, യഹൂദന്മാർ തടിച്ചുകൂടുന്ന സ്ഥലങ്ങളിലും വെച്ചു മാത്രമേ പഠിപ്പിച്ചിട്ടുള്ളു. രഹസ്യമായി യാതൊന്നും ഞാൻ പ്രസംഗിച്ചിട്ടില്ല. പിന്നെ നിങ്ങൾ എന്തിനു് എന്നോടു ചോദിക്കുന്നു? എന്റെ പ്രസംഗങ്ങളും പഠനങ്ങളും കേട്ടവരോടു ചോദിക്കുക." ക്രിസ്തുവിന്റെയും അന്നാസിന്റേയും മനോഭാവത്തിലുള്ള വ്യത്യാസത്തെ എടുത്തുകാണിക്കുവാൻ ക്രിസ്തു ഇഷ്ടപ്പെട്ടുവെന്നു "ഞാൻ" എന്ന പദത്തിന്റെ ആവർത്തനത്തിൽനിന്നൂഹിക്കാം. അതെ—ക്രിസ്തു ഈവിധം വിചാരിച്ചിരിക്കാം: "ഈ നാമമാത്ര വിചാരണയും കുടിലമായ ഗൂഢാലോചനയും നിന്നെപ്പോലെയുള്ള വക്രബുദ്ധികൾക്കു യോജിച്ചതാണ്. എന്റെ പഠനങ്ങളിൽ യാതൊരു രഹസ്യവും അടങ്ങിയിട്ടില്ല. ആരിൽനിന്നും മാച്ചുവെക്കേണ്ട യാതൊന്നും ഞാൻ ചെയ്തിട്ടില്ല. ഞാൻ പട്ടണങ്ങൾ. ഗ്രാമങ്ങൾ, തടാകതീരങ്ങൾ തുടങ്ങിയ പരസ്യസ്ഥലങ്ങളിൽ വച്ചേ പ്രസംഗിച്ചിട്ടുള്ളു."

അന്നാസ് തലതാഴ്ത്തി. ക്രിസ്തുവിന്റെ ധീരവും നിഷ്കളങ്കവുമായ പ്രത്യുത്തരം അന്നാസിന്റെ കപടഹൃദയത്തെ ഗാഢമായി സ്പർശിച്ചു. വേദന സഹിക്കാതെ അതു കിടന്നു പിടഞ്ഞു. ക്രിസ്തു വലിച്ചു പുറത്തിട്ട കപടഭക്തി അന്നാസിനെ നോക്കി പരിഹസിച്ചു തന്റെ ജീവിതഗ്രന്ഥത്തിന്റെ പഴയ ഏടുകളെ യോരോന്നും ക്രിസ്തു മറിച്ചുനോക്കുകയാണോ എന്നു അന്നാസ് സംശയിച്ചു. ദിവ്യചൈതന്യം തടവിത്തുളുമ്പുന്നക്രിസ്തുവിന്റെ കണ്ണുകൾ തന്റെ ഹൃദയത്തിന്റെ അന്തർഭാഗത്തേക്കു കടന്നുചെന്നു് അവിടെ മൂടിവെച്ചിരിക്കുന്ന നിരവധി അപരാധങ്ങളെപ്പററി ചോദ്യംചെയ്യുകയാണോ എന്നു അന്നാസിനു തോന്നി. പല കുററവാളികളേയും അന്നാസ് വിസ്തരിച്ചിട്ടുണ്ടു. അവരോരോരുത്തരും അന്നാസിന്റെ സന്നിധിയിൽനിന്നു വിറച്ചിട്ടുള്ളതല്ലാതെ ആരുടെമുമ്പിലും അന്നാസിനു വിറയ്ക്കേണ്ടിവന്നിട്ടില്ല. ഇത്ര ധീരതയോടുകൂടി ചോദ്യം മുട്ടിച്ചുള്ള ഉത്തരം ആരും അന്നാസിനു നൽകിട്ടില്ല. അന്നാസ് പാവം!! വഞ്ചനയുടേയും, കൗടില്യത്തിന്റേയും, ദുരാലോചനയുടേയും ആകത്തുകയാണ് അദ്ദേഹം. അങ്ങനെയിരിക്കെ നസ്രത്തിലെ ആ ആശാരി നന്മസ്വരൂപനായ പ്രപഞ്ചശില്പിയാണെന്നു അന്നാസ് എങ്ങനെ അറിയും. മാപ്പപേക്ഷിക്കുന്ന കുററവാളികളുടെ ദീനരോദനം കേട്ടു് കാതു തഴമ്പിച്ചിട്ടുള്ള അന്നാസ് ഇന്നാദ്യമായിട്ടാണ് ഒരു "കുററക്കാരനു" കീഴ്പ്പെടേണ്ടിവന്നതു്.

അന്നാസിന്റെ പരിഭ്രമംകണ്ടു് സേവകന്മാരിലൊരുത്തൻ "ഈ വിധത്തിലാണോ പ്രധാനാചാര്യനോടു സംസാരിക്കുന്നതു്" എന്നു ചോദിച്ചു് ക്രിസ്തുവിന്റെ ചെകിട്ടത്തു് ആഞ്ഞടിച്ചു അടിയുടെ സ്വരം കേട്ടപ്പോൾ അന്നാസ് തലയുയർത്തി ഒന്നു നോക്കി; ഉള്ളുകൊണ്ടൊന്നു ചിരിച്ചു. പക്ഷെ ഒന്നും സംസാരിച്ചില്ല. എന്നാൽ ക്രിസ്തുവിന്റെ പ്രത്യുത്തരം അയാളെ ഒന്നുകൂടി ലജ്ജിപ്പിച്ചു. 'ഞാനെന്തെങ്കിലും തെററായി സംസാരിച്ചിട്ടുണ്ടെങ്കിൽ തെളിയിക്കുക; ഇല്ലെങ്കിൽ എന്നെ അടിച്ചതെന്തിനു?" വിസ്താരം കഴിഞ്ഞു. വിസ്താരത്തിൽ തടവുകാരന്റെ അപരാധങ്ങളല്ല; ന്യായാധിപന്റെ കുററങ്ങളാണ് വെളിക്കുവന്നതു്. അന്നാസിനു കിട്ടേണ്ടതു കിട്ടിയപ്പോൾ ഉടനെ രംഗത്തുനിന്നു പോയിക്കഴിഞ്ഞു. ക്രിസ്തുവിനെ മരണത്തിനു വിധിക്കേണ്ടതു കയ്യാഫാസിന്റെ കാര്യമാണ്; അതിനെ സ്ഥിരീകരിക്കേണ്ടതു റോമൻ ഗവർണ്ണറായ പീലാത്തോസുമാണ്. അതിനാൽ തനിക്കേതും കാര്യമില്ല എന്ന ഭാവത്തിലായിരുന്നു അന്നാസിന്റെ പോക്ക്.

ദ്രവ്യാഗ്രഹം, അതിമോഹം, അസൂയ, വിദ്വേഷം എന്നീ ദുർമ്മൂർത്തികളാണ് അവതരിച്ച ദൈവപുത്രനെ കൊല്ലുവാൻ ആയുധം ധരിച്ചതു്. എന്നാൽ അന്നാസിന്റെ വിദ്വേഷവും കപടഭക്തിയും അവയ്ക്ക് ഉന്മേഷം നൽകിക്കൊണ്ടിരുന്നുവെന്നതു പരമാർത്ഥംതന്നെ. ഇന്നു പലരിലും അന്നാസിന്റെ മനോഭാവം നഗ്നമായി കളിയാടുന്നതു കാണാം. അവരുടെ മനസ്സാക്ഷിയുടെ തിരശ്ശീലമേൽ ഗാഗുൽത്തായിലെ ആ ദുരന്തനാടകം ദിവസംപ്രതി അഭിനയിക്കപ്പെടുന്നുണ്ടു്. സ്വാർത്ഥോദ്ദേശ്യത്തിനുവേണ്ടി മതത്തിന്റെ മൗലികാദർശങ്ങളെ കണ്ടമാനം തകിടംമറിക്കുന്ന ആധുനികഅന്നാസുകളുടെ സംഖ്യ ഇന്നു കൂടിക്കൊണ്ടിരിക്കയാണ്. പക്ഷെ അന്നാസിനെപ്പോലെ അവരും അപജയത്തിന്റെ അത്യഗാധതയിലേക്കു ഒരുദിവസം മറിഞ്ഞുവീഴാതെ തരമില്ല.

Sathya Deepam

Vol. 24 Ernakulam December 6 1950 No. 16

# പ്രിത്തോറിയം

(എം. ഒ. ജോസഫ്, നെട്ടങ്കുന്നം)

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലിസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ

ജപമാലയിലെ ദുഃഖകരമായ രഹസ്യങ്ങളിൽ രണ്ടാമത്തേതും മൂന്നാമത്തേതും, മിശിഹാ പീലാത്തോസിന്റെ അരമനയിൽവെച്ചു ചമ്മട്ടികളാൽ അടിക്കപ്പെട്ടതും, മുൾമുടി ധരിപ്പിക്കപ്പെട്ടതുമാണല്ലോ. ഈശോയെ തടവുകാരനായി പിടിച്ച യഹൂദന്മാർ കയ്യേപ്പായുടെ അടുക്കൽനിന്നും അദ്ദേഹത്തെ പ്രത്തോറീനിലേക്കു കൊണ്ടുവന്നുവെന്നും, പീലാത്തോസ് പരിശോധനയ്ക്കുശേഷം ഈശോയെ പുറത്തുകൊണ്ടുവന്നു എബ്രായഭാഷയിൽ ഗബ്ബാത്താ എന്നു പേരുള്ളതും ലിത്തസ്ത്രോട്ടോസ് എന്നു വിളിക്കപ്പെടുന്നതുമായ ഒരു സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നുവെന്നും വിശുദ്ധ യോഹന്നാൻ പ്രസ്താവിക്കുന്നു. സുവിശേഷകന്മാരായ മത്തായിയും മർക്കോസും പീലാത്തോസിന്റെ കച്ചേരിയെ പ്രത്തോറീൻ എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്.

പ്രത്തോറീൻ എന്നു സുറിയാനിയിലും പ്രെത്തോറിയും എന്നു ലത്തീനിലും പറയപ്പെടുന്ന പദങ്ങൾക്കു പ്രത്തോരുടെ, അഥവാ ഗവർണ്ണരുടെ, ശിബിരം എന്നുമാത്രമേ അർത്ഥമുള്ളു. ക്രമേണ, പരാതി കേട്ടു വിധി പ്രസ്താവിക്കുന്ന സൈനികസമിതികൾക്കും ഈ പേരുണ്ടായി. പിന്നീടു ഒരു പ്രാദേശിക ഗവർണരുടെ ഔദ്യോഗികവസതിയായ കൊട്ടാരത്തിനും ഈ പേരു നടപ്പായി. യൂദയായിലെ റോമൻ ഗവർണരായിരുന്ന പീലാത്തോസിന്റെ ഔദ്യോഗികവസതിയായിരുന്ന കെട്ടിടത്തെ ഉദ്ദേശിച്ചാണു സുവിശേഷകന്മാർ പ്രത്തോറീൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നതു്.

യൂദയായിലെ രാജാവായി റോമാക്കാർ പ്രതിഷ്ഠിച്ച ഹേറോദേശു ജറൂസലം ദേവാലയത്തോടു തൊട്ടടുത്തു് മനോഹരമായ ഒരു കൊട്ടാരം പണികഴിപ്പിച്ചു എന്നും, ഏതൽക്കാല റോമൻ ചക്രവർത്തിയുടെ ബഹുമാനാർത്ഥം അതിനു അന്റോണിയാ എന്നു നാമകരണം ചെയ്തുവെന്നും മുൻ ഒരു ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ.

ഹേറോദേശു രണ്ടു കൊട്ടാരങ്ങളാണു പണികഴിപ്പിച്ചതു്. അവയിൽ ഒന്നു എസ്ദ്രാസ് ദീർഘദർശി പ്രസ്താവിക്കുന്ന ബാറിയാഗോപുരം നിന്ന സ്ഥാനത്തായിരുന്നു. 350 അടി നീളവും 130 അടി വീതിയുമുള്ളതും ബാറിയാശില എന്നറിയപ്പെടുന്നതുമായ ഒരു പാറയുടെ പുറത്തായിരുന്നു ഈ ഗോപുരം നിർമ്മിക്കപ്പെട്ടിരുന്നതു്. ഈ പാറയുടെ തെക്കുഭാഗം തൂക്കായി 30 അടി വെട്ടിത്താഴ്ത്തിയിരുന്നു. ഇവിടെനിന്നും ദേവാലയത്തിന്റെ വടക്കു പടിഞ്ഞാറേ കോണിലേക്കു നൂറുവാരയിലധികം ദൂരമുണ്ടായിരുന്നില്ല. ഈ പാറയുടെ വടക്കുഭാഗത്തു് 200 അടി വീതിവരുന്ന ഒരു കിടങ്ങും, അതിനപ്പുറത്തു് ബസീത്താ മലയും ആയിരുന്നു.

ഈ പാറപ്പുറത്തു് ഹേറോദേശു് പണിത കൊട്ടാരമാണു് അന്റോണിയാ എന്ന പേരിൽ അറിയപ്പെട്ടതു്. കൊട്ടാരത്തിനും ദേവാലയത്തിനും ഇടയ്ക്കുള്ള സ്ഥലത്തെ ഹേറോദേശു രണ്ടു മണ്ഡപങ്ങളാക്കിത്തീർത്തു. ഇവയിൽ ഉൾമണ്ഡപത്തിനാണു പ്രത്തോറീൻ എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നതു്. റോമൻ ഗവർണ്ണർ കച്ചേരി നടത്തിയിരുന്നതു് ഇവിടെയാണു്. മറേറ മണ്ഡപത്തെയാണു് എബ്രായഭാഷയിൽ ഗബ്ബാത്താ എന്നു പേരുള്ളതും ലിത്തസ്ത്രോട്ടോസ് എന്നു വിളിക്കപ്പെടുന്നതുമായ ഒരു സ്ഥലം എന്നു വിശുദ്ധ യോഹന്നാൻ പറഞ്ഞിരിക്കുന്നതു്. ഗബ്ബാത്താ (സുറിയാനിയിൽ ഗ്ഫീഫത്താ) എന്ന പദത്തിന്റെ അർത്ഥം ഉയർന്നതു് എന്നുമാത്രമേയുള്ളു. നഗരവീഥികളിൽനിന്നു് ഏതാണ്ടു് 50 അടി ഉയരത്തിലുള്ള ഒരു തട്ടിൽ സ്ഥിതിചെയ്യുന്ന ഈ മണ്ഡപത്തിനു് അന്വർത്ഥമായ ഒരു പേരാണിതു്.

ബാറിയാശില ജറൂസലേമിലെ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലമാണു്. യഹൂദന്മാരുടെ പ്രാചീനമായ—പാക്ഷ്ലേമ്മാർ നിർമ്മിച്ച—ഒരു കൊട്ടാരം അവിടെ ഉണ്ടായിരുന്നു. ശിമയോൻ മക്കബായ അതിനെ നന്നാക്കി അവിടെത്തന്നെ താമസമാക്കിയിരുന്നു. ഹേറോദേശു രാജാവായപ്പോൾ അതിനെ വിപുലപ്പെടുത്തി ഗംഭീരമായ ഒരു സദനം അവിടെ പണികഴിപ്പിച്ചു. ഹേറോദേശു തന്റെ സകല കഴിവുകളും വിനിയോഗിച്ച ഒരു കൊട്ടാരമാണു് ഇതെന്നത്രേ യഹൂദചരിത്രകാരനായ ജോസഫൂസ് പ്രസ്താവിക്കുന്നതു്. ടൈററസിന്റെ ഭടന്മാർ ഇതിനെ നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു. കയ്യേപ്പാസിന്റെ ഭവനവും പീലാത്തോസിന്റെ പ്രിത്തോറിയവും "കുരിശിൽ തറയ്ക്കപ്പെട്ടവന്റെ ശക്തിയാൽ ഈ ദിവസംവരെ നഷ്ടശിഷ്ടങ്ങളുടെ ഒരു കൂമ്പാരമായിരിക്കുന്നു" എന്നു് ഏ. ഡി. 340-ൽ ഓർശ്ലേമിലെ വിശുദ്ധ കൂറില്ലോസു തന്റെ അജഗണങ്ങളെ അനുസ്മരിപ്പിച്ചിരുന്ന വസ്തുത ഇവിടെ സ്മർത്തവ്യമാകുന്നു.

അന്റോണിയാ കൊട്ടാരം നശിച്ചുപോയെങ്കിലും അവിടെ നടന്ന അന്യായകർമ്മത്തെ അനുസ്മരിപ്പിച്ചുകൊണ്ടു അതിന്റെ ചില അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണു്. കൊട്ടാരത്തിലേക്കു കടക്കുന്നതിനു മൂന്നു പ്രവേശനദ്വാരങ്ങളോടുകൂടിയ ഒരു പടിവാതിൽ ആണുണ്ടായിരുന്നതു്. അതിന്റെ ചില നഷ്ടശിഷ്ടങ്ങൾ അവശേഷിച്ചിട്ടുണ്ടു്. 20 അടി വീതി ഉണ്ടായിരുന്ന നടുവിലത്തെ വാതിലിനു എച്ചേ ഹോമോ (ഇതാ മനുഷ്യൻ) കമാനം എന്നു പേരുണ്ടായി. ഇതിനു തൊട്ടു വടക്കുവശമുണ്ടായിരുന്ന ചെറിയ കമാനം ഉള്ളിലാക്കിയാണു എച്ചേ ഹോമോപള്ളി നിർമ്മിച്ചിരിക്കുന്നതു്. ഇതിനു കിഴക്കുഭാഗത്തായി, 130 അടി നീളത്തിലും 6 അടി വീതിയിലും, 15 ഇഞ്ചു് ഘനമുള്ള ചതുരക്കല്ലുകൾ പാകിയിട്ടുള്ള ഒരു മണ്ഡപമുണ്ടു്. ക്രിസ്തുവിന്റെ പരസ്യവിസ്താരം നടന്ന ഗബ്ബാത്താ അങ്കണമാണിതു്.

സിതിമറിയാം എന്ന പേരിൽ അറിയപ്പെടുന്ന പടിവാതിൽക്കൽനിന്നു പട്ടണത്തിന്റെ മദ്ധ്യത്തിലേക്കു കിടക്കുന്ന അതേപേരോടുകൂടിയ തെരുവീഥിയുടെ വലത്തുഭാഗത്തു്, ഇപ്പോഴത്തെ ടർക്കിഷ് ബാറക്സിലേക്കു കയറുന്നതിനുള്ള നടയുടെ ചുവട്ടിൽ ഒരു വാതിൽ ഉണ്ടു്. ഇതിലൂടെ പ്രവേശിച്ചാൽ ഫ്രാൻസിസ്കൻ സന്യാസാശ്രമത്തിലെത്താം. ഈ ആശ്രമത്തിന്റെ ഉള്ളിൽക്കൂടി കടന്നാൽ ഫ്ളജല്ലേഷൻ കപ്പേളയിൽ ചെന്നു ചേരാം. നമ്മുടെ കർത്താവിനെ, യഹൂദന്മാരുടെ തൃപ്തിക്കുവേണ്ടി, റോമൻ പടയാളികൾ ചമ്മട്ടികൊണ്ടടിച്ച സ്ഥലത്തു നിർമ്മിച്ചിരിക്കുന്നതിനാൽ ഈ കപ്പേളയ്ക്കു് ഈ പേരുണ്ടായി.

1180-ൽ വരച്ചിട്ടുള്ള ജറൂസലേമിന്റെ ഒരു ഭൂപടത്തിൽ ഈ സ്ഥലത്തെ Hic flagellatus est Jhesus (ഇവിടെ ഈശോ കശാഘാതമേററു) എന്നു അടയാളപ്പെടുത്തിയിട്ടുണ്ടു്. ഫ്രാൻസിസ്കൻ സന്യാസിമാരാണു് വളരെക്കാലത്തേക്കു് ഈ സ്ഥലത്തിന്റെ സംരക്ഷണം വഹിച്ചിരുന്നതു്. 1618-ൽ അതു് അവരിൽനിന്നു് അപഹൃതമായി. പിന്നീടു് ഈ കപ്പേള ഒരു തൊഴുത്തും അനന്തരം ഒരു നെയ്ത്തുകാരന്റെ ഷാപ്പുമായി; ഒടുവിൽ നശിക്കുകയും ചെയ്തു. 1838-ൽ ഈ സ്ഥലം ഫ്രാൻസിസ്കൻ സന്യാസിമാർക്കു തിരിച്ചുകിട്ടിയപ്പോൾ, ബവേറിയായിലെ പ്രഭുവിന്റെ ഔദാര്യഫലമായി, അവിടെ ഒരു പുതിയ കപ്പേള നിർമ്മിതമായി.

ഫ്ളജല്ലേഷൻ കപ്പേളയുടെ ഒരു 100 അടി പടിഞ്ഞാറു മാറിയാണു വിധിയുടെ കപ്പേള സ്ഥിതിചെയ്യുന്നതു്. 1904-ൽ പുതുക്കിപ്പണിതതാണു ഇന്നു കാണുന്ന കപ്പേള. നമ്മുടെ കർത്താവിനെ മുൾമുടി ധരിപ്പിച്ച സ്ഥലത്തു പന്ത്രണ്ടാം നൂററാണ്ടിൽ ഒരു കപ്പേള സ്ഥാപിച്ചതു് ഇന്നും വലിയ കേടുകൂടാതെ സ്ഥിതിചെയ്യുന്നുണ്ടു്. മുൾമുടിധരിപ്പിക്കപ്പെട്ട സ്ഥലത്തു സ്ഥിതിചെയ്യുന്നുവെന്നതൊഴിച്ചാൽ മററു യാതൊരു പ്രത്യേകതയും പറയുവാനില്ലാത്തവണ്ണം, അത്ര അനാഡംബരമായ ഒരു ചെറിയ കപ്പേളയാണിതു്. ഇന്നു് ഇതു മുസ്ലീമിങ്ങളുടെ കൈവശമാണു്. ക്രിസ്ത്യാനികൾ അവിടെ പ്രവേശിക്കുന്നുമില്ല.

അന്റോണിയാ കൊട്ടാരം സ്ഥിതിചെയ്തിരുന്ന സ്ഥാനത്തു "സാങ്താസോഫിയാ" എന്ന നാമധേയത്തിൽ, അതിമനോഹരവും ബൃഹദാകാരവുമായ ഒരു ബസലിക്കാ നാലാം നൂററാണ്ടിൽ ഉണ്ടായിരുന്നു. 'നമ്മുടെ കർത്താവിന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തശേഷം, അവിടുത്തെ ചമ്മട്ടികൊണ്ടടിച്ച" സ്ഥലം ഈ ബസ്സിക്കായിലെ ഒരു കപ്പേളയായിരുന്നു. ഏ. ഡി. 436-ൽ ഈ ബസ്സീക്കാ ഉണ്ടായിരുന്നു എന്നതിനു ചരിത്രരേഖകളുണ്ടു. ഏ. ഡി. 454-ൽ ഇബേരിയാക്കാരനായ പത്രോസു് ഗാഗുൽത്തായിൽനിന്നു ഈ ബസ്ലീക്കായിലേക്കു പോയതായി രേഖപ്പെടുത്തിയിട്ടുണ്ടു്. 614-ൽ ഈ ദേവാലയം നശിപ്പിക്കപ്പെട്ടു. പിന്നീടു വളരെക്കാലത്തേക്കു ഈ സ്ഥലം ക്രൈസ്തവേതരരുടെ ഹസ്തങ്ങളിലായിരുന്നു. പന്ത്രണ്ടാമത്തെ നൂററാണ്ടിൽ ഏതദ്ദേശീയ ക്രിസ്ത്യാനികൾ ഈ സ്ഥലം കൈവശപ്പെടുത്തി നിർമ്മിച്ചതാണു് ഇന്നു കാണുന്ന ഫ്ളജല്ലേഷൻ കപ്പേള.

സാങ്താ സോഫിയാ ദേവാലയം 12-ാം നൂററാണ്ടിൽ പുതുക്കിപ്പണിതെങ്കിലും ക്രമേണ തുർക്കികൾ അതിനെ അവരുടെ ഒരു കച്ചേരിയാക്കി രൂപാന്തരപ്പെടുത്തി. ഒടുവിൽ 1832-ൽ അതു നിലംപരിശാക്കി തൽസ്ഥാനത്തു നിർമ്മിച്ചിട്ടുള്ളതാണു് ഇന്നു കാണുന്ന ടർക്കിഷ് ബാരക്സ്. ബാറിയാശിലയിൽ അന്റോണിയാ കൊട്ടാരം സ്ഥിതിചെയ്തിരുന്ന സ്ഥാനത്തുതന്നെയാണു് ഇതു നിലകൊള്ളുന്നതു്. പക്ഷേ രാജയോഗ്യവും കലാസുന്ദരവുമായിരുന്ന അന്റോണിയാക്കൊട്ടാരമെവിടെ? കേവലം പട്ടാളപ്പാളയമായി പണികഴിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബാരക്സ് എവിടെ?

ക്രിസ്തുവിനെ ചമ്മട്ടികൊണ്ടു് അടിക്കുന്നതിനുമുൻപു് ഒരു കൽത്തൂണിൽ ബന്ധിക്കയുണ്ടായല്ലോ. പ്രസ്തുതകൽത്തൂൺ ഇപ്പോൾ കബറിടദേവാലയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ഒരു ഭാഗം പൊട്ടിപ്പോയിട്ടുണ്ടു്. വിശ്വാസികളുടെ സമാദരപ്രകടനങ്ങൾക്കായി വലിയ ആഴ്ച മുഴുവനും ഇതു പ്രദർശിപ്പിക്കപ്പെടാറുണ്ടു്.

അധികാരത്തിൽ പററിപ്പിടിച്ചിരിക്കുവാൻ വ്യഗ്രത പൂണ്ടിരുന്ന പീലാത്തോസു, യഹൂദന്മാരുടെ ഭീഷണികേട്ടു ചഞ്ചലചിത്തനായി. നിഷ്കളങ്കനെന്നു തനിക്കു ഉത്തമബോദ്ധ്യം വന്ന ഈശോയെ മരണശിക്ഷയ്ക്കു വിധിച്ചു. ആ വിധി എഴുതിയ പ്രിത്തോറിയം, വിശുദ്ധ കൂറില്ലോസു പറയുന്നതുപോലെ, "കുരിശിൽ തറയ്ക്കപ്പെട്ടവന്റെ ശക്തിയാൽ" നശിച്ചു നാമാവശേഷമായി. പീലാത്തോസോ? സമരിയാക്കാരുടെ ഒരു ആവലാതിക്കു സമാധാനം പറയുവാൻ ചക്രവർത്തി അയാളെ റോമിലേക്കു ക്ഷണിച്ചു. തന്നെ അഭിമുഖീകരിക്കുവാൻ പോകുന്ന അപമാനത്തെ ഭയന്നു അയാൾ ടൈബർ നദിയിൽ ചാടി ആത്മഹത്യചെയ്തുവത്രേ. യൂദാസിന്റെ അടുത്ത പിൻഗാമി! മൃതശരീരം അജ്ഞാതമായ ഏതോ മലയുടെ ഗഹ്വരത്തിലേക്കു എറിയപ്പെട്ടുവെന്നാണു് ഒരുപുരാവൃത്തം.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

ബാലു —— No.2 —— By. ശിവറാം....

